

# സത്യദൂതൻ

2013 ജൂൺ | ലക്കം 6

വില ₹ 20



ഖുത്വ്ബ:
തബ്‌ലീഗ് രംഗം ഊർജിതപ്പെടുത്തുക





## ദൈവ സാമീപ്യത്തിനുള്ള വഴികൾ

## രാഷ്ട്രം, സമൂഹം, ഖിലാഫത്ത്


USA


Masjid Mubarak Qadian, India


The Sathyadoothan Monthly


لا إله إلا الله محمد رسول الله

# സത്യദൂതൻ

2013 ജൂൺ
ഹി.ശ.1392 - എഹ്സാൻ
1434 - റജബ് - ശഅ്ബാൻ
പുസ്തകം 85 ലക്കം 6
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്വ്ബ
**തബ്ലീഗ് രംഗം ഊർജിതപ്പെടുത്തുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)



**14**
**മൂങ്ങ: അസാധാരണമായ ഒരു ദൈവിക സൃഷ്ടി**
മിർസാ താഹിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് നാലാമൻ

**17**
**യാതനകളും പീഢകളും എന്തുകൊണ്ട്?**
ഡോ. ഇഫ്തിഖാർ അഹ്മദ് അയാസ്



**20**
**ദൈവ സാമീപ്യത്തിനുള്ള വഴികൾ**
മുഹമ്മദ് ഉമർ എച്ച്.എ.

**23**
**ഖിലാഫത്ത് പ്രക്ഷോഭവും യഥാർഥ ഖിലാഫത്തും**
പ്രൊഫ. മഹ്മൂദ് അഹ്മദ്
ഇസ്ലാമിനെആത്മാർഥമായി സ്നേഹിച്ച ഒരു സംഘം മുസ്ലികൾ ഖിലാഫത്തിന് വേണ്ടി കേരളത്തിൽ നടത്തിയ പ്രക്ഷോഭം വേദനാജനകമായ ഒരു പരാജയമായി കലാശിക്കുകയായിരുന്നു.

**27**
**രാഷ്ട്രം, സമൂഹം, ഖിലാഫത്ത്**
എ. എം .മുഹമ്മദ് സലീം
ഇസ്ലാം മതത്തെ ഒരിക്കലും ഒരു രാഷ്ട്രമാക്കി മാറ്റാൻ സാധ്യമല്ല. ഇസ്ലാം വിഭാവനചെയ്യുന്നത് ഒരു ആഗോള സ്ഥാപനമാണ്. അതാണ് ആധുനിക യുഗത്തിൽ ദൈവേച്ഛയാൽ സ്ഥാപിതമായ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്.

**32**
**സർ സയ്യിദ് അഹ്മദ് ഖാനും അഹ്മദിയ്യാ ജമാഅത്തും**
എൻ. അബ്ദുർറഹീം
പ്രാർഥനക്ക് ഫലമില്ലെന്നും ദൈവം അതിനോട് പ്രതികരില്ലെന്നും വിധി പ്രകൃതിനിർണ്ണിതമാണെന്നും അത് മാറ്റാൻ പ്രാർഥനക്കാകില്ലെന്നും വാദിച്ച സർ സയ്യിദ് അഹ്മദ് ഖാനുമായി ഹദ്റത്ത് അഹ്മദ്(അ)നടത്തിയ ആത്മീയ സമരത്തിന്റെ വിവരണം.

**36**
**മുസ്തഫാ കമാൽ പാഷ ഇസ്ലാമിനെതിരെ ആഞ്ഞടിക്കുന്നു**
ഏ.ക്യു. മഹ്ദി
പാശ്ചാത്യ ഭ്രമക്കാരനായ കമാൽ പാഷ ഇസ്ലാമിക ചിഹ്നങ്ങൾ തുർക്കിയിൽ നിന്ന് തുടച്ചുനീക്കാൻ ആവുന്നതും ശ്രമിച്ചു. അതോടൊപ്പം ഹംഫർ എന്ന ബ്രിട്ടീഷ് ചാരനും തുർക്കി സാമ്രാജ്യത്തെയും ഇസ്ലാമിനെയും നശിപ്പിക്കാൻ ശ്രമങ്ങൾ നടത്തി.

**39**
**ഖലീഫത്തുൽ മസീഹിന്റെ സന്ദേശം നെഹ്റുവിനെത്തിച്ച വനിതാ പത്രപ്രവർത്തക**

**40**
**ഇസ്ലാമിന്റെ ദിവ്യാദ്ഭുതം**
മുസാഫിർ

**42**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവരെ അവർക്ക് മുമ്പുണ്ടായിരുന്നവരെ ഖലീഫമാരാക്കിയത് പോലെ ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായിട്ട് താൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് ബലപ്പെടുത്തി കൊടുക്കുകയും അവരുടെ ഭയത്തിന് ശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു **(24: 56)**

## നബിവചനം



നിങ്ങളിൽ നിന്ന് അല്ലാഹു ഇച്ഛിക്കുന്നത് വരെ ഖിലാഫത്ത് നിലനിൽക്കുന്നതാണ്. പിന്നീട് അതിനെ അല്ലാഹു എടുത്ത് കളയും പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാവും അവൻ ഇച്ഛിക്കുന്നത് വരെ അത് നിലനിൽക്കും പിന്നീട് അതിനെ എടുത്ത് കളയും. പിന്നീട് പരുക്കൻ ഭരണകൂടങ്ങൾ വരും. അല്ലാഹു ഇച്ഛിക്കുന്നേടത്തോളം അത് നിലനിൽക്കും. അതിന് ശേഷം അത് എടുക്കപ്പെടും. പിന്നീട് സേച്ഛാധിപത്യ ഭരണകൂടം വരും. അല്ലാഹു ഇച്ച്ഛിക്കുന്നേടത്തോളം അത് നിലനിൽക്കും. പിന്നീട് അല്ലാഹു അതിനെ എടുത്ത് കളയും. അതിന് ശേഷം നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാ വുന്നതാണ്. ഇതിന് ശേഷം തിരുമേനി മൗനമവലംബിച്ചു. **(മിശ്കാത്ത്)**

## വാഗ്ദത്ത മസീഹിന്റെ വചനം



ആകയാൽ അല്ലെയോ പ്രിയന്മാരെ, പണ്ടു പണ്ടേ ദൈവത്തിന്റെ സുന്നത്ത് ഇതാണ് അവൻ രണ്ടു തരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നു. ഇങ്ങനെ ശത്രുക്കളുടെ രണ്ടു തരം ആഹ്ലാദാഭാസങ്ങളെയും അവൻ തകർത്തുകളയുന്നു. അത്കൊണ്ട് അല്ലാഹുവിന്റെ പണ്ടു പണ്ടേയുള്ള ആ രീതിമുറ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭവ്യമല്ല. ഞാനിപ്പോൾ നിങ്ങളോട് വിവരിച്ചുപറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഖിതരാവേണ്ടതില്ല. നിങ്ങൾ അസ്സ്വസ്ഥരാവുകയും വേണ്ട. എന്തു കൊണ്ടെന്നാൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അത് വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും . എന്തു കൊണ്ടെന്നാൽ അത് ശാശ്വതമാകുന്നു. അതിന്റെ പമ്പര ഖിയാമത്ത് നാൾ വരെ മുറിഞ്ഞു പോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദറത്ത് വരുന്നതല്ല. എന്നാൽ ഞാൻ പോയിക്കഴിഞ്ഞാൽ ദൈവം രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു'ബറാ ഹീൻ അഹ്മദിയ്യാ'യിൽ വാഗ്ദാനം ചെയ്തത് പ്രകാരം എന്നെന്നേക്കും നിങ്ങളോടൊപ്പമുണ്ടായിരിക്കും. ആ വാഗ്ദാനം എന്റെ വ്യക്തിത്വവുമായി ബന്ധപെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ച് വാഗ്ദാനമാകുന്നു. അല്ലാഹു പറയുന്നത് ഈ പ്രകാരമാണ് നിന്നെ പിൻ പറ്റിയ ജമാഅത്തിന് ഖിയാമത്ത് നാൾ വരെ മറ്റുള്ളവരുടെ മേൽ ഞാൻ വിജയം നൽകുന്നതാകുന്നു അതു കൊണ്ട് നിങ്ങളിൽ നിന്നും ഞാൻ വേർപെട്ടു പോകുന്ന ദിനം വരുന്നത് അനുപേക്ഷണീയമാകുന്നു. അതിന് ശേഷം ശാശ്വതമായ വാഗ്ദാനത്തിന്റെ നാളുകൾ വരാൻ വേണ്ടി നമ്മുടെ ദൈവം വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്നവനും കൂറുപുലർത്തുന്നവനും വിശ്വസ്തനുമായ ദൈവം ആകുന്നു. അവൻ വാഗ്ദാനം ചെയ്ത സകലതും തന്നെ അവൻ നിങ്ങൾക്ക് കാണിച്ചു തരുന്നതാകുന്നു **(അൽ വസിയ്യത്ത്)**

എഡിറ്റോറിയൽ

# ദശവർഷം പൂർത്തിയാക്കിയ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവരെ അവർക്ക് മുമ്പുണ്ടായിരുന്നവരെ ഖലീഫമാരാക്കിയത് പോലെ ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായിട്ട് താൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് ബലപ്പെടുത്തി കൊടുക്കുകയും അവരുടെ ഭയത്തിന് ശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു (24: 56)

2003ഏപ്രിൽ 22-ാം തീയതി ഖലീഫത്തുൽ മസീഹ് നാലാമൻ ദിവംഗതനായതിനെ തുടർന്നാണ് 2003 ഏപ്രിൽ 24-ാം തീയതി ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)തൽസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ടത്. ഒരു ഖലീഫ ദിവംഗതനായി നേതൃശൂന്യത അനുഭവപ്പെടുന്ന അവസ്ഥ, വിശ്വാസിൾക്ക് ഭയാശങ്കകളുടെ അസ്വസ്ഥ ജനകമായ നിമിഷങ്ങളാണ്. സത്യവിശ്വാസികൾ പ്രാർഥനയിലും ദൈവസ്മരണയിലും മുഴുകുന്ന ഈ സംക്രമണ മുഹൂർത്തത്തിൽ കാർ മേഘപാളികൾക്കിടയിൽ നിന്നും പൂർണ ചന്ദ്രൻ പുറത്തേക്ക് വരുന്നത് പോലെ വിശ്വാസികൾക്ക് ആഹ്ലാദവും സമാധാനവും ചാരിതാർത്ഥ്യവും നൽകിക്കൊണ്ട് പുതിയ ഖലീഫ അവരോധിതനാകുന്നു. അല്ലാഹു ഖുർആനിൽ വിവരിക്കുന്ന ഈ വാഗ്ദാന പൂർത്തീകരണത്തിന്റെ ആനുഭൂതി സാന്ദ്രമായ ഹൃദയാനുഭവങ്ങൾ ഇന്ന് അഹ്മദികൾ മാത്രം അനുഭവിക്കുന്ന ഒരു ആത്മീയ യാഥാർഥ്യമാണ്. അഹ്മദിയ്യാ ഖിലാഫത്തിന്റെ അഞ്ചാം ഖലീഫയായി ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) സ്ഥാനാരോഹിതനായ നിമിഷം മുതൽ മസീഹിന്റെ ഖലീഫ ഇസ്ലാമിന്റെ പ്രവചിതമായ ആഗോള വിജയത്തിനായി ദൈവസമർപ്പിതനായി വിശ്രമമെന്തന്നറിയാതെ കഠിനമായ കർമകാണ്ഡങ്ങളുടെ ഐതിഹാസികമായ അദ്ധ്യായങ്ങൾ എഴുതി ചേർക്കുകയയാണ്.

ഇസ്ലാമിന്റെ പ്രതിച്ഛായ ഏറ്റവും കളങ്കിതമായ ഒരു കാലഘട്ടത്തിലായിരുന്നു ഖലീഫത്തുൽ മസീഹ് സ്ഥാനാരോഹണം ചെയ്തത്. സമാധാനത്തിന്റെ രാജകുമാരനായ റസൂൽ തിരുമേനി(സ)യുടെ ഇസ്ലാം മതം ഭീകരതയുടെയും തീവ്രവാദത്തിന്റെയും സംഘർഷങ്ങളുടെയും പര്യായമായി ആഗോള തലത്തിൽ പ്രചരിക്കപെടുകയാണ്. സ്വാഭാവികമായും ഈ ഇസ്ലാം വിരുദ്ധതക്കെതിരെയുള്ള ആഗോള വ്യാപകമായ ആശയ സമരമായിരുന്നു അദ്ദേഹത്തിന്റെ കർമപരിപാടികളിൽ മുൻഗണന ലഭിച്ചത്. സമാധാനത്തിന്റെ മറുവാക്കായ ഇസ്ലാം മതത്തിന്റെ സമാധനത്തിനോടുള്ള അഗാധമായ പ്രതിബദ്ധത ലോകത്തിന്ന് മനസ്സിലാക്കിക്കൊടുക്കുവാൻ അദ്ദേഹം ലോകതലസ്ഥാനങ്ങളിലേക്കും നഗര ങ്ങിളിലേക്കും ഇസ്ലാമിന്റെ സമാധന ദൂതുമായി യാത്രകളാരംഭിച്ചു. ലോകത്ത് അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായ രാജ്യങ്ങളിലെല്ലാം ഭരണാധികാരികൾ രാഷ്ട്രീയ നേതാക്കന്മാർ ബുദ്ധിജീവികൾ, പത്രപ്രവർത്തകന്മാർ. മനുഷ്യാവകാശ പ്രവർത്തകർ പരിസ്ഥിതി പ്രവർത്തകർ എന്നിങ്ങനെ സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ട പ്രമുഖരെ പ്രത്യേകം ക്ഷണിച്ച് സമാധാനത്തിനും സൗഹൃദത്തിനും വേണ്ടിയുള്ള നാഷനൽ പീസ് കാമ്പയിനുകൾ സംഘടിപ്പിക്കാൻ ജമാത്തിന് നിർദ്ദേശം നൽകി. യൂറോപ്പിൽ ഇത് വലിയ തോതിലുള്ള പ്രതികരണങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. 2009 ൽ സമാധാനത്തിനും മനുഷ്യാവകാശ പ്രവർത്തനങ്ങളും നടത്തുന്ന വ്യക്തികൾക്കും സംഘടനകൾക്കും '**അഹ്മദിയ്യ മുസ്ലിം പ്രൈസ് ഫോർ അഡ്വാൻസ്മെന്റ് ഇൻ പീസ്**' എന്ന അന്താരാഷ്ട്രാ പുരസ്കാരം നൽകാനും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തീരുമാനിക്കുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങളാൽ ബ്രിട്ടൻ, അമേരിക്ക, കാനഡ മുതലായ പാശ്ചാത്യ നാടുകളിലെ പല പാർലമെന്റുകളും ഖലീഫത്തുൽ മസീഹിനെ ആദരിക്കുകയും അദ്ദേഹത്തിന്റെ ഇസ്ലാമിക പ്രഭാഷണങ്ങൾ ശ്രദ്ധാപൂർവം കേൾക്കുകയുമുണ്ടായി.

ദരിദ്രരാജ്യങ്ങളുടെ മോചനം ഖലീഫത്തുൽ മസീഹിന്റെ സവിശേഷമായ ഒരു താൽപര്യവും അഭിനിവേശവുമാണ്. അഗ്രിക്കൾചറൽ എക്കണോമിക്സിൽ ബിരുദാനന്തര ബിരുദമുള്ള അദ്ദേഹം ആഫ്രിക്കയിലെ ദരിദ്ര രാജ്യങ്ങളിൽ കൃഷി വികസനത്തിനും പരിസ്ഥിതിസന്തുലനത്തിനും ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. ഖലീഫയായി തിരഞ്ഞെടുക്കു ന്നതിന്ന് മുമ്പ് ഘാനയിൽ പ്രവർത്തിക്കുമ്പോഴാണ് ഘാനൻ മണ്ണിൽ ആദ്യമായി അദ്ദേഹം ഗോതമ്പ് വിളയിച്ചത്. ഖലീഫത്തുൽ മസീഹിന്റെ കീഴിൽ ദരിദ്ര രാജ്യങ്ങളിൽ ഭക്ഷണം, ശുദ്ധജലം, വൈദ്യുതി, വികസനം മുതലായവ ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന 'ഇന്റർ നാഷനൽ അസോസിയേഷൻ ഫോർ അഹ്മദി ആർക്കിടെക്റ്റ്സ് ആന്റ് എഞ്ചിനീയറിംങ്ങ് (IAAAE), പ്രകൃതി ദുരന്തം, ജീവകാരുണ്യം, വികസനം എന്നിവക്ക് വേണ്ടിയുള്ള 'ഹ്യൂമാനിറ്റി ഫസ്റ്റ്'എന്നീ ആഗോള സേവന സംഘടനകൾ അഭൂതപൂർവമായ അംഗീകാരമാണ് അന്തർ ദേശീയ രംഗത്ത് നേടിയിരിക്കുന്നത്. പല പ്രകൃതി ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കും ഐക്യ രാഷ്ട്ര സഭ ഈ സംഘടനകളെയാണ് നേതൃത്വം എല്പ്പിക്കുന്നത് എന്നത് തന്നെ ഇതിന്റെ അംഗീകാരം വ്യക്തമാക്കുന്നു.

MTA എന്ന ടെലിവിഷൻ ചാനലിലൂടെ ആഗോള വിശ്വാസി സമൂഹത്തെ വെള്ളിയാഴ്ച്ച തോറും ജുമുഅ ഖുത്ബ വഴി അഭിസംബോധനം ചെയ്യുന്ന ഖലീഫത്തുൽ മസീഹ് മനുഷ്യ സമൂഹത്തിന്റെ അദ്ധ്യാത്മിക പുരോഗതിക്കും ഇസ്ലാമിക സമൂഹ നിർമിതിക്കും ചെയ്യുന്ന സേവനങ്ങൾ മറ്റാർക്കും ചെയ്യാൻ കഴിയാത്തതാണ്. ഖലീഫത്തുൽ മസീഹ് എന്ന ഈ അത്യുന്നത ആദ്ധ്യാത്മിക പദവിൽ ഒരു ദശ വർഷക്കാലം പൂർത്തിയാക്കിയ മിർസാ മസ്റൂർ അഹ്മദി (അയ്യദഹു.....)ന് അയുരാരോഗ്യങ്ങളും ദീർഘായുസ്സും അല്ലാഹുവിൽ നിന്നുള്ള സഹായവും ഉണ്ടാവട്ടെ എന്ന് പ്രാർഥിക്കുന്നു.



ഹദ്റത്ത് അഹ്മദ് (അ)

# ഖിലാഫത്തിന്റെ രണ്ടാം പ്രഭാവം

രണ്ട് വിധത്തിലുള്ള ശക്തി പ്രതിഭാസങ്ങൾ ദൈവം വെളിപ്പെടുത്തുന്നതാണ്. ഒന്നമതായി, നബിമാരുടെ കൈകൾ മുഖേന ദിവ്യശക്തിയുടെ ഹസ്തം കാണിക്കുന്നു. രണ്ടാമതായി നബി ദിവംഗദനായി കഴിഞ്ഞാലുള്ള വിഷമങ്ങളെ നേരിടേണ്ടി വരികയും ശത്രു വളരെ പ്രാബല്യം നേടുകയും പ്രവാചകന്റെ ദൗത്യം കുഴപ്പത്തിലായെന്നും ജമാഅത്ത് അഥാവാ പ്രസ്ഥാനം ഇ പ്പോൾ നശിക്കാൻ പോകുകയാണെന്നും ഉറച്ചു കൊണ്ട് അതിലെ ആളുകൾ തന്നെ ഭാവിയെ കുറിച്ച് സംശയാലുക്കളാകുകയും നിരാശപ്പെട്ടു തുടങ്ങുകയും അവരുടെ നടുവൊടിഞ്ഞ നിലയിൽ നിരവധി പേർ മതനിരാസത്തിലേക്കുള്ള വഴിയിൽ നീങ്ങുകയും ചെയ്യുമ്പോൾ സർ വ്വ ശക്തനായ ദൈവം രണ്ടാം തവണയും അതിന്റെ ഊക്കേറിയ അത്ഭുത ശക്തി വെളി പ്പെടുത്തുകയും തകർച്ചയിലെത്തിയ ജമാഅത്തിന്റെ കാലുറപ്പിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ അന്ത്യംവരെ സഹനം കൈകൊള്ളുന്നവർക്ക് ദൈവത്തിന്റെ ഈ അത്ഭുത ദൃഷ്ടാന്തം കാണാണ് കഴിയുന്നു.

ഹ്ദറത്ത് അബുബക്കർസിദ്ധീക്കി(റ)ന്റെ കാലത്ത് തിരു നബി(സ)യുടെ വിയോഗമുണ്ടായി അത് അകാല ചരമമായി കരുതപ്പെടുകയുണ്ടായി . വിവര ദോഷികളായ നിരവധി ബദവികൾ മുർത്തദുകളായി പ്പോവുകയും സഹാബിമാർ പോലും ദുഖഭാരം നിമിത്തം ഭ്രാന്ത് പിടി പെട്ടവരെ പോലെ ആയി മാറുകയും ചെയ്തിരുന്നു. ആ സന്നിഗ്ദ ഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ധീക്ക്(റ) നെ എഴുന്നേൽപ്പിച്ചു കൊണ്ട് വീണ്ടു മൊരിക്കൽ ദിവ്യശക്തിയുടെ ഹസ്തം നീട്ടിക്കൊടുക്കുകയും ഇസ്ലാമിന്റെ നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്തു. അങ്ങനെ ദൈവം , 'അവർക്കായി അവൻ തൃപ്തി പ്പെട്ട മതം അവർക്ക് അവൻ ശക്തിപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയപ്പാടിന്ന് ശേഷം അവർക്ക് സമാധാനവും രക്ഷയും പ്രദാനം ചെയ്യുകയും ചെയ്യും' എന്ന അവന്റെ വാഗ്ദാനം നിറവേറ്റുകയുമുണ്ടായി. ഇപ്രകാരം തന്നെ ഹദത്ത് മൂസ്സാ(അ)യുടെ കാലത്തും സംഭവിച്ചു. ബനീ ഇസ്റായിലിന്ന് വാഗ്ദാനം ചെയ്യപ്പെട്ട ലക്ഷ്യ സ്ഥാനത്ത്, പുണ്യ സ്ഥലത്ത് എത്തിപ്പെടുന്നതിന്ന് മുമ്പ് ഹദ്റത്ത് മൂസാ നബി (അ) മിസ്റിന്നും കൻആനിന്നും (പലസ്തീൻ്റെ) ഇടയിലുള്ള വഴിയിലൊരിടത്ത് വെച്ച് ദിവംഗതനാവുകയും അദ്ദേഹത്തിന്റെ വേർപ്പാട് ബനീ ഇസ് റായേൽകാരിൽ വലുതയ അലമുറകൾ സൃഷ് ടിക്കുകയും ചെയ്തു. ഹദ്റത്ത് മൂസാനബി (അയുടെ അപ്ര തീക്ഷിതമായ ഈ വേർപ്പാട് മൂലം ബനീ ഇസ്റാ യേൽകാർ നാൽപ്പത് നാൾ കരഞ്ഞുകൊണ്ട് ഇരുന്നുതായി തൗറാത്തിൽ (പഴയ നിയമം) എഴുതിയിരിക്കുന്നു. ഇത്പ്രകാരം തന്നെ ഹദ്റത്ത് ഈസാ നബി (അ) യുടെ കാര്യത്തിലും സംഭവിച്ചു. കുരിശു സംഭവ വേളയിൽ മുഴുവൻ ഹവാരികളും ഒറ്റതിരിഞ്ഞു പോകുകയും അവരിൽ ഒരാൾ മതം ഉപേക്ഷിക്കുകയും ചെയ്തു.

ആകയാൽ അല്ലേയോ പ്രിയന്മാരെ, പണ്ടു പണ്ടേ ദൈവത്തിന്റെ സുന്നത്ത് ഇതാണ് അവൻ രണ്ടു തരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നു. ഇങ്ങനെ ശത്രുക്കളുടെ രണ്ടു തരം ആഹ്ലാ ദാഭാസങ്ങളെയും അവൻ തകർത്തുകളയുന്നു. അത്കൊണ്ട് അല്ലാഹുവിന്റെ പണ്ടു പണ്ടേയുള്ള ആ രീതിമുറ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭവ്യമല്ല. ഞാനിപ്പോൾ നിങ്ങളോട് വിവരിച്ചു പറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഖിതരാവേണ്ടതില്ല. നിങ്ങൾ അസ്വസ്ഥരാവുകയും വേണ്ട. എന്തു കൊണ്ടെന്നാൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യ മാകുന്നു. അത് വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും . എന്തു കൊണ്ടെന്നാൽ അത് ശാശ്വതമാകുന്നു. അതിന്റെ പമ്പര ഖിയാമത്ത് നാൾ വരെ മുറിഞ്ഞു പോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദറത്ത് വരുന്നതല്ല. എന്നാൽ ഞാൻ പോയിക്കഴിഞ്ഞാൽ ദൈവം രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു'ബറാ ഹീൻ അഹ്മദിയ്യാ'യിൽ വാഗ്ദാനം ചെയ്തത് പ്രകാരം എന്നെന്നേക്കും നിങ്ങളോ ടൊപ്പമുണ്ടായിരിക്കും. ആ വാഗ്ദാനം എന്റെ വ്യക്തിത്വ വുമായി ബന്ധപെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ച് വാഗ്ദാനമാകുന്നു. അല്ലാഹു പറയുന്നത് ഈ പ്രകാരമാണ് നിന്നെ പിൻ പറ്റിയ ജമാഅത്തിന്ന് ഖിയാമത്ത് നാൾ വാരെ മറ്റുള്ളവരുടെ മേൽ ഞാൻ വിജയം നൽകുന്നതാകുന്നു അതു കൊണ്ട് നിങ്ങളിൽ നിന്നും ഞാൻ വേർപെട്ടു പോകുന്ന ദിനം വരുന്നത് അനുപേക്ഷണീയ മാകുന്നു. അതിന്ന് ശേഷം ശ്വാശതമായ വാഗ്ദാനത്തിന്റെ നാളുകൾ വരാൻ വേണ്ടി നമ്മുടെ ദൈവം വാഗ്ദാനങ്ങൾ പൂർത്തി യാക്കുന്നവനും,കൂറുപുലർത്തുന്നവനും വിശ്വസ്തനുമായ ദൈവം ആകുന്നു. അവൻ വാഗ്ദാനം ചെയ്ത സകലതും തന്നെ അവൻ നിങ്ങൾക്ക് കാണിച്ചു തരുന്നതാകുന്നു **(അൽ വസിയ്യത്ത്)**

# തബ്‌ലീഗ് രംഗം ഊർജിതപ്പെടുത്തുക



**(10 – 05 – 2013 ന് ഖലീഫത്തുൽ മസീഹ് അമേരിക്കയിൽ നിർവ ഹിച്ച ജുമുഅഖുത്വ്ബയുടെ സം ഗ്രഹം)**

**അ**ഹ്‌മദിയ്യാ ജമാഅത്ത് ലോകത്ത് വിജയിക്കും എന്നതാണ് നമ്മുടെ വാദം. അഹ്‌മദിയ്യത്ത് ഇസ്‌ലാമിൽ നിന്ന് വിഭിന്നമായ ഒന്നല്ല. യഥാർഥ ഇസ്‌ലാമാണ് അഹ്‌മദിയ്യത്ത്. അഹ്‌മദിയ്യത്താണ് യഥാർഥ ഇസ്‌ലാം. അഹ്‌മദികൾ മുസ്‌ലീംകളല്ലാ എന്ന് നമ്മുടെ എതിരാളികൾ എത്ര തന്നെ ഒച്ചവെച്ചാലും അല്ലാഹു ജമാഅത്തിന്റെ കൂടെയുണ്ട് എന്ന് അല്ലാഹുവിന്റെ പ്രവർത്തനം എപ്പോഴും തെളിയിച്ചു കാട്ടുന്നുണ്ട്. ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനം എവിടെ നിന്നെങ്കിലും ലോകത്തിന് ലഭിക്കുമെങ്കിൽ അത് തിരുനബി (സ) യുടെ പ്രിയ പ്രേമിയും അല്ലാഹു തആല തന്റെ വാഗ്ദാനപ്രകാരം ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിനായി നിയോഗിച്ച കാലത്തിന്റെ ഇമാമിൽ നിന്നും വാഗ്ദത്ത മഹ്ദീ മസീഹിൽ നിന്നുമാണ് ലഭിക്കുക. അദ്ദേഹം മുഖേനയാണ് ഇസ്‌ലാമിന്റെ പുനർജനനം ഉണ്ടാകുക.

അതിനാൽ യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം നൽകാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് തിരുനബി (സ) യുടെ യഥാർഥ പ്രേമിയാണ്. അഹ്‌മദിയ്യാ ജമാഅത്താണ് യഥാർഥ മുസ്‌ലീംകൾ എന്നും ഇസ്‌ലാമിനെ യഥാർഥ അർഥത്തിൽ പ്രതിനിധീകരിക്കുന്ന ജമാഅത്ത് ഇതാണെന്നും ഇന്നല്ലെങ്കിൽ നാളെ ലോകം അറിയുന്നതാണ്.

രണ്ട് ദിവസം മുമ്പ് ലോസ്ഏഞ്ചലസ് ടൈമിന്റെ പ്രതിനിധി വന്നിരുന്നു. അദ്ദേഹം ചോദിച്ച ചോദ്യം ഇതായിരുന്നു; നിങ്ങൾ അമേരിക്കയിൽ എണ്ണത്തിൽ കുറവാണല്ലോ മാത്രമല്ല ജനങ്ങൾ നിങ്ങളെ അറിയുകയുമില്ല. യഥാർഥ ഇസ്‌ലാമിന്റെ സമാധാന സന്ദേശമാണ് നിങ്ങൾ നൽകുന്നതെന്ന് നിങ്ങൾ വാദിക്കുന്നു. ഈ നാട്ടിൽ നിങ്ങൾക്കെങ്ങനെ ഇത് പ്രചരിപ്പിക്കാൻ സാധിക്കും? അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞത് ഇവിടെ അമേരിക്ക എന്ന രാജ്യത്തിന്റെ മാത്രം പ്രശ്നമല്ല ഞങ്ങളുടെ മുമ്പിലുള്ളത്. ഞങ്ങൾ അമേരിക്കയിലും ലോകത്ത് മറ്റെല്ലായിടത്തും നിങ്ങളുടെയൊ നിങ്ങളുടെ സന്താനങ്ങളുടെയോ ഹൃദയം വിജയിച്ചടക്കിക്കൊണ്ട് നിങ്ങളെ ഇസ്‌ലാമിന്റെ മടിത്തട്ടിൽ കൊണ്ടുവരുന്നതാണ്.

അദ്ദേഹം ഇത് മറ്റേതെങ്കിലും രീതിയിൽ പ്രസിദ്ധീകരിക്കുമോ എന്ന ആശങ്ക എനിക്കുണ്ടായിരുന്നു. എന്നാൽ ജുമുഅക്ക് വരുന്നതിനു മുമ്പ് അദ്ദേഹം നടത്തിയ ഇന്റർവ്യൂ പ്രസിദ്ധീകരിച്ചത് വായിക്കുകയുണ്ടായി. അദ്ദേഹം ശരിയായ രീതിയിൽ തന്നെ എല്ലാ കാര്യങ്ങളും എഴുതുകയുണ്ടായി.

അല്ലാഹുവിന്റെ വിധി പ്രവാചകന്മാരെ എപ്പോഴും സഹായിക്കുന്നതു പോലെ ഹദ്‌റത്ത് മസീഹ് മൗഊദ് (അ) നോടും അതേ രീതിയിൽ അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. ഞാൻ പറഞ്ഞതു പോലെ അല്ലാഹുവിന്റെ പ്രവർത്തനം ഓരോ നിമിഷവും ഇത് സത്യപ്പെടുത്തി കാണിച്ചു തരികയും ചെയ്യുന്നു. **കതബല്ലാഹു ലഅഗ്‌ലിബന്ന അന വ റുസുലീ** ഞാനും എന്റെ റസൂലും വിജയിക്കുന്നതാണെന്ന് അല്ലാഹു വിധിച്ചിരിക്കുന്നു എന്ന വിശുദ്ധ ഖുർആന്റെ വിശുദ്ധ വചനത്തെ

അല്ലാഹു എപ്പോഴും സത്യപ്പെടുത്തി കാണിച്ചതു പോലെ വാഗ്ദത്ത മസീഹിനോടും അല്ലാഹു ഇതേ വാക്കുകളിൽ വാഗ്ദാനം നൽകുകയും അദ്ദേഹത്തിന് വെളിപാട് ഇറക്കുകയും ചെയ്തതിനാൽ ഇതും അല്ലാഹു സത്യപ്പെടുത്തികാണിക്കുന്നതാണെന്ന് നാം അടിയുറച്ച് വിശ്വസിക്കുന്നു. കാരണം അദ്ദേഹമാണ് ഇക്കാലത്ത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തെ ലോകത്ത് വ്യാപിക്കുന്നതിനായി അല്ലാഹുവിൽ നിന്ന് നിയോഗിക്കപ്പെട്ടത്. അതിനാൽ തന്റെ ദീനിനെ വ്യാപിപ്പിക്കുന്ന തിനായി നിയോഗിച്ച തന്റെ വരിഷ്ഠ ദാസനെ സഹായിക്കില്ല എന്നത് അസംഭവ്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'അല്ലാഹുവും അവന്റെ റസൂലും വിജയിക്കും എന്ന് അല്ലാഹു പ്രാരംഭത്തിൽ തന്നെ എഴുതി വെച്ചിരിക്കുന്നു. മാത്രമല്ല ഇത് എന്റെ നിയമമാണെന്നും ചര്യയാണെന്നും വിധിക്കുകയും ചെയ്തിരിക്കുന്നു. ഞാൻ അവന്റെ റസൂൽ അഥവാ തിരഞ്ഞെടുക്കപ്പെട്ടവനാണ്, പുതിയ ഒരു ന്യായപ്രമാണവും പുത്തൻ വാദവും പുതിയ നാമവും ഇല്ലാതെ. ഖാത്തമുൽ അമ്പിയാ (സ) യുടെ നാമം സ്വീകരിച്ചു കൊണ്ട് അദ്ദേഹത്തിൽ ഉൾപ്പെട്ടുകൊണ്ട് അദ്ദേഹത്തിന്റെ പ്രതീകമായി വന്നിരിക്കുന്നു. അതുകൊണ്ട് ഞാൻ പറയുന്നത് ആരംഭകാലം തൊട്ട് അതായത് ആദമിന്റെ കാലം തൊട്ട് തിരുനബി (സ) യുടെ കാലം വരെ എപ്പോഴും മുൻ പറഞ്ഞ ആയത്ത് സത്യമായി പുലർന്നതു പോലെ ഇപ്പോൾ എനിക്ക് വേണ്ടിയും ഇത് സത്യമായി പുലരുന്നതാണ്.' പറയുന്നു: 'ഇവർ മുഖം തിരിച്ചതുകാരണം ആരംഭം മുതലുള്ള പ്രവാചകന്മാർ സത്യപ്പെടുത്തിയിട്ടുള്ള അല്ലാഹുവിന്റെ യഥാർഥ ലക്ഷ്യങ്ങളെ ഇവർക്ക് തടയാൻ സാധിക്കുമോ? ഇല്ല. ഇതെല്ലാം അടുത്ത് തന്നെ സത്യമായി പുലരാൻ പോകുന്നു. അല്ലാഹു പറയുന്നു: **കതബല്ലാഹു ലഅഗ്‌ലിബന്ന അന വ റുസുലീ**.

ജമാഅത്ത് ഏതെങ്കിലും അവസരത്തിൽ അല്ലാഹുവിന്റെ സഹായത്തിൽ നിന്ന് വിട്ടുനിർത്തപ്പെടുമോ എന്നതിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്ക് ഒരു കടുക്മണിത്തൂക്കം പോലും സംശയമില്ല. അതേ പോലെ ഒരു യഥാർഥ അഹ്മദിയും ഇതിൽ ഒരിക്കലും സംശയക്കില്ല. ഈ വിജയം ഉണ്ടാകുന്നതിലും സശയമില്ല. എന്നാൽ ഇവിടെ ഓരോ അഹ്മദിയും വ്യക്തമായി മനസ്സിലാക്കേണ്ടത് ഈ വിജയം എന്താണെന്നാണ്. ഭരണകൂടങ്ങളെ പിടിച്ചടക്കുന്നതാണോ വിജയം കൊണ്ട് ഉദ്ദേശിക്കുന്നത്? അല്ലെങ്കിൽ ഓരോ നാട്ടിലും അഹ്മദികൾ ഭൂരിപക്ഷമാകും എന്നതാണോ? ഇതും വിജയത്തിന്റെ ഒരു ഭാഗമാണെങ്കിലും വിജയം രണ്ട് രീതിയിലാണ് അല്ലാഹു നൽകാറുള്ളത്. ഒരു ഭാഗം അല്ലാഹുവിന്റെ പ്രവാചകന്റെ കാലത്താണ് നടക്കുക. പ്രവാചകൻ മുഖേനയാണ് നടക്കുക. മറ്റൊന്ന് പ്രവാചകന്റെ മരണത്തിന് ശേഷം അദ്ദേഹത്തിന്റെ അദ്ധ്യാപനം വ്യാപിക്കു ന്നതിലൂടെയും. ഇത് പിന്നീടാണ് നടക്കുക. ഇതിന്റെ വിശദീകരണം ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരമാണ് നൽകിയത്. "അല്ലാഹു വിന്റെ തെളിവ് ലോകത്ത് സ്ഥാപിക്ക പ്പെടുക. അതിനെ ആർക്കും നേരിടാൻ സാധിക്കാതിരിക്കുക. ഇത് അല്ലാഹു തന്റെ പ്രവാചകന്മാർക്ക് നൽകുന്ന വിജയ മാണ്." പറയുന്നു: "ഇതേ പോലെ ശക്ത മായ അടയാളങ്ങൾ മുഖേന അല്ലാഹു അവരുടെ സത്യം വെളിപ്പെടുത്തി ക്കൊടുക്കുന്നു. ഏതൊരു സത്യത്തെ യാണോ അവർ ലോകത്ത് വ്യാപിപ്പി ക്കാൻ ഉദ്ദേശിക്കുന്നത് അതിന്റെ ബീജാ വാപം അവരുടെ തന്നെ കരങ്ങളാൽ നടത്തുന്നു"

പ്രവാചകൻമാർ മുഖേനയുള്ള വിജയം എന്നത് അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ചുള്ള അറിവ്, അല്ലാഹു ഉണ്ട് എന്ന അറിവ് ലോകർക്ക് ലഭിക്കുന്നു എന്നതാണ്. പ്രവാചകന്മാർ നൽകുന്ന തെളിവുകൾ അല്ലാഹുവിന്റെ പ്രത്യേക സഹായത്താലാണ് അവർക്ക് ലഭിച്ചത് എന്ന് ലോകത്തിന് മനസ്സിലാകുന്നു. പ്രവാചകന്റെ ജ്ഞാനത്തെയും അറിവിനെയും ആർക്കും നേരിടാൻ സാധ്യമല്ല. സത്യം വെളിപ്പെടുന്ന അടയാളങ്ങൾ അവർ മുഖേന പ്രകടമാകുന്നു. പ്രവാചക എതിരാളികൾ എതിർപ്പിൽ ശക്തിപ്രാപിച്ചാലും അവർക്ക് പ്രവാചകന്മാർ സമർപ്പിക്കുന്ന തെളിവുകളെയും ന്യായവാദങ്ങളെയും ഖണ്ഡിക്കാൻ സാധ്യമല്ല. തിരുനബി (സ) യുടെ എതിരാളികൾ പിടിവാശിയുള്ളവരായിരുന്നു. തങ്ങളുടെ പൂർവികരുടെ അതേ രീതിയിൽ ജീവിതം കഴിച്ച് കൂട്ടാനാണ് അവർ ആഗ്രഹിച്ചിരുന്നത്. അവരുടെ പക്കൽ തെളിവൊന്നും ഉണ്ടായിരുന്നില്ല. വെറും പിടിവാശി മാത്രമായിരുന്നു. ഇതേ പോലെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് അല്ലാഹു നൽകിയിരിക്കുന്ന തെളിവുകളെയും ന്യായവാദങ്ങളേയും ഖണ്ഡിക്കാൻ അദ്ദേഹത്തിന്റെ കാലത്തും അദ്ദേഹത്തിന്റെ എതിരാളികളുടെ പക്കൽ ഒന്നും ഉണ്ടായിരുന്നില്ല. ഇന്നും അവരുടെ പക്കൽ ഒരു തെളിവുമില്ല. ഇതേ പോലെ അടയാളങ്ങളെ കുറിച്ച് നോക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത് ചന്ദ്ര സൂര്യഗ്രഹണങ്ങളുണ്ടായി. ആദ്യമൊക്കെ നാമധാരികളായ ഉലമാവർഗ്ഗം മഹ്ദി ഇമാമിന്റെ കാലത്ത് പ്രകടമാകുമെന്ന് പറഞ്ഞ ചന്ദ്ര സൂര്യഗ്രഹണങ്ങൾ എവിടെയാണെന്ന് ചോദിച്ചിരുന്നു. ഇത് പ്രത്യക്ഷമായപ്പോൾ അതിനെ എതിർക്കാൻ തുടങ്ങി. ഇതേ പോലെ ഭൂകമ്പങ്ങളെക്കുറിച്ചുള്ള അടയാളങ്ങൾ ഉണ്ട്. മറ്റു പല അടയാളങ്ങളുമുണ്ട്. അംഗീകരിക്കാൻ തയ്യാറല്ലാത്തവർ അംഗീകരിക്കില്ല. എന്നാൽ സദ്പ്രകൃതക്കാർ ജമാഅത്തിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നു. പ്രവാചകന്മാർ വിത്ത് വിതക്കുകയാണ് ചെയ്യുന്നത്. ലോകത്തോട് പറയേണ്ട യഥാർഥ അദ്ധ്യാപനം അവർ ലോകത്തോട് പറയുന്നു. അത് കാലഘട്ടത്തിനനുസരിച്ച് തന്റെ പ്രഭാവം പ്രകടമാക്കുന്നു. ഇതെല്ലാമാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്തും നടന്നത്. അദ്ദേഹം മുഖേന വിതച്ച ഈ വിത്ത് സമയം വന്നപ്പോൾ അത് മുളച്ച് പന്തലിച്ച് വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. ഇത് വിജയത്തിന്റെ ഒരു രീതിയാണ്.

അദ്ദേഹത്തിന്റെ ജീവിതത്തിൽ കുറച്ച് ലക്ഷംപേർ അദ്ദേഹത്തിന്റെ കയ്യിൽ ബൈഅത്ത് ചെയ്തിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനന്തമായ അടയാളങ്ങൾ അദ്ദേഹത്തിനനുകൂലമായി പ്രകടമായി എന്നതും ഒരു വിജയം തന്നെയായിരുന്നു. വൈജ്ഞാനികമായും ആത്മീയമായും അദ്ദേഹത്തെ നേരിടാൻ ആർക്കും സാധിച്ചില്ല.

ഇനി വിജയത്തിന്റെ മറ്റൊരു രീതിയുണ്ട്. അത് പ്രവാചകന്റെ മരണ ശേഷമാണ് തുടങ്ങുന്നത്. ഇതും പ്രവാചകൻ കൊണ്ടുവന്ന തെളിവുകളും അല്ലാഹുവിന്റെ സഹായങ്ങളും പ്രകടമാകുന്നതിന്റെ തുടർച്ചയാണ്. എന്നാൽ ഇത് പ്രവാചകന്റെ കാല ശേഷമാണ് ഉണ്ടാകുക. പ്രവാചകൻ കാലഗതി പ്രാപിച്ചല്ലോ; വാദിച്ച വ്യക്തി, ജമാഅത്ത് സ്ഥാപിച്ച വ്യക്തി ഈ ലോകത്തു നിന്ന് വിടവാങ്ങിയല്ലോ, അതുകൊണ്ട് അദ്ദേഹം സ്ഥാപിച്ച ജമാഅത്തിനെ നമ്മോടൊപ്പം ചേർക്കാം, അവരെ ഇല്ലാതാക്കാം എന്ന് എതിരാളികൾ കരുതുന്നു. തെറ്റായ ചിന്താഗതികൾ ഇട്ടുകൊടുത്ത്കൊണ്ട് അതിലെ അണികളെ

അതിൽനിന്നും അകറ്റാം എന്നവർ കരുതുന്നു. കാരണം ഇപ്പോൾ അവർക്ക് നേതൃത്വം നൽകാൻ ആരുമില്ല. പ്രവാചകന് ലഭിച്ച താത്കാലിക വിജയം ഇനി ഇല്ലാതാക്കാൻ സാധിക്കുന്നതാണ്. ഇങ്ങനെയെല്ലാം ശത്രുക്കൾ മനക്കോട്ട കെട്ടുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ എതിരാളികളും ഇതാണ് മനസ്സിലാക്കി യിരുന്നത്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നേരത്തെ തന്നെ ഇതിനെ കുറിച്ച് നമുക്ക് പറഞ്ഞു തന്നിട്ടു ണ്ടായിരുന്നു. മുമ്പുള്ള പ്രവാചകന്മാർക്ക് ലഭിച്ചതുപോലെ എനിക്കും വിജയം ലഭിക്കുന്നതാണെന്നും വിജയത്തിന്റെ വാഗ്ദാനം പൂർത്തിയാക്കുന്നതുവരെ ഇത് തുടർന്നു കൊണ്ടിരിക്കുന്നതാണെ ന്നും അദ്ദേഹം പറഞ്ഞിരുന്നു. എന്റെ മരണം വന്നാലും നിങ്ങൾ അസ്വസ്ഥരാ കേണ്ടതില്ല. ഞാൻ വിതച്ച വിത്ത് ഒരു വട വൃക്ഷമായിത്തീരുന്നതാണ്. അത് രണ്ടാം ഖുദ്റത്ത് അഥവാ ഖിലാഫത്ത് മുഖേന നിലനിൽക്കുന്നതാണ്. ഇതു മുഖേന വിജയവാഗ്ദാനം പൂർത്തിയാക്കു ന്നതാണ്.

അതിനാൽ പ്രവാചകന്റെ കാലത്ത് വിജയത്തിന്റെ ഒരു ഭാഗം ഉണ്ടാകുന്നു. മറ്റൊരു ഭാഗം പ്രവാചകന്റെ കാലശേ ഷമാണ് ഉണ്ടാകുക. ഇതേരീതിയിൽ അഹ്മദിയ്യാ ജമാഅത്ത് വാഗ്ദത്ത മസീഹിനോട് ചെയ്ത വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിന് വിജയത്തിന്റെ രണ്ടാം ഘട്ടമാണ് കണ്ടുകൊണ്ടിരിക്കുന്നത്. ജമാഅത്തിന്റെ വിജയവും പുരോഗ തിയും ഉണ്ടാകും എന്നതിൽ ഒരു സംശയവുമില്ല. ഇത് എണ്ണത്തിന്റെ അടിസ്ഥാനത്തിലും നടക്കും. ഇതും നടക്കുന്നതായി നാം കാണുന്നു. എന്നാൽ ഇതിനോടൊപ്പം ഈ വിജയത്തിന്റെ ഭാഗമായി തലമുറ തലമുറയായി നാം മാറുന്നതിന് ഹ : മസീഹ് മൗഊദ് (അ) നമ്മുടെ കടമകളും വിവരിച്ചു തന്നിട്ടുണ്ട്. ഈ കടമകൾ വിശുദ്ധ ഖുർആൻ നമുക്ക് വിവരിച്ചു തന്നതാണ്. അത് തഖ്‌വയിൽ ചരിക്കുക, ആത്മ വിശുദ്ധി കൈവരി ക്കുക, നിങ്ങളുടെ ആത്മീയവും ധാർമികവുമായ അവസ്ഥ പരിശോ ധിക്കുക, ഈ സന്ദേശത്തെ എത്തിക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ ഏൽപ്പിച്ചിരിക്കുന്ന പ്രവർത്തനത്തെയും പൂർത്തിയാക്കുക എന്നിവയാണ്. അദ്ദേഹം തന്റെ യജമാനനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യെ പിൻപറ്റി ക്കൊണ്ട് ലോകത്ത് ഏകനായ അല്ലാഹു വിന്റെ അധികാരം സ്ഥാപിക്കാനാണ് വന്നത്. ലോകരെ ശിർക്കിൽ നിന്നും വിശുദ്ധീകരിക്കാനാണ് വന്നത്.

പറയുന്നു:''ലോകത്ത് വിവിധ ഭൂപ്രദേശങ്ങളിൽ ജീവിക്കുന്ന മനുഷ്യാ ത്മാക്കളെ, അവർ യൂറോപ്പിലോ ഏഷ്യയിലോ ആകട്ടെ അവരിലുള്ള സദ്പ്രകൃതക്കാരെ തൗഹീദിലേക്ക് വലിച്ചടുപ്പിക്കാനും തന്റെ ദസരെ ഏകമതത്തിൽ ഒരുമിച്ചു കൂട്ടാനും ദൈവം ഇച്ഛരിക്കുന്നു. ഇതാണ് അല്ലാഹുവിന്റെ ഉദ്ദേശ്യം. അതിനായാണ് ഞാൻ ലോകത്തേക്ക് അയക്കപ്പെട്ടത്. അതുകൊണ്ട് ഈ ലക്ഷ്യത്തേയാണ് നിങ്ങൾ പിൻപറ്റേണ്ടത്. എന്നാൽ സൗമ്യത കൊണ്ടും സദ്സ്വഭാവത്തോടും പ്രാർഥനയിൽ ശക്തി ചെലുത്തിയും കൊണ്ട് ഇത് നേടുക.

ലോകത്തെ തൗഹീദിൽ നിലയു റപ്പിക്കാനും ഒരു മതത്തിൽ ഒരുമിച്ചു കൂട്ടാനും ഏതെല്ലാം കാര്യങ്ങളുടെ ആവശ്യമാണോ ഉള്ളത് അതാണ് ഇവിടെ വിവരിച്ചത്. അതിൽ ഒന്ന് തബ്‌ലീഗാണ്. അല്ലാഹുവിന്റെ സന്ദേശം എത്തിക്കുക എന്നത്. രണ്ടാമത്തെ കാര്യം തങ്ങളുടെ സ്വഭാവത്തെ ഏറ്റവും ഉന്നതമാക്കി മാറ്റുക. മൂന്നാമത്തെ കാര്യം ദുആ മുഖേന അല്ലാഹുവിനോട് സഹായം തേടുക. അതിനാൽ ഇന്ന് ഓരോ അഹ്മദിക്കും വാഗ്ദത്ത മസീഹുമായി തന്നെ ബന്ധപ്പെടുത്തുന്ന ഓരോരു ത്തരും ഈ ഉത്തരവാദിത്വം മനസ്സിലാക്കേ ണ്ടിയിരിക്കുന്നു. അങ്ങനെ നാം ഹദ്റത്ത് മസീഹ് മൗഊദ് (അ) അയക്കപ്പെട്ട ആ ഉദ്ദേശ്യം നേടുന്നതിന് സഹായിക ളായി മാറുന്നതാണ്.

അടയാളങ്ങളും തെളിവുകളും അല്ലാഹു നൽകുന്നു എന്നതിൽ സംശയമില്ല. ഈ അടയാളങ്ങൾ മുഖേന ഇന്നുവരെ നാം അഹ്മദിയ്യത്തിൽ വിജയം കണ്ടു കൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹു ജമാഅത്തിന് നൽകുന്ന അനുഗ്രഹങ്ങളെയും വിജയ ങ്ങളെയും താരതമ്യം ചെയ്തു കൊണ്ട് നമ്മുടെ പ്രവർത്തനങ്ങളെ നോക്കുമ്പോൾ അതിന്റെ ആയിരത്തിൽ, പതിനായി രത്തിൽ ഒരംശം പോലും നമ്മുടെ പ്രവർത്തനമില്ലെന്ന് കാണാവുന്നതാണ്. എന്നാൽ അല്ലാഹു നമ്മുടെ ഉത്തരവാദി ത്വങ്ങൾ പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. നമ്മിൽ ഓരോരുത്തരും ഇതിലേക്ക് ശ്രദ്ധ തിരിക്കുന്നില്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കർമകുശലരായ പ്രവർത്തകർക്ക് ലഭിക്കുന്ന അനുഗ്രഹ ത്തിനും പാരിതോ ഷികത്തിനും നാം അർഹരായി ത്തീരുന്നതല്ല. അതുകൊണ്ട് നമുക്ക് ഇതിലേക്ക് ശ്രദ്ധ ഉണ്ടായിരി ക്കേണ്ടതാണ്.

നമ്മുടെ പ്രയത്നം കൊണ്ടല്ലാ ഫലമുണ്ടാകുന്നത് എന്നത് ശരി തന്നെ. പാരിതോഷികങ്ങൾ നമ്മുടെ പരിശ്രമം കൊണ്ടല്ല ലഭിക്കുന്നത്. ഇതെല്ലാം അല്ലാഹുവിന്റെ ഫള്ൽ മാത്രമാണ്. തന്റെ പ്രിയരെ എപ്പോഴും പരിഗണിക്കുന്ന അല്ലാഹുവിന്റെ ഫള്‌ലാണ് ഇതെല്ലാം. അവൻ തന്റെ പ്രത്യേക കൽപനപ്രകാരം ആരെയെങ്കിലും ലോകത്ത് അയക്കു മ്പോൾ അവരോട് ചെയ്ത വാഗ്ദാനങ്ങൾ അദ്ഭുതകരമായ രീതിയിൽ പൂർത്തി യാക്കി ശത്രുക്കളെ നിന്ദ്യരും അപമാനി തരുമാക്കിമാറ്റുന്നു. മാത്രമല്ല അല്ലാഹു വിന്റെ വരിഷ്ഠ ദാസന്റെ ജമാഅത്ത് വിജയത്തിന്റെ പുതിയ പടവുകൾ കയറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ ഞാൻ പറഞ്ഞത് പോലെ നമ്മോട് പരിശ്രമിക്കാൻ പറഞ്ഞിട്ടുണ്ട്. അല്ലാഹു ഈ പരിശ്രമിക്കുന്നവരുടെ ഗുണങ്ങൾ വിശുദ്ധ ഖുർആനിൽ വിവിധ സ്ഥലത്ത് പറഞ്ഞിട്ടുണ്ട്. ഒരു സ്ഥലത്ത് പറയുന്നു:

അല്ലാഹുവിലേക്ക് (ജനങ്ങളെ) ക്ഷണിക്കുകയും സൽക്കർമമനുഷ്ഠി ക്കുകയും ഞാൻ അനുസരണമു ള്ളവരിൽപ്പെട്ടവൻ തന്നെയാണെന്നു പറയുകയും ചെയ്യുന്ന ഒരുവനേക്കാൾ നല്ലവാക്ക് പറയുന്നവനാരുണ്ട്? (41:34) ഈ കാര്യങ്ങളാണവ.

ഒന്ന് ദഅ്‌വത്തെ ഇലല്ലാഹ് അഥവാ തബ്‌ലീഗ്. നമ്മുടെ പ്രവർത്തനങ്ങളെ കുറിച്ച് പരിചിന്തനം ചെയ്യുക. സദ് പ്രവൃത്തികൾ ചെയ്യുക. സ്രഷ്ടാവിനോടു ള്ള കടപ്പാടിലും സൃഷ്ടികളോടുള്ള കടപ്പാടിലും അല്ലാഹുവിന്റെ കൽപന കളെ ശരിക്കും ശ്രദ്ധിക്കുക. നമ്മുടെ കഴിവുകളും പ്രാപ്തിയും അനുസരിച്ച് ഈ കടമകൾ നിറവേറ്റുക. കാരണം തബ്‌ലീഗ് വിജയിക്കുന്നത് നമ്മുടെ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ ആജ്ഞകൾക്കനുസരിച്ച് ആകുമ്പോ ഴാണ്. അതേ പോലെ കടമകൾ നിറവേറ്റു ന്നതിൽ എപ്പോഴും അല്ലാഹുവിന്റെ പ്രീതിക്ക് മുൻഗണന നൽകുകയും ചെയ്യേണ്ടതാണ്. ഒരു അഹ്മദി യോഗ ങ്ങളിലും സമ്മേളനങ്ങളിലും ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതാ ണെന്ന് പ്രതിജ്ഞ ചെയ്യുമ്പോൾ അതിനെ പരിഗണിക്കേണ്ടതും അത്യാവശ്യമാണ്. അപ്പോഴാണ് നമ്മുടെ മാതൃകകണ്ട് കൊണ്ട് ലോകം നമ്മിലേക്ക് ശ്രദ്ധിക്കു

കയുള്ളൂ. ഖലീഫമാർ ലോകത്തെ വെല്ലുവിളിക്കുമ്പോൾ, അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ഈ സന്ദേശം അക്ഷീണ രായിക്കൊണ്ട് ഞങ്ങൾ ലോകത്ത് എത്തിക്കുന്നതാണെന്നും ഒരുനാൾ ലോകരുടെ ഹൃദയം വിജയിച്ച ടക്കികൊണ്ട് അവരെ ഇസ്‌ലാമിന്റെ മടിത്തട്ടിൽ കൊണ്ടുവരുന്നതാണെന്നും ഞാൻ ലോകത്തോട് പറയുമ്പോൾ, ജമാഅത്തംഗങ്ങൾ തങ്ങളുടെ പ്രവർത്ത നമാതൃകയിലൂടെയും അല്ലാഹുവിന്റെ കൽപന പാലിച്ചുകൊണ്ടും ആത്മീയ സ്ഥാനം നിലനിർത്തുകയും അതിനെ മെച്ചപ്പെടുത്തി കൊണ്ടിരിക്കുകയും ചെയ്യും എന്ന പ്രത്യാശയോടു കൂടിയാണ് ചെയ്യുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സന്ദേശ ത്തെയും അദ്ദേഹത്തിന്റെ പ്രവർത്തന ത്തെയും ഒരാവേശത്തോടെ മുന്നോട്ട് കൊണ്ടു പോകുന്നതാണ് എന്ന പ്രതീക്ഷയോടു കൂടിയാണ് ചെയ്യുന്നത്.

ദീനിനെക്കുറിച്ച് അറിവ് കരസ്ഥ മാക്കുന്നവരും അതിന്റെ വിജ്ഞാനം ആർജിക്കുന്നവരും അല്ലാഹുവിന്റെ സന്ദേശം തന്റെ സമുദായത്തിനും ലോകർക്കും എത്തിച്ചുകൊണ്ടേ ഇരിക്കുകയും ചെയ്യുന്നവരുമായ ഒരു വിഭാഗം നിങ്ങളിൽ നിന്നും ഉണ്ടാ യിരിക്കണം എന്ന് പറഞ്ഞിട്ടുണ്ട് എന്നത് ശരിതന്നെയാണ്. എന്നാൽ വിശ്വാസി കളോട് പറഞ്ഞത് നിങ്ങൾ ദൈവത്തി ലേക്ക് ക്ഷണിക്കണമെന്നാണ്. നമ്മുടെ പക്കൽ മുബല്ലിഗ്മാർ ഇപ്പോൾ കുറവാണെങ്കിൽ അവർ തയ്യാറായതിനു ശേഷം തബ്‌ലീഗ് പ്രവർത്തനങ്ങൾ ചെയ്യാം എന്ന് പറഞ്ഞ് കാത്തിരിക്കാൻ നമുക്കാവില്ല. തബ്‌ലീഗ് പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്നതിനായി ഇതിനെ നിരന്തരം മുന്നോട്ട് നയിക്കുക. ഓരോ വിഭാഗത്തെയും വിവിധ സ്ഥലങ്ങളിൽ നിന്നും നാം കണ്ടെത്തേ ണ്ടിയിരിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ നാട്ടിലും തബ്‌ലീഗിന് ആവേശ മുള്ള, അതിന് സമയം നൽകുന്ന ഒരു വിഭാഗം ആളുകൾ ഉണ്ട്. സാമ്പത്തിക മാന്ദ്യം കാരണം അമേരിക്കയിൽ ജോലി കൂടുതലായി ചെയ്യണം എന്നാണ് പറയ പ്പെടുന്നതെങ്കിൽപോലും അമേരി ക്കയിലും ഇങ്ങനെയുള്ള ആളുകളുണ്ട്. ഇവിടെ ഭൗതികതയിലേക്കാണ് കൂടുതൽ ചായ്‌വുള്ളത്. എന്നിട്ടുപോലും ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കും എന്ന പ്രതിജ്ഞയിൽ അടിയുറച്ച് നിന്ന്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സംഘം ആളുകളെ എനിക്കിവിടെയും കാണാൻ സാധി ച്ചിട്ടുണ്ട്. അവരെ കാണുമ്പോൾ അദ്ഭുതം തോന്നാറുണ്ട്. അവർക്കായി പ്രത്യേകം ദുആയും വരുന്നു. ചെറിയ കച്ചവടം നടത്തുന്നവരും സ്റ്റാൾ നടത്തുന്ന വരുമായ ആളുകളെ ഞാൻ കാണുക യുണ്ടായി. അവർ തങ്ങളുടെ സ്റ്റാളുകൾ നടത്തുന്നതിനോടൊപ്പം തബ്‌ലീഗും ചെയ്യുന്നു. ഈ സ്റ്റാളുകളെ തബ്‌ലീഗി നുള്ള ഒരു മാർഗമാക്കി അവർ മാറ്റിയിരിക്കുന്നു.

സാഹിത്യങ്ങൾ ലഭിക്കുന്നില്ല എന്നതാ യിരുന്നു അവരുടെ മുമ്പുള്ള പരാതി. ഈ പ്രദേശത്തേക്കുള്ള ഭാഷയിൽ, സ്പാനിഷ് ഭാഷയിൽ ഇപ്പോൾ ഞങ്ങൾക്ക് സാഹിത്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് അവർ പറയുന്നു. സാഹിത്യങ്ങൾ ലഭിച്ച് പ്രവർത്തനം തുടങ്ങിയപ്പോൾ ഇപ്പോൾ അവരുടെ ആഗ്രഹവും ആവശ്യവും സ്പാനിഷ് ഭാഷ അറിയുന്ന മത വിജ്ഞാനമുള്ള മുബല്ലിഗ്മാർ തങ്ങൾക്ക് വേണമെന്നാണ്. ജമാഅത്ത് തന്റെ കഴിവിനനുസരിച്ച് മുബല്ലിഗിനെ നൽകാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ജമാഅത്തംഗങ്ങൾക്ക് മുബല്ലിഗിനെ വേണമെങ്കിൽ അവർ തങ്ങളുടെ മക്കളിലും യുവാക്കളിലും അറിവ് കരസ്ഥമാക്കാനായി തങ്ങളെ സമർപ്പി ക്കാനും അതിനായി ജാമിആയിൽ പോകാനും തങ്ങളെ സമർപ്പിക്കു ന്നതിനുള്ള ആത്മാവ് ഇട്ടു കൊടു ക്കേണ്ടതാണ്. അങ്ങനെ ഇവിടുത്തെ ചുറ്റുപാടും പ്രാദേശിക ഭാഷയും അറിഞ്ഞുകൊണ്ട് ഇവിടെയുള്ളവർക്ക് സന്ദേശം എത്തിക്കാൻ സാധിക്കു ന്നതാണ്.

തബ്‌ലീഗിനുള്ള ആവേശം പഴയകാല അഹ്മദികളിൽ മാത്രമല്ല ഉള്ളത്. ചില യുവാക്കളിലും ഞാനീ ആവേശം കണ്ടിട്ടുണ്ട്. ഇവിടെ ബേപോൺഡ് എന്ന സ്ഥലത്ത് താമസിക്കുന്ന നവ അഹ്മദി എന്നെ കാണാൻ വന്നു. സ്പാനിഷ് റീജനിലാണ് അദ്ദേഹം. ഇവിടെയു ള്ളവർക്ക് എങ്ങനെ ജമാഅത്തിന്റെ അഥവാ യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം പെട്ടെന്ന് എത്തിക്കാൻ സാധിക്കും എന്ന ആവേശമാണ് അവരിൽ കണ്ടത് . അദ്ദേഹം പറയുന്നു. 'എനിക്ക് ബൈബിൾ നാൽപ്പത് ശതമാനം ഓർമയുണ്ട്. ഇപ്പോൾ ഞാൻ വിശുദ്ധ ഖുർആന്റെ തെളിവുകൾ പഠിച്ചു കൊണ്ടിരിക്കുകയാണ്.' തബ്‌ലീഗ് കാര്യത്തിലേക്ക് ശ്രദ്ധിക്കാത്ത പഴയകാല അഹ്മദികൾക്കും ഇതിലൊരു സന്ദേശ മുണ്ട്. അദ്ദേഹം പറയുന്നു. 'ഞാൻ വിശുദ്ധ ഖുർആന്റെ തെളിവുകൾ പഠിച്ച് തബ്‌ലീഗ് ചെയ്യുന്നു. ക്രിസ്തുമതത്തിൽ നിന്നും ജനങ്ങൾ അകലുകയാണ്. എന്നാൽ മതത്തിൽ നിന്നോ ദൈവത്തിൽ നിന്നോ അകലുന്നില്ല. അവർ ദൈവത്തെ അന്വേഷിക്കുകയാണ്. ഈ ശൂന്യത അകറ്റാനായി നമുക്ക് മുന്നോട്ട് വരേണ്ടിയിക്കുന്നു. യഥാർഥ മതത്തെ ക്കുറിച്ച് പരിചയപ്പെടുത്താനും അവരെ ദൈവവുമായി അടുപ്പിക്കുന്നതിനും നമുക്ക് തബ്‌ലീഗ് കൂടുതലായി ചെയ്യേണ്ട ആവശ്യമാണുള്ളത്.'

ഏതായിരുന്നാലും അവരുടെ ആവേശം കണ്ട് എനിക്കും ഇതിലേക്ക് ശ്രദ്ധതിരിഞ്ഞു. ഞാൻ മിഷനറി ഇൻചാർ ജുമായി ഇക്കാര്യത്തിൽ വിശദമായി സംസാരിച്ചു. ഇവിടേക്കുവേണ്ടി പ്രത്യേകം സ്കീം ഉണ്ടാക്കാൻ അദ്ദേഹത്തോടും അമീർ സാഹിബി നോടും പറഞ്ഞിട്ടുണ്ട്. കീഴ്ഘടകങ്ങളും ജമാഅത്തിന്റെ സംവിധാനവുമായി യോജിച്ച് ഇതിനായി പരിശ്രമിക്കു കയാണെങ്കിൽ, വഖ്ഫെ ആർസി പദ്ധതി ആസൂത്രണം ചെയ്യുകയാണെങ്കിൽ നമുക്ക് അനുകൂലമായ സ്ഥലങ്ങളിൽ കൂടുതലായി പ്രവർത്തിക്കുകയാണെ ങ്കിൽ, ചുരുങ്ങിയ പക്ഷം ഒരു പ്രാവശ്യ മെങ്കിലും ഈ പ്രദേശത്ത്, സപാനിഷ് ആളുകൾക്ക് അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിനെ പരിചയ പ്പെടുത്താൻ സാധിക്കുന്നതാണ്. ഈ പ്രവൃത്തി വളരെ അത്യാവശ്യമാണ്.

ആവശ്യങ്ങൾ വർദ്ധിച്ചുവരികയാണ്. നമുക്കെങ്ങനെ പരിചയപ്പെടുത്താൻ അവസരം ലഭിക്കും എന്നതിലല്ല ഇപ്പോൾ ചിന്തയുള്ളത്. അദ്ഭുതകരമായ രീതി യിൽ അല്ലാഹു മാർഗങ്ങൾ തുറന്നു തരികയാണ്. അമേരിക്കയിൽ മാത്രമല്ല ഗോട്ടിമാലയിലും സൗത്ത് അമേരിക്ക യിലെയും എല്ലാം ഇതാണ് അവസ്ഥ. ഗോട്ടിമാലായിലെയും അഹ്മദികൾ ഇവിടെ വന്നിട്ടുണ്ട്. വലരെ ആവേശമുള്ള ഒരു ദാഈ ഇലല്ലായാണ് ഇവിടെ വന്നത്. അദ്ദേഹം പറയുന്നത് 'ഞങ്ങൾക്ക് മുബല്ലിഗുമാരെ തരിക. പ്രാദേശിക സ്പാനിഷ് ഭാഷയിലുള്ള സാഹിത്യങ്ങൾ തരിക. കാരണം സ്പെയിനിൽ സംസാരിക്കുന്ന സപാനിഷും ഇവിടെ സംസാരിക്കുന്ന സ്പാനിഷും ചില വാക്കുകൾ തമ്മിൽ വലിയ അന്തരമുണ്ട്.' 'നമ്മുടെ സാഹിത്യങ്ങൾ പൊതുവിൽ സ്പെയിനിലാണ് തയ്യാറാക്കപ്പെടുന്നത്. സ്പെയിനിലാണ് കുടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, അതു കൊണ്ട് അവിടത്തെ സാഹിത്യങ്ങൾ ഉപയോ

ഗിക്കുക എന്ന് ഞാൻ അവരോട് പറഞ്ഞപ്പോൾ അവർ പറഞ്ഞു: അവരെക്കുറിച്ച് മാത്രമാണോ ചിന്തിക്കുന്നത്. അവിടെ നാൽപ്പത് ദശലക്ഷം ആളുകളാണ് താമസിക്കുന്നത്. ഇവിടെ 400 ദശലക്ഷം സ്പാനിഷ് സംസാരിക്കുന്നവരുണ്ട്. അവരെക്കുറിച്ച് ചിന്തയില്ലെ? യഥാർത്ഥത്തിൽ ഇവരാണ് അല്ലാഹു മസീഹ് മൗഊദ് (അ) ന് നൽകുന്ന യഥാർത്ഥ സഹായികളും ദൈവത്തിലേക്ക് ക്ഷണിക്കുന്നവരും.

അല്ലാഹുവിന്റെ തഖ്ദീർ ഭൂപ്രദേശങ്ങളെയും ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അമേരിക്കയിലും അടുത്തുള്ള പ്രദേശങ്ങളിലുമെല്ലാം അല്ലാഹു കാറ്റ് ചലിപ്പിച്ചിരിക്കുന്നു. കാലിഫോർണിയായിൽ ഇപ്പോൾ സ്പാനിഷ് ആളുകളാണ് ഭൂരിപക്ഷമുള്ളതെന്നാണ് പറയപ്പെടുന്നത്. അവർ മതത്തോട് തത്പര്യമുള്ളവരാണ്. അവർ സത്യമതത്തെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രദേശത്തേക്കായി പ്രത്യേകം പ്രോഗ്രാം ഉണ്ടാക്കേണ്ടതാണ്. ഇവിടെ താമസിക്കുന്നവർ തങ്ങളുടെ ഉത്തരവാദിത്വത്തിലേക്ക് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ഇപ്പോൾ ലഭ്യമായ സാഹിത്യങ്ങൾ ഉപയോഗിക്കുക. ഇവിടത്തെ ഭാഷയനുസരിച്ച് സാഹിത്യങ്ങൾ തയ്യാറാക്കാൻ ശ്രമിക്കുക. നമ്മുടെ മുബല്ലിഗ് അസ്ഹർ ഹനീഫ് സാഹിബിന്റെ ഒരു കത്ത് ഞാൻ ഇവിടെ വരുന്നതിനു മുമ്പ് എനിക്ക് ലഭിച്ചപ്പോൾ ഇവിടെ അഹ്മദിയ്യത്തിനായി മൈതാനം വളരെ വിശാലമാണെന്ന ചിന്ത എനിക്ക് ശക്തിപ്പെടുകയുണ്ടായി. അദ്ദേഹം അതിൽ ഖലീഫത്തുൽ മസീഹ് നാലാമന്റെ ഒരു സ്വപ്നം എഴുതിയിരുന്നു. ഹുസൂർ തന്റെ ഒരു ഖുത്വുബയിൽ ഇത് വിവരിച്ചിരുന്നു. ആ കത്ത് മുമ്പിലില്ല. ആ സ്വപ്നം ഇതാണെന്നാണ് ഞാൻ ഓർക്കുന്നത്. ഖലീഫത്തുൽ മസീഹ് നാലാമൻ കാണുന്നു 'തിരയടിച്ചുയരുന്ന ജനസാഗരം. അത് അഹ്മദികളുടെതാണ്. ഖലീഫത്തുൽ മസീഹ് റാബിഅ് പറയുന്നു, എനിക്ക് തോന്നുന്നത് ആ പ്രദേശം ലോസ് ഏഞ്ചലസ് ആണ്.'

അതുകൊണ്ട് നാം പരിശ്രമിക്കുകയാണെങ്കിൽ, നാമോരുരുത്തരും ഈ പരിശ്രമത്തിൽ മുഴുകുകയാണെങ്കിൽ ഈ വിപ്ലവം വരുന്നതാണ്. ജനങ്ങളും പരിശ്രമിക്കുമ്പോഴാണ് യഥാർഥ വിപ്ലവം വേഗം വരുന്നത്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചെയ്ത വിജയത്തിന്റെ വാഗ്ദാനത്തെ അവൻ പൂർത്തിയാക്കും എന്നത് ദൈവ വിധിയാണ്. നാം ഈ വാഗ്ദാനം പൂർത്താക്കുന്നതിന് ഭാഗമായിത്തീരണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഇവിടെ താമസിക്കുന്ന ഓരോ അഹ്മദിക്കും തങ്ങളുടെ ചിന്താധാര ദൈവ വിധിക്കനുസരിച്ച് മാറ്റേണ്ടിയിരിക്കുന്നു.

ഇവർ ഭൗതികതയിൽ ലയിച്ചവരാണെന്നും ഇവർക്ക് ദീനിനോട് ഒരു താത്പര്യവുമില്ലെന്നും ചിലർ ചിന്തിക്കുന്നു. ഇത് പറയുന്നവരുടെ ബലഹീനതയെന്നേ പറയേണ്ടതുള്ളൂ. ഇവിടെ ലോകത്തിലെ ഏറ്റവും വലിയ ഫിലിം ഇന്റസ്ട്രിയുണ്ട്. ഭൗതികത വളരെ കൂടുതലാണ് ഇവിടെ എന്നുമെല്ലാം അവർ പറയുന്നു. ഇതെല്ലാം ശരിതന്നെയാണ്. എന്നാൽ ഒരു വലിയ വിഭാഗം നമ്മേക്കാത്തിരിക്കുന്നുണ്ട്. ഞാൻ ഇതിനെ കുറിച്ച് ചിന്തിക്കുന്നതനുസരിച്ച് എന്റെ ഹൃദയത്തിൽ ആഴ്ന്നിറങ്ങുന്നത് അടുത്ത ഭാവിയിൽ അമേരിക്കയിൽ അഹ്മദിയ്യത്തിന്റെ വിപ്ലവം ഉണ്ടാകുന്നത് ഈ പ്രദേശത്ത് നിന്നായിരിക്കും എന്നാണ്.

അതുകൊണ്ട് നമ്മുടെ ബലഹീനതകളെ ഇവരുടെ തോളിൽ കയറ്റിവെച്ച് രക്ഷപ്പെടാൻ നോക്കരുത്. ജമാഅത്ത് സംവിധാനത്തിന് ഇവിടെ പ്രത്യേക പദ്ധതി ആവിഷ്കരിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പദ്ധതി ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അത് പ്രാവർത്തികമാക്കുക. അതോടൊപ്പം കീഴ്ഘടകങ്ങളും പ്രവർത്തിക്കുക. ഇവിടെ താമസിക്കുന്ന ഓരോ അഹ്മദിയും, ഈ സ്റ്റേറ്റിൽ മാത്രമുള്ളവരല്ല, മറിച്ച് ഈ നാട്ടിൽ താമസിക്കുന്ന എല്ലാ അഹ്മദികളുടെയും ഉത്തരവാദിത്വമാണിത്. കാരണം ബൈഅത്ത് അവരിൽ ഈ ഉത്തരവാദിത്വം ഏൽപ്പിക്കുന്നു. അല്ലാഹുവിലേക്ക് വിളിക്കുന്നവരുടെ ഉത്തരവാദിത്വമായി പറഞ്ഞ സദ്പ്രവൃത്തി ചെയ്യുകയും പൂർണ അനുസരണം പുലർത്തുകയും ചെയ്യുക എന്നതിലേക്ക് ശ്രദ്ധിക്കുക. ഇത് കരസ്ഥമാക്കാനായി ശ്രമിക്കുക. ഇതിനായി നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്ന് നോക്കേണ്ടിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മേ എങ്ങനെ കാണാനാണ് ആഗ്രഹിക്കുന്നത്. ഞങ്ങൾ ഭൗതിക ജോലിയിലകപ്പെട്ടവരാണ്, ബലഹീനരാണ്, ബൈഅത്ത് ചെയ്തത് തന്നെ ഞങ്ങൾക്ക് മതിയായതാണ് എന്ന് പറഞ്ഞുകൊണ്ട് ദൈവത്തിന്റെ മുമ്പിൽ കണക്ക് ബോധിപ്പിക്കുന്നതിൽ നിന്നും രക്ഷപ്പെടാൻ നമുക്കാകില്ല. അഹ്മദി മുസ്‌ലീംകൾ മറ്റു മുസ്‌ലീംകളെ അപേക്ഷിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിൽ വന്നതിന്റെ അടിസ്ഥാനത്തിൽ നല്ല അവസ്ഥയിലാണ്. പ്രവാചകനെ നിഷേധിച്ചതുകൊണ്ടുള്ള ശിക്ഷയിൽ നിന്നും നാം രക്ഷപ്പെട്ടിരിക്കുന്നു. എന്നാൽ പുരോഗതിയുടെ പടവുകൾ കയറുന്നവരാണ് യഥാർഥ വിശ്വാസികൾ. അവർ അസ്‌ലംനാ (ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നു) എന്നതിൽ നിന്നും പുറത്ത് കടന്ന് വിശ്വാസത്തിന്റെ പൂർത്തീകരണത്തിനായി പരിശ്രമിക്കുന്നു. ബാഹ്യമായ അനുസരണത്തിൽ നിന്നും പുറത്ത് കടന്ന് സമ്പൂർണ അനുസരണത്തിൽ എത്താൻ വേണ്ടി പരിശ്രമിക്കുന്നു.

പൂർവികർ മുഖേന അഹ്മദിയ്യത്തിൽ പ്രവേശിച്ച പല കുടുംബങ്ങളും ഇവിടെയുണ്ട്. ആ പൂർവികർ 'ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചു' എന്ന അവസ്ഥയിൽ നിന്നും യഥാർഥ വിശ്വാസികൾ എന്ന ഉന്നത പദവിയിലെത്തിയവരാണ്. അദ്ഭുതകരമായ ത്യാഗങ്ങളാണ് അവർ ചെയ്തത്. അവരുടെ ത്യാഗങ്ങളെയും ആഗ്രഹങ്ങളെയും ആദരിക്കേണ്ടതും അവരുടെ മക്കളുടെ കടമയാണ്. അവരുടെ ആഗ്രഹങ്ങളെ ആദരിക്കുമ്പോഴാണ് അവരുടെ പ്രാർഥനകൾക്ക് നിങ്ങൾ അർഹരായിത്തീരുന്നത്.

ഇനി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഏതു തരത്തിലുള്ള ജമാഅത്തിനെയാണ് കാണാൻ ആഗ്രഹിക്കുന്നത് എന്നതിനെ കുറിച്ച് ചുരുങ്ങിയ രീതിയിൽ പറയാം. ഒന്നാമത്തെ കാര്യം അദ്ദേഹം പറഞ്ഞത് ഇതാണ്. "ഈ പ്രസ്ഥാനം സ്ഥാപിതമായത് അല്ലാഹുവിലുള്ള വിശ്വാസം വർദ്ധിക്കുവാനാണ്." വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാകുന്നത് വിശ്വാസം വർദ്ധിക്കുന്നത് ചിന്തയിലൂടെയും ആലോചനയിലൂടെയുമാണ്. അതുകൊണ്ട് അല്ലാ ഹുവിലുള്ള വിശ്വാസം വർദ്ധിപ്പിക്കുവാൻ നമുക്ക് അവന്റെ ഗ്രന്ഥം ശ്രദ്ധാപൂർവം വായിക്കേണ്ടിയിരിക്കുന്നു. അതിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. വിജ്ഞാനത്തിന്റെ വലിയൊരു സാഗരം ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്കായി വിട്ടേച്ചുപോയിട്ടുണ്ട്. അത് വായിക്കാതെ നാം അതിൽ നിന്നും അകറ്റപ്പെടുകയാണ്. ഈ അകൽച്ച വിശ്വാസത്തിൽ കുറവ് വരുത്തുന്നതാണ്. ഇതിലേക്ക് നമ്മുടെ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. മറ്റൊന്ന് ആ മഹാത്മാവ് പറഞ്ഞത് വിശ്വാസം അടയാളങ്ങൾ മുഖേന വർദ്ധിക്കുന്നു എന്നാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)

ന് അടയാളം എന്ന നിലക്ക് ഇപ്രകാരം ഇൽഹാം ഇറക്കുകയുണ്ടായി. 'നിന്റെ അടുത്ത് ദൂര ദേശങ്ങളിൽ നിന്ന് കൂടുതൽ കൂടുതൽ ആളുകൾ വരുന്ന താണ്.' ഈ കാഴ്ച്ച അദ്ദേഹത്തിന്റെ ജീവിതകാലത്ത് നാം കണ്ടു. ചരിത്രം ഇത് രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. ഓരോ വർഷത്തെയും ഓരോ രാജ്യത്തെയും ദേശീയ സമ്മേളനങ്ങളിൽ നാം ഈ കാഴ്ച്ച കാണുന്നു. ഇന്നും ഈ കാഴ്ച്ച നാം കാണുന്നു. നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് യാത്രാ ക്ലേശങ്ങ ളെല്ലാം സഹിച്ചുകൊണ്ട് പണവും ചെലവഴിച്ച് ജുമുഅ നിസ്ക്കരിക്കാൻ ജനങ്ങൾ ഇവിടെ വന്നിരിക്കുന്നു. കാലത്തിന്റെ ഖലീഫ ഇവിടെ വന്നിട്ടുണ്ട് എന്ന ഒറ്റ കാരണം കൊണ്ടാണിത്. ഇതെല്ലാം തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടുള്ള സ്നേഹം കാരണമാണ് ഖിലാഫത്തിനോട് ഈ ബന്ധം ഉള്ളത്.

അതുകൊണ്ട് കാണുന്ന കണ്ണുകൾക്ക്, ചിന്തിക്കുന്ന മനസ്സുകൾക്ക്ഇതെല്ലാം തന്നെ അല്ലാഹുവിനോടുള്ള വിശ്വാസ വും ജമാഅത്തിന്റെ സത്യതയും സുദൃ ഢപ്പെടുത്തുന്നതായിരിക്കും.

ആ മഹാത്മാവ് സത്യവാനായ ഒരഹ്മദിയുടെ മറ്റൊരടയാളം പറഞ്ഞത് ബൈഅത്തിൽ വന്നതിനു ശേഷം അവർക്ക് അല്ലാഹുവിനോടുള്ള സ്നേഹം വർദ്ധിക്കുന്നതാണെന്നാണ്. പറയുന്നു: "അല്ലാഹു ഇക്കാലത്ത് ഒരു സത്യവാനെ അയച്ചു കൊണ്ട് അല്ലാഹുവിനെ സ്നേഹിക്കുന്ന ഒരു ജമാഅത്തിനെ ഉണ്ടാക്കാൻ ഉദ്ദേശിക്കുകയുണ്ടായി" അതിനാൽ നാം ഓരോരുത്തരും ഒരാത്മപരിശോധന നടത്തുക. അല്ലാഹു വിനോടുള്ള സ്നേഹത്തിൽ നാം എത്രമാത്രം മുന്നേറിയിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ അല്ലാഹു കൽപ്പിച്ച സദ്പ്രവൃത്തികൾ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി നാം ചെയ്യുന്നു ണ്ടോ? അത് അന്വേഷിച്ചു കണ്ടെത്തി അവ നടപ്പിൽ വരുത്തുന്നുണ്ടോ? ഇതൊന്നും നാം ചെയ്യുന്നില്ലെങ്കിൽ നാം അസ്ലാനം (ഇസ് ലാമിൽ പ്രവേശിച്ചു എന്നു മാത്രം) പറയുന്ന ആ താഴ്ന്ന അവസ്ഥയിലാണുള്ളത്.

നാം വിശ്വാസത്തിൽ സുദൃഢരാക ണമെന്ന് അല്ലാഹു നമ്മോട് ആവശ്യപ്പെ ടുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "നമ്മുടെ ജമാഅത്തും നാമും എല്ലാം തന്നെ അല്ലാഹുവിന്റെ സഹായ ത്തിന് അർഹരായിത്തീരുന്നത് സിറാത്തെ മുസ്തഖീമിൽ ചരിക്കുമ്പോഴും തിരു നബി (സ) യെ പരിപൂർണമായും പിൻ പറ്റുമ്പോഴും വിശുദ്ധ ഖുർആന്റെ പവിത്രമായ അദ്ധ്യാപനങ്ങളെ തങ്ങളുടെ ജീവിത മാർഗ രേഖയായി സ്വീകരിക്കു മ്പോഴും ഇവയെല്ലാം നമ്മുടെ അവസ്ഥ യിലും കർമത്തിലും പ്രകടമാകു മ്പോഴുമാണ്." ഇതനുസരിച്ച് പ്രവർത്തി ക്കുന്നവരാണെന്ന് നമ്മുടെ പ്രവർത്തനം സാക്ഷ്യം പറയണം. വെറും വാക്കുകൾ പോരാ. ഈ മാർഗം നാം സ്വീകരിക്കു കയാണെങ്കിൽ ലോകം മുഴുവനും നമ്മെ നശിപ്പിക്കാൻ ഉദ്ദേശിച്ചാൽ പോലും നാം നശിപ്പിക്കപ്പെടുകയില്ല എന്നോർക്കുക. കാരണം അല്ലാഹു നമ്മോടൊ പ്പമുണ്ടാകും. എന്നാൽ നാം അല്ലാഹു വിന്റെ ധിക്കാരികളും അവനോട് ബന്ധം വിച്ഛേദിക്കുന്നവരുമായി മാറിയിട്ടുണ്ടെങ്കിൽ നമ്മേ നശിപ്പിക്കാൻ മറ്റാരും ഒരു പദ്ധതിയും ആവിഷ്ക്കരി ക്കേണ്ട കാര്യമില്ല. ഒരു എതിർപ്പിന്റെയും ആവശ്യമില്ല. അവൻ ആദ്യം നമ്മേ നശിപ്പിക്കുന്നതാണ്."

പറയുന്നു: ''ഓർക്കുക തഖ്‌വ സ്വീകരിക്കുന്നില്ലെങ്കിൽ, അല്ലാഹു ഉദ്ദേശിക്കുന്ന നന്മയിൽ നിന്നും ഒരു വലിയ ഭാഗം കരസ്ഥമാക്കുകയും ചെയ്യുന്നില്ലെങ്കിൽ അല്ലാഹു ആദ്യം നിങ്ങളെ തന്നെ നശിപ്പിക്കുന്നതാണ്. കാരണം നിങ്ങൾ ഒരു സത്യത്തെ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. എന്നിട്ട് പ്രവർത്തനത്തിൽ അതിനെ നിഷേധിക്കു ന്നവരായി മാറുന്നു. ബൈഅത്ത് ചെയ്തു എന്നതിൽ ഒരിക്കലും അഹങ്കരിക്കാതി രിക്കുക. പൂർണമായ രീതിയിൽ തഖ്‌വ സ്വീകരിക്കാത്തിടത്തോളം ഒരിക്കലും രക്ഷപ്പെടുകയില്ല. അല്ലാഹുവിന് ആരുമായും കുടുംബ ബന്ധമില്ല. അവൻ ആരോടും വിവേചനം കൽപ്പിക്കുന്നുമില്ല. നമ്മുടെ എതിരാളി കളും അവന്റെ തന്നെ സൃഷ്ടികളാണ്. വിശ്വാസപരമായ കാര്യം മാത്രം ഫലം ചെയ്യില്ല. നിങ്ങളുടെ വാക്കും പ്രവൃത്തിയും ഒന്നായിത്തീ രേണ്ടതാണ്."

തഖ്‌വയിൽ മുന്നേറാനും സദ്പ്രവൃ ത്തിയിൽ ശ്രദ്ധയൂന്നാനും ദുആയുടെ കടമകൾ നിറവേറ്റുന്ന തിലേക്കും ജമാഅത്തിന്റെ ശ്രദ്ധക്ഷണിച്ചു കൊണ്ടു പറയുന്നു: ''തിന്മയിൽ നിന്നും രക്ഷപ്പെടുക എന്നത് മാത്രം വലിയ ശ്രേഷ്ഠതയൊന്നുമല്ല. നമ്മുടെ ജമാഅത്തിലുള്ളവർ ഇതിൽ മാത്രം പ്രവർത്തനത്തെ ഒതുക്കരുത്. രണ്ട് രീതിയിലുള്ള ശ്രേഷ്ഠതകളും കൈവരി ക്കാൻ അവർ പ്രയത്നിക്കേണ്ടതാണ്. അതിനായി കഠിന പ്രയത്നവും പ്രാർഥ നയും വേണം. അതായത് തിന്മയിൽ നിന്നും രക്ഷപ്പെടുക. നന്മചെയ്യുക."

ഒരു മനുഷ്യൻ മറ്റൊരാളിൽ തന്റെ പ്രവർത്തനം മുഖേനയാണ് സ്വാധീനം ചെലുത്തുക. അതുകൊണ്ടാണ് പറഞ്ഞത് നിങ്ങളുടെ വാക്കും പ്രവൃത്തിയും ഒന്നായിത്തീരേണ്ടതാണ്. ദഅ്‌വത്തെ ഇലല്ലാഹ് ചെയ്യുന്നവരോട് സദ്പ്രവൃത്തി ചെയ്യാനും അല്ലാഹു പറഞ്ഞത് അതിനാണ്. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ''മൃദുലനയം സ്വീകരിക്കുക. ഈ പ്രസ്ഥാനത്തിന്റെ സത്യത നിങ്ങളുടെ പരിശുദ്ധ അന്തരംഗം മുഖേനയും പാവനമായ പ്രവർത്തനം മുഖേനയും സാക്ഷ്യപ്പെടുത്തുക. ഇത് എന്റെ ഉപദേശമാണ്. ഇത് ഓർമവെക്കുക"

ഈ പ്രസ്ഥാനത്തിന്റെ സത്യത ലോകത്തിന് മനസ്സിലാകുന്നത് നമ്മുടെ അകവും പുറവും ഒന്നായിത്തീരു മ്പോഴാണ്. നമ്മുടെ വാക്കും പ്രവൃത്തി യും ഒന്നായിത്തീരുമ്പോഴാണ്. നവാഗ തർക്ക് ഇസ്‌ലാമിന്റെ മനോഹര സന്ദേശം കേൾപ്പിച്ചുകൊണ്ട് നമ്മിൽ അവരെ ഉൾക്കൊള്ളിക്കുമ്പോഴാണ്. വർണ വർഗ ജാതിയുടെ അതിർ വരമ്പുകളെ ഇല്ലാ താക്കി എല്ലാവരേയും നമ്മിൽ സമന്വയി പ്പിച്ചുകൊണ്ട് യഥാർഥ ഇസ്‌ലാമിക സാഹോദര്യം സ്ഥാപിക്കുമ്പോഴാ യിരിക്കും. നമ്മുടെ ബന്ധുക്കളെപ്പോലെ അവരോട് പെരുമാറേണ്ടതായി വരും.

ആഫ്രിക്കൻ അമേരിക്കൻ വിഭാഗ ത്തിൽപ്പെട്ട പലരും കഴിഞ്ഞ കാല ങ്ങളിൽ അഹ്മദികളായിട്ടുണ്ട്. അവരുടെ സന്താനങ്ങൾ ജമാഅത്തിൽ നിന്നും അകലുകയുണ്ടായി. അതിനുള്ള കാരണ ങ്ങളിൽ ഒന്ന് ഇതുമായി ബന്ധപ്പെട്ടുവന്ന പരാതികൾ പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലായത് പാകിസ്താൻ അഹ്മദി കളിൽ ഭൂരിഭാഗവും യഥാർഥ അർഥ ത്തിൽ അവരെ തങ്ങളിൽ ഉൾക്കൊണ്ടില്ല എന്നതാണ്. ഇസ്‌ലാമിന്റെ അദ്ധ്യാപനം അവർക്ക് കേൾപ്പിച്ചു കൊടുത്തു. എന്നാൽ അതനുസരിച്ച് പ്രവർത്തിച്ചില്ല. വിശ്വാസത്തിലേക്ക് നോക്കാതെ ജനങ്ങളെ നോക്കി എന്നത് ജമാഅ ത്തിൽനിന്നും അകന്നവരുടെ ദൗർഭാഗ്യം തന്നെയാണ്. എന്നാൽ അവരുടെ വഴികേടിന് കാരണമായവരും ഈ ദൗർഭാ ഗ്യത്തിൽ ഉൾപ്പെടുകയാണ്. അതു കൊണ്ട് ഇക്കാര്യത്തിലേക്കും ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരു ഉദ്ധരണികൂടി ഞാൻ കേൾപ്പി ക്കുകയാണ്. പറയുന്നു: "വസ്ത്രങ്ങൾ

ഉന്നതമായിട്ടുള്ളവരും ധനികരും തിന്നും കുടിച്ചും ജീവിക്കുന്നവരല്ല അല്ലാഹുവിന്റെ പ്രിയപ്പെട്ടവർ എന്നകാര്യം ഓർക്കുക. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നവരാണ് അല്ലാഹുവിന് ഇഷ്ടപ്പെട്ടവർ. അവർ പൂർണമായും അല്ലാഹുവിനായിത്തീരുന്നു. അതുകൊണ്ട് നിങ്ങൾ ഈ രണ്ടാമത് പറഞ്ഞ കാര്യത്തിലേക്ക് ശ്രദ്ധിക്കുക. ആദ്യത്തെ കാര്യത്തിലേക്കല്ല.

പറയുന്നു: അവന്റെ വാഗ്ദാനങ്ങളിൽ ഒന്ന് ഇതുമാണ്:

**വജാഇലുല്ലദീന ത്തബഊക്ക ഫൗകല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമ** നിന്നെ പിൻ പറ്റുന്നവർക്ക് നിന്റെ നിഷേധികൾക്കു മേൽ ഖിയാമത്ത് നാൾ വരെ വിജയം നൽകുന്നതാണ്. എന്റെ അനുയായികൾക്ക് എന്റെ എതിരാളികൾക്കും നിഷേധികൾക്കും മേൽ വിജയം നൽകും എന്നത് സത്യം തന്നെയാണ്. എന്നാൽ ഇവിടെ ചിന്തനീയമായ വിഷയം എന്റെ കയ്യിൽ ബൈഅത്ത് ചെയ്തതു കൊണ്ട് മാത്രം എന്റെ അനുയായി വൃത്തത്തിൽ പ്രവേശിക്കുമോ എന്നതാണ്. അനുസരണത്തിന്റെ പൂർണമായ മാതൃക തങ്ങളിൽ ഉണ്ടാക്കാത്തിടത്തോളം അനുസാരികളിൽ ഉൾപ്പെടുന്നതല്ല. പൂർണമായ അനുസരണമായിരിക്കണം. അതായത് അനുസരണത്തിൽ തന്നെ പൂർണമായും ലയിപ്പിക്കണം. എന്റെ കാൽപ്പാടുകളെ അനുപദം അനുഗമിക്കണം. ഇതു ചെയ്യാത്തതുവരെ അനുയായി എന്നു പറയാൻ പറ്റില്ല. ഇതിൽ നിന്നും മനസ്സിലാകുന്നത് എന്നെ അനുസരിക്കുന്നതിൽ തങ്ങളെ പൂർണമായും ലയിപ്പിക്കുന്ന ഒരു ജമാഅത്തിനേയാണ് എനിക്കായി അല്ലാഹു ഉണ്ടാക്കാൻ ഉദ്ദേശിച്ചതെന്നാണ്. എന്നെ പൂർണമായും അനുധാവനം ചെയ്യുന്നവരായിരിക്കും അവർ. ഇതിലൂടെ എനിക്ക് സംതൃപ്തി കൈവരുന്നു. എന്റെ ദു:ഖം പ്രതീക്ഷയായി പരിവർത്തിക്കപ്പെടുകയും ചെയ്യുന്നു.”

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് പൂർണമായി അദ്ദേഹത്തെ അനുഗമിക്കുന്ന ജമാഅത്തിനെ ഉണ്ടാക്കാനുള്ള ചിന്തയാണുണ്ടായിരുന്നത്. ഈ ദു:ഖത്താൽ അദ്ദേഹം അസ്വസ്ഥനാകാറുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ഖിയാമത്ത്നാൾ വരെ അങ്ങനെയുള്ള ആളുകൾ ഉണ്ടാകുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുകയുണ്ടായി. അതുകൊണ്ട് ഇങ്ങനെയുള്ള ആളുകൾ ഉണ്ടാകുമെന്ന് എനിക്ക് പ്രതീക്ഷയുമുണ്ട്.

അല്ലാഹു തന്റെ ഫള്ലിനാൽ ഹ : മസീഹ് മൗഊദ് (അ) ന് സമ്പൂർണമായി പിൻപറ്റുന്ന ആത്മാർത്ഥരായ ആളുകളെ നൽകുകയുണ്ടായി. നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ നാം നമ്മെക്കുറിച്ച് എപ്പോഴും ചിന്തിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ആഗ്രഹിക്കുന്ന ആ സ്ഥാനം കരസ്ഥമാക്കുന്നവരായി നമ്മിൽ ഓരോരുത്തരും മാറേണ്ടതാണ്. ഈ സ്ഥാനം കരസ്ഥമാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. അങ്ങനെ അഹ്മദിയ്യത്തിന്റെ വിജയത്തെ സ്വന്തം കണ്ണുകളെ കൊണ്ട് കാണാൻ നമുക്ക് സാധിക്കുമാറാകട്ടെ.

(വിവ: എം. നാസിർ അഹ്മദ് കൊടിയത്തൂർ)


MTA INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

## ജുമുഅ ഖുത്ബ

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.

www.mta.tv

# മൂങ്ങ: അസാധാരണമായ ഒരു ദൈവിക സൃഷ്ടി

**മിർസാ താഹിർ അഹ്മദ് (റഹ്)**
**ഖലീഫത്തുൽ മസീഹ് നാലാമൻ**



പാശ്ചാത്യൻ നാടുകളിൽ ബുദ്ധിമാന്റെ പ്രതീകവും പൗരസ്ത്യനാടുകളിൽ വിഡ്ഢിത്ത്വത്തിന്റെ പ്രതീകവുമാണ് മൂങ്ങ. ഒരുപക്ഷേ മൂങ്ങ ബുദ്ധിമാനായിരിക്കും. പക്ഷേ, പാശ്ചാത്യ നാടുകളിലെ ഏറ്റവും വലിയ ബുദ്ധിശാലിക്ക് പോലും അതിന്റെ ശ്രവണ വ്യവസ്ഥയോ പ്രവർത്തന സങ്കേതങ്ങളോ രൂപകല്പന ചെയ്യാൻ സാധ്യമല്ല. മൂങ്ങയുടെ ശ്രവണ വ്യവസ്ഥയുടെ പ്രത്യേകതകൾ മനസ്സിലാക്കുവാൻ മനുഷ്യന്റെ ശ്രവണവ്യവസ്ഥയുമായി അതിനെ താരതമ്യം ചെയ്യാൻ നാം വായനക്കാരനോട് അഭ്യർഥിക്കുകയാണ്. മനുഷ്യന്റെ ചെവി മിക്ക മൃഗങ്ങളുടേതുമെന്ന പോലെ രണ്ടു ഗ്രാഹികളായി (Receptacle) വിഭജിക്കപ്പെട്ടിരിക്കുന്നു. ഉന്നതക്കിടയിലുള്ള മിക്ക മൃഗങ്ങളിലും അവ ഒരുപോലെയും ഒരേ ഉദ്ദേശ്യത്തിനു വേണ്ടിയുള്ളതുമാണ്. രണ്ട് ചെവികളും ശേഖരിക്കുന്ന വിവരങ്ങൾ മസ്തിഷ്ക്കമാണ് ഏകോപിപ്പിച്ച് ഒറ്റ ശബ്ദമാക്കി മാറ്റുന്നത്. ഇതാണ് ശബ്ദത്തിന്റെ സ്രോതസ്സും ദിശയും ഏത് ഭാഗത്താണെന്ന് നമ്മെ അറിയിക്കുന്നത്. ഒരു ചെവി കൊണ്ട് കേൾക്കുന്നയാൾക്ക് ആ ശബ്ദത്തിന്റെ ഉറവിടം എവിടെയാണെന്ന് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാവും. രണ്ട് ചെവികളും തലയിലെ രണ്ട് വ്യത്യസ്ത സ്ഥാനങ്ങളിലായി സ്ഥാപിച്ചത് അത് രൂപകല്പന ചെയ്തയാളുടെ സൃഷ്ടിവൈഭവത്തിന് അത് തന്നെ മഹത്തായ ആദരാഞ്ജലികളർപ്പിക്കുന്നു. പക്ഷേ ശബ്ദ എഞ്ചിനീയറിങ്ങിന്റെ ഈ മഹിഷ്ഠമായ ഉൽപന്നത്തിന് യാതൊരു ഡിസൈനിങ്ങിന്റേയും ആവശ്യമില്ല എന്നാണ് പ്രകൃതി വാദികളായ ശാസ് ത്രജ്ഞൻമാർ പറയുന്നത്. ഇത് ഉദ്ദേശ്യപൂർവം രൂപകല്പന ചെയതതോ സൃഷ്ടിക്കപ്പെട്ടതോ അല്ല എന്നും സർഗാത്മകതയില്ലാത്ത ബോധശൂന്യമായ ചില തത്ത്വങ്ങളാണ് ശ്രവണ വ്യവസ്ഥ സൃഷ്ടിച്ചതെന്നും അവർ അഭിപ്രായപ്പെടുന്നു. അതിന് ശേഷം അവർ എത്ര ആഹ്ളാദഭരിതരായാണ് പുഞ്ചിരി പൊഴിക്കുന്നത്! എന്നിട്ടവർ പറയും: *'അതെ നിങ്ങൾക്കിപ്പോഴാണ് കാര്യം പിടികിട്ടിയത്'* എന്ന്. അത്തരം സന്ദർഭത്തിൽ ബുദ്ധിമാനായ മൂങ്ങയുടെ ചിരിക്ക് അവരുടെ ചിരിയുമായി കാര്യമായ വ്യത്യാസമുണ്ടോ? ഇവിടെ നാം അക്കാ ര്യം കൂടുതൽ വിശദീകരിക്കാനാഗ്രഹിക്കുന്നില്ല.

മൂങ്ങയുടെ ചെവി മൊത്തത്തിൽ സങ്കീർണ ഘടനയോടു കൂടിയതും ഒരേ നിരയിലല്ലാത്തതുമാണ്. എന്നുമാത്രമല്ല മറ്റു മൃഗങ്ങളിൽ നിന്ന് അത് തികച്ചും വ്യത്യസ്തമായി നിലകൊള്ളുകയും ചെയ്യുന്നു. മൂങ്ങയുടെ ഇടത്തേയും വലത്തേയും ചെവികൾ ചെറിയ വ്യത്യാസത്തോടെ രണ്ട് വ്യത്യസ്ത ദിശകളിലേക്കാണ് എഴുന്നു നിൽക്കുന്നത്. ഈ വ്യത്യാസം നല്ലത് പോലെ അളന്നു തിട്ടപ്പെടുത്തിയതും ഒരു പ്രത്യേക ആവശ്യത്തിനു വേണ്ടി സൂക്ഷ്മമായി സംവിധാനം ചെയ്യപ്പെട്ടതുമാണ്. മൂങ്ങയുടെ ചെവിയുടെ ഈ വ്യത്യാസം കുറച്ച് ക്രമരഹിതമായ ഒന്നായിരുന്നുവെങ്കിൽ അവ ഉപയോഗശൂന്യമായി പോകുമായിരുന്നു. മൂങ്ങ തന്റെ ആന്തര കർണത്തിലേക്ക് പ്രേഷണം ചെയ്യുന്ന ശബ്ദം അതിന്റെ മസ്തിഷ്ക്കത്തിലേക്ക് വിനിമയം ചെയ്യപ്പെടുകയും ഈ സങ്കീർണതയ്ക്ക് നടുവിലും മൂങ്ങയുടെ തലച്ചോർ തനിക്ക് ലഭിച്ച ശബ്ദ സന്ദേശം എന്താണെന്ന് വിശകലനം ചെയ്ത് മനസ്സിലാക്കുകയും ചെയ്യുന്നു.

മൂങ്ങയുടെ ഈ ശ്രവണ സംവിധാനം മൊത്തത്തിൽ അതുല്യവും അങ്ങേയറ്റം സൂക്ഷ്മസങ്കീർണവുമാണ്. തികഞ്ഞ കൂരിരുട്ടിൽ പോലും മൂങ്ങക്ക് തന്റെ ഇരയെ യാതൊരു പിഴവും കൂടാതെ പിടിക്കാൻ ഈ ശ്രവണ സംവിധാനം മുഖേന സാധിക്കുന്നു. മൂങ്ങയുടെ നിഗൂഢവും അസാധാരണവുമായ ഈ ശ്രവണശേഷിയെപ്പറ്റി കൃത്യമായി മനസ്സിലാക്കാൻ ശാസ്ത്രലോകം അദ്ഭുതകരമായ ഒരു ശ്രമം നടത്തുകയുണ്ടായി. ഏറ്റവും നൂതനമായ ഇലക്ട്രോണിക് സംവിധാനങ്ങൾ ഉപയോഗിച്ചു കൊണ്ടായിരുന്നു ഈ പഠനം നടത്തിയിരുന്നത്. നമ്മുടെ അറിവിൽപ്പെട്ടിടത്തോളം ഏറ്റവും മികച്ച

രീതിയിൽ ഇതിനെക്കുറിച്ച് പഠനം നടത്തിയത് കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ബിഹേവിയറൽ ബയോളജിയിൽ പ്രൊഫസറായ മസാക്കസു കൊണിഷിബിങ്ങും (Masakazu Konishibing) അദ്ദേഹത്തിന്റെ സഹപ്രവർത്തകരുമാണ്. അവരുടെ പഠനം '*സയന്റിഫിക് അമേരിക്ക*' ഏപ്രിൽ 1993ൽ പ്രസിദ്ധീകരിച്ചിരുന്നു. നാം താഴെ പറയുന്ന വിവരങ്ങൾ ഈ ലേഖനത്തിൽ നിന്നാണ് ശേഖരിച്ചത്. നമ്മുടെ ഈ ഹ്രസ്വവിവരണം മഹത്തായ അവരുടെ പഠനത്തോട് നീതി പുലർത്തിയിട്ടില്ല. ആർക്കെങ്കിലും ഇത് സംബന്ധിച്ച് ശാസ്ത്രീയവും ഗണിതപരവുമായ വിവരങ്ങൾ വേണമെന്നുണ്ടെങ്കിൽ ഈ പണ്ഡിതോചിതമായ പഠനത്തിൽ നിന്നും ധാരാളം വിവരങ്ങൾ ലഭിക്കുന്നതാണ്.

രാത്രിയുടെ യാമങ്ങളിൽ കൊഴിഞ്ഞ ഇലകൾക്കിടയിലൂടെ ഒരു എലി സഞ്ചരിക്കുമ്പോഴുണ്ടാകുന്ന നേരിയ ശബ്ദം പോലും പിടിച്ചെടുക്കാൻ മൂങ്ങയുടെ അതുല്യമായ ശബ്ദ ശ്രവണ സംവിധാനത്തിന് സാധ്യമാവും. ഇര എത്ര ദൂരെയാണെന്നും ഏത് ദിശയിലാണെന്നും ഏത് സ്ഥലത്താണ് അവ ഒളിച്ചിരിക്കുന്നതെന്നും വളരെ കൃത്യമായി മൂങ്ങക്ക് നിർണയിക്കാൻ കഴിയുന്നു. മില്ലിമീറ്റർ വ്യത്യാസം പോലും അത് കൃത്യമായി ഗണിച്ചെടുക്കുന്നു. കൂരിരുട്ടിൽ യാതൊരു ചിറകടി ശബ്ദമില്ലാതെ റാകിപ്പറന്ന് വന്ന് അതിന്റെ കാൽ നഖത്തിൽ എലിയെ റാഞ്ചിയെടുത്തു കൊണ്ടുപോകുന്നു. എലിയുടെ അടിയിലെ മണ്ണിനു പോലും യാതൊരു ഇളക്കവുമുണ്ടാകില്ല അത്രയും സൂക്ഷ്മമായാണ് ഇരയെ പിടിക്കുന്നത്. ആരാണ് ഈ ചെവി രൂപപ്പെടുത്തിയത്? എങ്ങനെയാണ് അത് രൂപപ്പെടുത്തിയത്? അതിവിദഗ്ധനായ ഒരു പ്ലാസ്റ്റിക് സർജന് ഏതെങ്കിലും അന്ധന്റെ നഷ്ടപ്പെട്ട കാഴ്ചക്ക് പകരം ഇത്തരം ഒരു ചെവി രൂപവും സ്ഥാനവും മാറ്റിവെച്ച് പ്രവർത്തിപ്പിക്കാനാകുമോ? കൂരിരുട്ടിൽ ശ്രവണ ശക്തി ഉപയോഗിച്ച് മൂങ്ങ പ്രവർത്തിക്കുന്നത് പോലെ അയാൾക്ക് അനായാസം പ്രവർത്തിക്കാനാകുമോ?

അന്ധമായ പരിണാമത്തെ പറ്റി അവർ എന്തുതന്നെ പറഞ്ഞാലും അത്തരമൊരു മഹിഷ്ഠ വസ്തുവിന്റെ വിദഗ്ധമായ നിർമാണത്തിൽ യാദൃച്ഛികതക്കും പ്രകൃതി നിർദ്ധാരണത്തിനും യാതൊരു ക്രിയാത്മകമായ പങ്കും നിർവഹിക്കാനില്ല. അവ തിരഞ്ഞെടുക്കുന്ന വസ്തുവിനെ അതിജീവിക്കാനനുവദിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. മനുഷ്യന്റെ ഗ്രാഹ്യശക്തിക്കതീതമായ പ്രകോപനപരമായ വിശ്വാസം വെച്ചു പുലർത്തിയും സർഗാത്മക പ്രക്രിയയുടെ വൈരുദ്ധ്യങ്ങളുടെ യാഥാർഥ്യം അംഗീകരിച്ചു കൊണ്ടും എങ്ങനെയാണ് പ്രകൃതി വാദികളായ ശാസ്ത്രജ്ഞൻമാർക്ക് ശാന്തചിത്തരായി നില കൊള്ളാൻ കഴിയുന്നത്.

വവ്വാലിന്റെ ചെവിയുടെ ഘടനയും ഹ്രസ്വമായ രീതിയിൽ വിവരിക്കാൻ കഴിയാത്ത ഒരു വിഷയമാണ്. വവ്വാലിന്റെ ഇടച്ചെവിയുടേയും ഉൾച്ചെവിയുടേയും സൂക്ഷ്മമായ നിർമാണം പൊതുവേ മനുഷ്യന്റേത് പോലെയാണ്. ഇത് കൂടാതെ വവ്വാലിന്റെ പ്രത്യേക ആവശ്യങ്ങൾക്ക് ഉതകുന്ന സവിശേഷതകൾ അതിന്റെ ചെവിക്ക് മാത്രമുള്ളതാണ്. അതാകട്ടെ അവയുടെ ആവശ്യങ്ങളുമായി തികച്ചും പൊരുത്തപ്പെട്ടിരിക്കുന്നു.

മറ്റൊരു കാര്യം പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. അത് ചെറിയ പ്രാണികളെ ഭക്ഷിക്കുന്ന വവ്വാലുകളുടെ ചെവിയെ സംബന്ധിച്ചുള്ളതാണ്. അവയുടെ ശബ്ദ സംവിധാനം വളരെ സങ്കീർണമാണ്. ഏറ്റവും ആധുനികമായി നിർമിക്കപ്പെട്ട സോണാർ സിസ്റ്റത്തിന്റെ നിർമാതാക്കളായ വിദഗ്ധരായ ശാസ്ത്രജ്ഞൻമാരെ പോലും ലജ്ജിപ്പിക്കുന്നതാണ് വവ്വാലിന്റെ ശബ്ദ സംവിധാനം. ഈ വവ്വാലുകൾ അദ്ഭുതകരമായ വേഗത്തിൽ ഇരുട്ടിൽ പറക്കാൻ കഴിയുന്നവയാണ്. അതിന്റെ ശബ്ദോൽപാദന അവയവവും അതിന്റെ പ്രതിധ്വനി സ്വീകരിക്കുന്ന സ്വീകരണികളായ ചെവികളും അവികലമായ രീതിയിൽ പരിസ്ഥിതിയുമായി പൂർണമായും പൊരുത്തപ്പെട്ട് പ്രവർത്തിക്കുന്നു. കീടങ്ങളെ തിന്നുന്ന വവ്വാൽ ശീഘ്രവേഗത്തിൽ നിശ്ശബ്ദമായി സഞ്ചരിക്കുന്നു. അപ്പോൾ അവ ഉന്നത ആവൃത്തിയിലുള്ള ശബ്ദം പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഈ ശബ്ദത്തെ പ്രതിരോധിക്കുന്ന വിധത്തിൽ വവ്വാലിൽ സംവിധാനങ്ങളില്ലായിരുന്നുവെങ്കിൽ അതിന്റെ ചെവിക്ക് തന്നെ ആ ശബ്ദം കേടു വരുത്തുമായിരുന്നു. വവ്വാലിന്റെ മധ്യ ചെവിയിൽ മൂന്ന് അസ്ഥികളോട് ചേർന്ന് ബന്ധിപ്പിച്ചിട്ടുള്ള സ്റ്റാപീഡിയസ് (Stapedius)പേശികൾ മുഖേനയാണ് ഈ പ്രശ്നം പരിഹരിക്കപ്പെട്ടിരിക്കുന്നത്. മല്ല്യസ് (Malleus), ഇൻകസ്(Incus), സ്റ്റേപ്സ് (Stapes) എന്നിങ്ങനെയാണ് അവയുടെ പേരുകൾ. ഈ പേശികളാണ് ഉൾച്ചെവിയിലേക്ക് ശബ്ദം പ്രക്ഷേപണം ചെയ്യുന്നത്. വവ്വാൽ പുറപ്പെടുവിക്കുന്ന ശബ്ദത്തിന്റെ ഓരോ സ്പന്ദനവും സ്റ്റേപ്സിനെ പ്രസ്തുത പേശികൾ ഒരു വശത്തേക്ക് നീക്കും. ഈ സ്റ്റേപുകൾ കർണപാളിയുമായി തൊട്ടു നിൽക്കുന്നു. അതുകൊണ്ട് ശബ്ദത്തിന്റെ കമ്പനങ്ങൾ നേരിട്ട് ഉൾചെവിയിലേക്ക് പ്രവേശിക്കുന്നില്ല. വവ്വാൽ ഉന്നത ആവൃത്തിയിൽ പുറപ്പെടുവിക്കുന്ന ഓരോ ശബ്ദ സ്പന്ദനവേളയിലും കർണപാളിയോട് തൊട്ട് നിൽക്കുന്ന സ്റ്റേപുകളുടെ ബന്ധം വിച്ഛേദിക്കപ്പെടുകയും വീണ്ടും ബന്ധം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ സംയോജനത്തിന്റെയും വിച്ഛേദനത്തിന്റേയും (Make and Break)ക്രമീകരണത്തിലൂടെ ഉന്നത ആവർത്തിയിൽ ഈ സംവിധാനം തുടർച്ചയായി പ്രവർത്തിക്കുന്നു. ഇത്തരം വവ്വാലുകൾ സെക്കന്റിൽ 200 തവണ ശബ്ദങ്ങൾ കമ്പനം ചെയ്യിക്കുന്നു. ഇത്രയും ശീഘ്രഗതിയിൽ സ്പന്ദിക്കുമ്പോഴും പേശികൾ അതിനനുസൃതമായി സ്പന്ദനം നിലനിറുത്തുന്നു. എന്നാൽ വവ്വാൽ പുറപ്പെടുവിക്കുന്ന ശബ്ദം ഏതെങ്കിലും കട്ടിയുള്ള പ്രതലത്തിൽ തട്ടി പ്രതിധ്വനിച്ചു ചെവിയിലേക്ക് തന്നെ തിരിച്ചു ചെല്ലുമ്പോൾ അസ്ഥികളും കർണപാളിയും (Eardrum) ആയുള്ള ബന്ധം ഉടൻ പുനഃസ്ഥാപിക്കപ്പെടുന്നു. അതുകൊണ്ട് വവ്വാലിന് അതിന്റെ പറക്കലിനിടയിലുള്ള എണ്ണമറ്റ ബന്ധ-വിച്ഛേദനത്തിന്റെ ഇടവേളകളിൽ ഒരു പ്രതിധ്വനിയും ഒരിക്കലും നഷ്ടപ്പെടുന്നില്ല. എങ്ങനെയാണ് വവ്വാലിന് ഈ മാന്ത്രിക സ്പന്ദനം ചെവിയിലൂടെ ഗ്രഹിക്കാൻ സാധിക്കുന്നത്? ഉൾചെവിയിലേക്ക് ഒരു തരംഗം പോലും കടക്കാനനുവദിക്കാതെ സെക്കന്റിൽ 200 ശബ്ദവീചികൾ പുറപ്പെടുവിക്കുകയും 200 തവണ പേശികൾ ബന്ധിപ്പിക്കുകയും അതേസമയം തന്നെ പ്രതിധ്വനിച്ച് മടങ്ങി വരുന്ന തരംഗങ്ങളെ ഒന്നു പോലും നഷ്ടപ്പെടാതെ സ്വീകരിക്കുകയും ചെയ്യുന്ന കാര്യം ഒന്നു ആലോചിച്ചു നോക്കൂ. വവ്വാലിന്റെ ചെവി ശബ്ദങ്ങളുടെയും പ്രതിദ്ധ്വനികളുടേയും അദ്ഭുതകരമായ സങ്കീർണലോകത്ത് വെച്ചാണ് അതിന്റെ ധർമം നിർവഹിക്കുന്നത്. വവ്വാൽ പുറപ്പെടുവിച്ച ശബ്ദത്തിന്റെ പ്രതിദ്ധ്വനികളാവട്ടെ വിവിധങ്ങളായ ആവൃത്തി (Freequency) യിലുള്ളതുമാണ്. ആയിരക്കണക്കിന് വവ്വാലുകൾക്ക് ഒരു ചെറിയ മുറിയിൽ കൂരിരുളിൽ വിവിധ ആവൃത്തികളുള്ള ശബ്ദവീചികൾ പുറപ്പെടുവിച്ച് പറക്കാൻ കഴിയും. വവ്വാൽ ശബ്ദങ്ങൾ തിരിച്ചറിയുമ്പോൾ ഒന്നിനൊന്ന് കൂടികുഴഞ്ഞു പോകുന്നില്ല. ഓരോ ശബ്ദ വീചി

കളും ഓരോ അടയാളങ്ങളെ പ്രതിനിധാനം ചെയ്യുന്നത തരത്തിൽ വവ്വാലുകൾ തിരിച്ചറിയുന്നു.

ശബ്ദാവൃത്തിയുടെ ബോധപൂർവമുള്ള നിയന്ത്രണമാണ് ഈ വ്യവസ്ഥയുടെ അദ്ഭുതകരമായ ഭാഗം. കൂടുതൽ വേഗത്തിൽ സ്പന്ദിക്കുമ്പോൾ ഞൊടിയിടക്കുള്ളിൽ കൂടുതൽ പുതിയ വിവരങ്ങൾ കിട്ടികൊണ്ടിരിക്കുന്നു. അങ്ങനെ വവ്വാലിന് എന്തെങ്കിലും മാർഗതടസ്സമുണ്ടെങ്കിൽ അത് സുരക്ഷിതമായി തിരിച്ചറിഞ്ഞ് ഒഴിഞ്ഞു പോകാൻ കഴിയുന്നു. തിങ്ങി നിറഞ്ഞ ഇരുൾ മുറ്റിയ കൊടുങ്കാടുകളിലെ എണ്ണമറ്റ വൃക്ഷശാഖകളിലൊന്നിലും തട്ടിമുട്ടാതെ വവ്വാലിന് സുരക്ഷിതമായി സഞ്ചരിക്കാൻ സാധിക്കുന്നു. വവ്വാൽ ഗുഹകളിൽ അവയുടെ പറക്കൽ, ഗുഹയുടെ ആകൃതി വടിവിനേയും, പാറയുടെ പരുപരുത്ത ഉപരിതലത്തേയും ആശ്രയിച്ചാണ് നിർവഹിക്കുക. ഒരു വവ്വാൽ മറ്റൊരു വവ്വാലിനെയോ മറ്റെന്തങ്കിലും മുഴച്ചു നിൽക്കുന്ന വസ്തുക്കളിലോ ചെന്നിടിക്കില്ല. അതിന് ഒരു മുടിനാരിഴയേക്കാൾ നേരിയ നൂല് പോലും തിരിച്ചറിഞ്ഞു കൂട്ടിയിടി ഒഴിവാക്കാൻ സാധിക്കും. ഇതെല്ലാം നിർവഹിക്കപ്പെടുന്നത് ശബ്ദ സിഗ്നലുകളും അവയുടെ ആവൃത്തിയേയും ശബ്ദങ്ങളുടെ ശ്രുതി (Pitch) യേയും ഉപയോഗപ്പെടുത്തിയാണ്.

ചില വവ്വാലുകൾക്ക് ആവശ്യം വരുമ്പോൾ ഒരു സെക്കന്റിൽ 200 സ്പന്ദനങ്ങൾ വരെ പുറപ്പെടുവിക്കാൻ സാധിക്കും. ഓരോന്നും ഒരു സെക്കന്റിന്റെ ആയിരത്തിലൊന്ന് സമയത്തേക്ക് മാത്രം നീണ്ടു നിൽക്കുന്നതായിരിക്കും. ഇത്തരത്തിലുള്ള മറ്റു ശബ്ദങ്ങളിൽ നിന്ന് അത് വേറിട്ട് തിരിച്ചറിയപ്പെടുകയും ചെയ്യുന്നു. ചെവിക്കുള്ളിലെ ബന്ധം സ്ഥാപിച്ചും വിച്ഛേദിച്ചും കൊണ്ടുള്ള സംവിധാനം നിരന്തരം അതേ വേഗത്തിൽ തന്നെ ഇതോടൊപ്പം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് മൂലമാണ് ഇത് സാധ്യമാകുന്നത്. വവ്വാലിന്റെ ചെവിയിലെ കർണപാളിയോട് ബന്ധിച്ച അസ്ഥികൾ, (മനുഷ്യന്റെ ചെവിയിലെ തരുണാസ്ഥികൾ പോലെയുള്ള അവയവം) കർണപാളിയിൽ നിന്ന് ബന്ധം വിച്ഛേദിക്കുകയും പ്രതിധ്വനിച്ചു വരുന്ന ശബ്ദവീചികൾ (Echo)ചെവിയിൽ തിരിച്ചെത്തുന്നതിന് മുമ്പേ അവയുടെ കർണപാളിയുമായുള്ള ബന്ധം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. ഞൊടിയിടക്കുള്ളിൽ നടക്കുന്ന ഈ പ്രവർത്തനം ഒരിക്കലും പരാജയപ്പെടുകയില്ല. ഇതെല്ലാം തന്നെ ഉദ്ദേശ്യപൂർവമാണ് വവ്വാൽ നിർവഹിക്കുന്നത്. വവ്വാലിന് എങ്ങനെയാണ് സിഗ്നലുകളുടെ ഫ്രീക്വൻസി ഉയർത്തേണ്ടതെന്നറിയാം. അതിന്റെ ശബ്ദ ശ്രുതിയെ നിയന്ത്രിച്ചു കൊണ്ട് ആവശ്യത്തിനനുസരിച്ച് കൃത്യമായി വവ്വാൽ മാറ്റുന്നു. മറ്റു നൂറായിരം വവ്വാലുകളുടെ സിഗ്നലുകളുമായി കൂട്ടിമുട്ടാതെ ഒരു വവ്വാലിന് അതിന്റെ ഫ്രീക്വൻസി തിരഞ്ഞെടുക്കാനറിയാം. പ്രകൃതി നിർദ്ധാരണത്തിന്റെ ഹസ്തങ്ങൾക്ക് എങ്ങനെയാണ് വവ്വാലിന്റെ കാതുകളും തൊണ്ട യും മസ്തിഷ്ക്കവും ഇത്രമാത്രം അഗാധമായ സൂക്ഷ്മതയോടും പരിപൂർണ സ്വരചേർച്ചയിലും രൂപപ്പെടുത്തിയെടുക്കാൻ സാധിക്കുക? ഒരു മനുഷ്യൻ അവിടെയുണ്ടെങ്കിൽ അയാൾക്ക് വവ്വാലിന്റെ ശബ്ദം കേൾക്കാൻ സാധ്യമല്ല. വവ്വാലിന്റെ മിക്ക ശബ്ദങ്ങളും മനുഷ്യന് കേൾക്കാൻ പറ്റുന്ന ആവൃത്തിയിലല്ല. ഈ ശബ്ദ സിഗ്നലുകളുടെ ബാഹുല്യം മുഴുവനും മനുഷ്യന് കേൾക്കാവുന്നതാണെങ്കിൽ മനുഷ്യന്റെ കർണപാളി പൊട്ടിതകർന്നു പോകും. ഭാഗ്യമെന്ന് പറയട്ടെ ഒരു കാട് നിറയെ വവ്വാലുകളുണ്ടെന്നാലും നമുക്ക് അനുഭവപ്പെടുക നിശബ്ദത മാത്രമായിരിക്കും.

കുറേക്കാലം കണ്ണ് ഉപയോഗിക്കാതിരുന്നാൽ അതിന് ഒരു സങ്കോചം അനുഭവപ്പെടും. അതായത് കുറേക്കാലം ഉപയോഗിക്കാത്ത മനുഷ്യാവയവം ഉപയോഗശൂന്യമാവുന്നത് പോലെ. ദീർഘകാലത്തെ ഉപയോഗമില്ലായ്മ അവയവങ്ങളെ ചുരുക്കി ചുരുക്കി കൊണ്ടു വരികയും അവസാനം അത് ഇല്ലാതാവുകയും ചെയ്യും. ഈ പ്രതിഭാസം ജീവിതത്തിൽ സർവസാധാരണമാണ്. അതുകൊണ്ട് പ്രാണികളെ ഭക്ഷിക്കുന്ന വവ്വാലിന്റെ കണ്ണ് വളരെ ചെറുതായി ചുരുങ്ങിപ്പോവുകയും കാഴ്ചക്കാരന് ഒരു ചെറു ദ്വാരമാണെന്ന് തോന്നുമാറ് ചെറുതായിത്തീരുകയും ചെയ്തിരിക്കുന്നു. എന്നാൽ, പഴവർഗങ്ങൾ ഭക്ഷിക്കുന്ന വവ്വാലിന് ലക്ഷ്യത്തെ കണ്ട് തിരിച്ചറിയാനും സ്ഥലം നിർണയിക്കാനുമുതകുന്ന വലിയ സുന്ദരമായ കണ്ണുകളാണുള്ളത്. വവ്വാലിന്റെ ചെവിയുടെ നിർമിതിയിലേക്ക് തന്നെ നമുക്ക് മടങ്ങി വരാം. മനുഷ്യന്റെ ചെവിയേക്കാൾ സങ്കീർണതയിൽ ഉയർന്നു നിൽക്കുന്നതാണ് വവ്വാലിന്റെ ചെവികളെന്ന് നാം ഇതിന് മുമ്പേ പറഞ്ഞു കഴിഞ്ഞുവല്ലോ. വവ്വാലിന്റെ ചെവിയിൽ കാണുന്ന സംയോജന വിച്ഛേദന സംവിധാനം പരിണാമവാദികളെ സംബന്ധിച്ചിടത്തോളം ഉത്തരമില്ലാത്ത ഒരു ചോദ്യമായി നിൽക്കുന്നു. വവ്വാലിന്റെ ചെവിയിൽ മാത്രം കാണുന്ന ഈ കൊച്ചു പേശികളുടെ സംയോജന വിച്ഛേദന സംവിധാനം നീക്കിക്കളയുകയാണെങ്കിൽ പ്രാണികളെ തിന്നുന്ന വവ്വാലിന്റെ കേൾവി സംവിധാനമാകെ താറുമാറാകും. ഈയൊരു കൊച്ചു പേശി വവ്വാലിൽ സൃഷ്ടിക്കാൻ പ്രകൃതി നിർദ്ധാരണം എന്ത് പങ്കാണ് നിർവഹിച്ചിട്ടുള്ളത്? അതിന്റെ അതിസൂക്ഷ്മമായ നിർമാണവും സ്ഥാപനവും പ്രകൃതി നിർദ്ധാരണം നിർവഹിച്ചതാണെന്ന് പറയാൻ സാധ്യമല്ല. പ്രകൃതി നിർദ്ധാരണത്തിന് നിർവഹിക്കാൻ കഴിയുന്ന ഒരേയൊരു കാര്യം ക്രമരഹിതമായ രീതിയിൽ ഉൽപരിവർത്തനം (Mutation) ഉണ്ടാക്കുന്ന നിരവധി വൈവിധ്യങ്ങളുടെ സാധ്യതകളിൽ നിന്ന് അവസാനം ഒന്നിനെ തിരഞ്ഞെടുക്കുക എന്നത് മാത്രമാണ്. ഒരു സവിശേഷമായ കൃത്യനിർവഹണത്തിന് വേണ്ടി വവ്വാലിന്റെ ഈ പ്രത്യേക പേശിയെ പ്രകൃതിനിർദ്ധാരണത്തിന്റെ ക്രമരഹിതമായ ജീവശക്തിയാണ് രൂപപ്പെടുത്തിയതെന്ന് സങ്കൽപിക്കുവാൻ സാധ്യമല്ല. അതും യാതൊരു രൂപകൽപനയോ, സാങ്കേതികമായി അത് സംബന്ധിച്ചുള്ള അറിവോ, പ്രവർത്തനങ്ങളെ സംബന്ധിച്ച ജ്ഞാനമോ ഇല്ലാത്ത ജീവശക്തിയാണ് ഇത് നിർമിച്ചതെന്ന കാര്യം സങ്കൽപിക്കാൻ സാധ്യമല്ല. സൂക്ഷ്മമായി പ്രവർത്തിക്കുന്ന ഇപ്രകാരം നിർമിച്ച പ്രത്യേക അവയവങ്ങൾ യാദൃച്ഛികമായി സൃഷ്ടിക്കപ്പെട്ടതാണെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാൻ സാധ്യമല്ല.

INTERNATIONAL
Muslim Television
Ahmadiyya
International

# യാതനകളും പീഢകളും എന്തുകൊണ്ട്?

ഡോ. ഇഫ്തിഖാർ അഹ്മദ് അയാസ്

**യാ**തനയുടെയും വേദനയുടെയും സംഹാരാത്മകമായ ഒരു ലോകമാണിന്ന് നാം കാണുന്നത്. ഓരോ ദിവസവും ഇവ നിരവധി ആളുകളെ ബാധിക്കുന്നു. അതിൽ നിരപരാധികളും ദൈവഭയമുള്ള വരും കൊച്ചുകുട്ടികളും യുവാക്കളും വൃദ്ധരും എല്ലാം പെടുന്നു. ഞാനും നിങ്ങളും നമ്മുടെ സമീപത്തുള്ളവരും ശാരീരികമോ മാനസികമോ വൈകാരി കമോ ആയ കഠിനമായ വ്യഥകളിലൂടെ യായിരിക്കും കടന്നുപോകുന്നത്.

യാതന നമ്മെ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബാധിക്കുന്നു. അതിൽ നിന്നും രക്ഷപ്പെടാൻ സാധിക്കു കയില്ല. എന്നാൽ എന്തുകൊണ്ടാണിതു സംഭവിക്കുന്നത്?. നാമും മറ്റുള്ളവരും എന്തിനാണ് യാതന സഹിക്കുന്നത്? തന്റെ സ്നേഹത്തിൽ നിന്നും പ്രതിച്ഛായയിൽ നിന്നും നമ്മെ സൃഷ്ടിച്ച ദൈവം എന്തി നാണ് നമുക്ക് ദുരിതം നൽകുന്നത്? പീഢ കളില്ലാത്ത ഒരു ലോകം ദൈവം എന്തു കൊണ്ട് സൃഷ്ടിച്ചില്ല.

പ്രഥമദൃഷ്ട്യാ യാതന ഉൾക്കൊ ള്ളാനും അതിനെ ന്യായീകരിക്കാനും നമുക്ക് അങ്ങേയറ്റം പ്രയാസമായിരി ക്കാം. ശിക്ഷയുടെ ഫലമായോ സ്വയം അടിച്ചേല്പ്പിക്കപ്പെടുകയോ ചെയ്യപ്പെട്ട പീഢകൾ ന്യായീകരിക്കപ്പെട്ടേക്കാം. എന്നാൽ നിരപരാധികളായ യുവാക്കളും ദൈവസ്നേഹികളും എന്തുകൊണ്ടാണ് ദുരിതമനുഭവിക്കുന്നത്?

ഇക്കാര്യത്തിൽ ഇസ്‌ലാമിക വീക്ഷണ മെന്താണെന്ന കാര്യം ഗ്രഹിക്കുന്നതിന് നിങ്ങളെ സഹായിക്കാൻ ഞാൻ ശ്രമി ക്കാം. യാതനക്കുള്ള കാരണമെന്തെന്നതി ലേക്ക് ഇസ്‌ലാം വെളിച്ചം വീശുന്നു. ചുരു ക്കത്തിൽ യാതന എപ്പോഴും 'യാതനയല്ല' എന്ന കാര്യം അപ്പോഴാണ് മനസ്സിലാ ക്കാൻ സാധിക്കുക.

ബുദ്ധമതം യാതന(ദുഃഖം) എന്തിൽ നിന്നുണ്ടാവുന്നുവെന്ന് നിർവചനാത്മക മായി വിവരിക്കുന്നു.

1. തീവ്രയാതന. ഉദാ: വാർദ്ധക്യം, രോഗം, മരണം
2. ആനന്ദത്തിന്റെ അഭാവം
3. ഒരിക്കലും ഒഴിഞ്ഞുമാറാൻ പറ്റാത്ത ക്ഷണികത്വഗുണം എന്ന എല്ലാറ്റിലുമട ങ്ങിയ പ്രതിഭാസം കാരണത്താൽ താൻ സ്നേഹിക്കുന്നതിനെയോ താനുമായി ഗാഢാനുരാഗത്തിലുള്ളതിനെയോ ഉപേ ക്ഷിക്കൽ നിർബന്ധമാവൽ.

ദുഃഖത്തിന്റെ കാരണം മനുഷ്യന്റെ സ്വാർത്ഥപരമായ ആഗ്രഹമാണെന്നും ബുദ്ധമതം അവകാശപ്പെടുന്നു. അതായത് മനുഷ്യന്റെ ദാഹാർത്തി അഥവാ 'തൃഷ്ണ' യാണ് ദുഃഖത്തിന്റെ ഹേതു. മോക്ഷം(നിർവാണം) പ്രാപിക്കാൻ ബുദ്ധ മതം നിർദ്ദേശിക്കുന്നത് അഷ്ടമാർഗങ്ങളാ ണ്.

ഹിന്ദുമത വിശ്വാസ പ്രകാരം യാതന സ്വയം അടിച്ചേൽപ്പിക്കപ്പെട്ടതാണ്. അവർ പുനർജന്മസിദ്ധാന്തം കൊണ്ട് ന്യായീകരി ക്കുകയും ചെയ്യുന്നു. അതായത്, മൂലജ ന്മത്തിലെ സ്വഭാവത്തിന്റെ അടിസ്ഥാന ത്തിൽ ഉന്നതമോ യാതനാപൂർണമോ ആയ ജീവിതമുണ്ടാവുന്നു.

ഇസ്‌ലാം ഈ സിദ്ധാന്തം തിരസ്കരി ക്കുന്നു. ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ ആസൂത്രണത്തിലുള്ള അനന്തമായ വൈഭവം കാരണം ജീവന്റെ പുനഃപരിവൃ ത്തിയുടെ ആവശ്യമില്ല. അതിനാൽ തുടർച്ചയായി ഉന്നത വിതാനങ്ങളിലേക്ക് ആ ജീവനെ അവൻ നയിക്കുന്നു.

ബുദ്ധമതത്തിന്റെ നിർവചനം പ്രബലം തന്നെയെങ്കിലും സാർവലൗകി കമായ നിലയിലും മനുഷ്യനെ ബാധി ക്കുന്ന നിലയിലും ദുഃഖം ചർച്ച ചെയ്യ പ്പെടണം. പീഢയുടെ സാന്നിധ്യത്തിന്റെ പ്രശ്നമാണ് കൂടുതൽ അടിസ്ഥാനപരമാ യത്. ഇസ്‌ലാം അവതരിപ്പിക്കുന്ന യുക്തി പരമായ സമീപനമാണ് ഏറ്റവും ഉത്തമം.

കാര്യകാരണങ്ങളുടെ ലോകത്താണ് നാം ജീവിക്കുന്നത്. വളരെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ മുഴുപ്രപഞ്ചവും ഈ വ്യവസ്ഥയിൽ ബന്ധിതമാണെന്ന് കണ്ടെ ത്താൻ സാധിക്കും. കാര്യകാരണത്തിന്റെ മാറ്റമില്ലാത്ത ഈ തത്ത്വം കാരണമാ യാണ് ശാസ്ത്രീയ ജ്ഞാനങ്ങളിൽ നാം മുന്നേറുന്നത്. ഒരു കാരണം അടിസ്ഥാന പരമായിരിക്കാം. അല്ലെങ്കിൽ തുടർച്ച യായ ശൃംഖലയുമായി കണ്ണി ചേർക്കു ന്ന മറ്റൊരു കാരണത്തിന്റെ ഫലമായിരി ക്കാം. ഈ പ്രക്രിയ അവസാനിക്കു മ്പോൾ അന്തിമമായ കാരണം സ്വയം അസ്തിത്വമുള്ളതായിരിക്കണമെന്നത് വ്യക്തമാണ്. അത് കേവലമായിരിക്കയും വേണം. നിയതമായ കാരണം കേവലമാ യിരിക്കയില്ലെന്നും വ്യക്തമാണ്. എന്തെ ന്നാൽ പ്രക്രിയയുടെ ചില മണ്ഡലങ്ങളെ അത് ഒഴിച്ചു നിർത്തും. അവസാന കാരണം അതായിരിക്കില്ല. ഏതൊരു കാരണവും അസ്തിത്വവും സ്വയംഭൂവു മാണെങ്കിൽ അത് അനിവാര്യമായും അന ന്തമാണ്. വിശുദ്ധ ഖുർആൻ പ്രഖ്യാപി ക്കുന്നു.

നിന്റെ നാഥന്റെയടുക്കലേക്കാണ് (സർവവും) അവസാനം ചെന്നെത്തുന്ന ത്.(53:43).

എല്ലാ നിലയിലും ഓരോ ഗുണ ത്തിലും കേവല സത്തയും അനന്തനു മാണ് അവൻ. കേവല സത്തയാവാൻ

അവന്റെ സൃഷ്ടി വൈഭവം സ്വയം തന്നെ അനന്തമായ തലങ്ങൾ പ്രകടിപ്പിക്കണം. ഓരോ വർഗത്തിന്റെ സൃഷ്ടിപ്പിലും അതു പ്രകടമാവണം. ഏതെല്ലാം തലങ്ങൾ മനുഷ്യന് സങ്കല്പിക്കാൻ സാധിക്കുമോ അതായത് വസ്തുവിലും വസ്തുവല്ലാത്തതിലും, ഫലഭൂയിഷ്ടമായതിലും തരിശായതിലും വികസിക്കുന്നതിലും സങ്കോചിക്കുന്നതിലും ജീവിതത്തിലും മരണത്തിലും ബോധാവസ്ഥയിലും അബോധാവസ്ഥയിലും കണ്ണുകളില്ലാത്ത മനുഷ്യനിലും ഒരു കണ്ണുള്ള മനുഷ്യനിലും കാലില്ലാത്തവനിലും വിരൂപനിലും സുന്ദരനിലും മങ്ങിയതിലും പ്രകാശിക്കുന്നതിലും എല്ലാം ഈ തലം ഉണ്ടാവണം.

കേവലത്വത്തിൽ നിന്നു നീങ്ങിപ്പോകുംതോറും ആപേക്ഷികതയുടെ വിടവ് വിപുലമാവുന്നു. ഈ സ്വയംഭൂവിൽ നിന്നുള്ള വേറിടലിൽ ആവശ്യങ്ങളും തിന്മയും അന്തർഭവിച്ചിരിക്കുന്നു. ലോകത്തിന്റെ അസ്തിത്വം സ്വയം തന്നെ തിന്മയല്ല.

ഇസ്‌ലാമികാധ്യാപനമനുസരിച്ച് തിന്മക്ക് സ്വയം തന്നെ ഒരസ്തിത്വമില്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

'നിന്റെ നാഥൻ എങ്ങനെയാണ് നിഴൽ നീട്ടിയിട്ടുള്ളതെന്ന് നീ കാണുന്നില്ലേ? അവൻ ഉദ്ദേശിച്ചിരുന്നെങ്കിൽ അതിനെ(ഒരേ സ്ഥലത്ത്)ഒതുക്കി നിറുത്തുമായിരുന്നു. പിന്നെ നാം സൂര്യനെ അതിന്(നിഴലിന്) ഒരു വഴികാട്ടിയായിരിക്കുന്നു. പിന്നെ നാം അതിനെ(നിഴലിനെ) നമ്മിലേക്ക് മെല്ലെ മെല്ലെ പിടിച്ചെടുക്കുന്നു" (25:46,47). സൂര്യനിൽ നിന്നുള്ള പ്രകാശം തടസ്സപ്പെടുത്തുന്ന ഒരു വസ്തുവാണ് നിഴൽ വീഴ്ത്തുന്നത്. വസ്തു സൂര്യനിൽ നിന്നകലുന്തോറും നിഴൽ നീളുന്നു. വസ്തു സൂര്യനിലേക്കടുക്കുംതോറും നിഴൽ ചുരുങ്ങിപ്പോകുന്നു. വസ്തു നേരിട്ട് സൂര്യന്റെ വെളിച്ചത്തിന് കീഴിലാണെങ്കിൽ നിഴൽ ഇല്ല തന്നെ. ദൈവിക പ്രകാശത്തിന്റെ അഭാവത്തിൽ ഉണ്ടാവുന്ന നിഴലാണ് തിന്മയെന്നാണ് ഈ ഉപമ വിവരിക്കുന്നത്. തിന്മ സ്വയം തന്നെ നിശ്ചിതമായ അസ്തിത്വമുള്ള ഒന്നല്ല. പ്രകാശത്തിന്റെ ഉറവിടത്തെക്കുറിച്ച് നമുക്ക് സങ്കല്പിക്കാൻ സാധിക്കും. എന്നാൽ അന്ധകാരത്തിന്റെ ഉറവിടമായ ഒരു വസ്തു ഭാവനയിൽ കാണാൻ സാധിക്കില്ല. ഒരു വസ്തു അന്ധകാരത്തിന്റെ ഉറവിടമാകാനുള്ള ഏക വഴി വെളിച്ചത്തെ തടസ്സപ്പെടുത്തലാണ്. അതേ പ്രകാരം നന്മയുടെ അഭാവമാണ് തിന്മയാവുന്നത്.

ഇതിന്റെ വെളിച്ചത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റ) തന്റെ Revealation Rationality Knowledge and Truth എന്ന പുസ്തകത്തിൽ 'യാതന'യെക്കുറിച്ച് വിവരിച്ചിരിക്കുന്നു.

ദൈവം 'യാതനയെ' സ്വതന്ത്രമായ അസ്തിത്വമായി സൃഷ്ടിച്ചിട്ടില്ല. ആനന്ദത്തിന്റെയും ആശ്വാസത്തിന്റെയും അനുപേക്ഷണീയമായ അഭാവമാണ് യാതന. അത് നിഴൽ പോലെയാണ്. വെളിച്ചത്തിന്റെ അഭാവം വിരിക്കുന്ന നിഴലാണ് അന്ധകാരം. ജീവിതം ഉണ്ടെങ്കിൽ മരണവുമുണ്ട്. ഒരേ തലത്തിന്റെ രണ്ടറ്റത്തുമുള്ള ധ്രുവങ്ങളിൽ അവ സ്ഥിതി ചെയ്യുന്നു. അതിനിടയിൽ നിരവധി പദവികളും നിഴലുകളുമുണ്ട്. മരണത്തിൽ നിന്നു നീങ്ങുമ്പോൾ നാം ക്രമേണ ജീവിതത്തിന്റെ അവസ്ഥയിലേക്കാണ് നീങ്ങുന്നത്. അതാണ് സന്തോഷം. നാം ജീവിതത്തിൽ നിന്ന് നീങ്ങുമ്പോൾ ദുഃഖബോധത്തോടെ മരണത്തിലേക്കാണ് നീങ്ങുന്നത്. അസ്തിത്വത്തിന് വേണ്ടിയുള്ള സമരത്തെ മനസ്സിലാക്കാനുള്ള താക്കോലാണ് ഇത്. പകരം അത് നമ്മെ സ്ഥിരമായി ഗുണനിലവാരമുള്ള ജീവിതത്തിലേക്ക് നയിക്കുകയും പരിണാമത്തിന്റെ അന്തിമ ലക്ഷ്യം നേടാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. 'അർഹിക്കുന്നവ അതിജീവിക്കുന്നു' എന്ന തത്ത്വം മഹത്തായ ഈ പരിണാമ പദ്ധതിയിൽ അവിഭാജ്യമായ പങ്ക് വഹിക്കുന്നു. ഈ പ്രതിഭാസം വി. ഖുർആനിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു പറയുന്നു.

'ആരുടെ കയ്യിലാണോ പരമാധികാരം സ്ഥിതി ചെയ്യുന്നത്, അവൻ പരിശുദ്ധനാകുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും പൂർണമായി കഴിവുള്ളവനാകുന്നു.'

'നിങ്ങളിൽ നിന്ന് ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ച് അറിയുന്നതിന് വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനത്രേ അവൻ. അവൻ പ്രതാപവാനും സർവഥാ പൊറുക്കുന്നവനുമാകുന്നു.'(67: 2,3).

ജീവിതത്തിന്റെയും മരണത്തിന്റെയും അഗാധമായ തത്ത്വജ്ഞാനം, അതിനിടയിലുള്ള എണ്ണമറ്റജീവിതം രൂപപ്പെടുത്തുന്നതിനും, അതിന്റെ ഗുണനിലവാരം നന്നാക്കിത്തീർക്കുന്നതിനും അത് വഹിക്കുന്ന പങ്ക് ഇവയെല്ലാം മേൽസൂക്തത്തിൽ അടങ്ങിയിരിക്കുന്നു. കാര്യങ്ങളുടെ പദ്ധതി തന്നെയാണ് ദൈവം ഇവിടെ വെളിപ്പെടുത്തുന്നത്. ജീവിതമെന്നത് ഒരു സർഗാത്മകമായ മൂല്യമാണെന്നും അതിന്റെ അഭാവമാണ് മരണം കൊണ്ട് വിവക്ഷിക്കപ്പെട്ടിട്ടുള്ളതെന്നും നമുക്കറിയാം. അവയെ തമ്മിൽ വേർതിരിക്കുന്ന നിശ്ചിതമായ അതിരുകൾ ഇല്ല.

മരണത്തിലേക്കുള്ള ജീവിതത്തിന്റെ പ്രയാണവും നാശവും ക്രമേണയുള്ള പ്രക്രിയയാണ്. മറ്റു ദിശയിൽ കൂടി മരണത്തെ വീക്ഷിച്ചാൽ മരണം ജീവിതത്തിലേക്ക് സഞ്ചരിക്കുമ്പോൾ ശക്തിയും ഊർജവും ബോധാവസ്ഥയും സംഭരിക്കുന്നു. ഇതാണ് സൃഷ്ടിപ്പിന്റെ മഹത്തായ പദ്ധതി. എന്തുകൊണ്ടാണ് ഇത് ദൈവം ഇങ്ങനെ ആസൂത്രണം ചെയ്തത്?

'നിങ്ങളിൽ നിന്ന് ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ച് അറിയുന്നതിന് വേണ്ടി' എന്ന് വിശുദ്ധ ഖുർആൻ നൽകുന്ന മറുപടി:

ജീവിതവും മരണവും തമ്മിലുള്ള നിരന്തരമായ ഈ സമരമാണ് ജീവിതത്തെ നിരന്തരമായ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നത്. അങ്ങനെ ഉത്തമമായ രീതിയിൽ പ്രവർത്തിക്കുന്നവർ അതിജീവിക്കുകയും അസ്തിത്വത്തിന്റെ ഉന്നത പദവി നേടുകയും ചെയ്യുന്നു. ഈ സൂക്തങ്ങളിൽ വിവരിക്കപ്പെട്ട പരിണാമത്തിന്റെ തത്ത്വവും രഹസ്യവും ഇവിടെയാണ് കിടക്കുന്നത്. ജീവിതത്തിന്റെയും മരണത്തിന്റെയും ശക്തികൾ തമ്മിൽ നടക്കുന്ന നിരന്തരമായ സമരത്തിന്റെ തള്ളൽ ആണ് ജീവിക്കുന്നവരെ നിരന്തരം മരണത്തിൽ നിന്നും നീങ്ങാനോ മരണത്തോട് അടുപ്പിക്കാനോ സഹായിക്കുന്നത്. വിപുലമായ പരിണാമപ്രക്രിയയുടെ രംഗത്ത് അസ്തിത്വത്തിന്റെ ഗുണനിലവാരം ഒന്നുകിൽ മെച്ചപ്പെടുകയോ അല്ലെങ്കിൽ അധഃപതിക്കുകയോ ആവും ഫലം.(Revelation Rationality Knowledge and Truth : പേജ് 180 –182).

അപ്രകാരം പരിണാമത്തിന്റെ ചാലക ശക്തിക ഘടകങ്ങളാണ് നഷ്ടവും ശോഷണവും മരണവും. ഒരാളുടെ നിയന്ത്രണത്തിനതീതമായ പ്രകൃതികോപങ്ങൾ, അപകടങ്ങൾ പോലുള്ളവയോ മനുഷ്യന്റെ കരങ്ങളാൽ വരുത്തിവെക്കുന്ന അപകടങ്ങളോ മറ്റു അപകടങ്ങളോ ആയിക്കൊള്ളട്ടെ ഇത്തരം മാനുഷിക നിലവാരത്തിലുള്ള യാതനകളുടെ പ്രശ്നം വിശദീകരിക്കേണ്ടതുണ്ട്.

ഇസ്‌ലാമിക വിശ്വാസപ്രകാരം ദൈവം മാത്രമാണ് സ്വയംഭൂവായിട്ടുള്ളത്. അതിനാൽ ആപേക്ഷികമായി മറ്റുള്ളതിനെ ആശ്രയിച്ചു നിൽക്കുന്ന മാനുഷിക തലത്തിൽ-കേവലമായ തീരുമാനമോ, കേവലമായ സ്വതന്ത്രേച്ഛയോ ഉണ്ടാകാവതല്ല. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട സ്വാതന്ത്ര്യത്തിന്റെ പരിധി വരെ മാത്രമേ മനുഷ്യനെ വിവേചന ശക്തി ഉപയോഗിക്കാൻ പറ്റൂ. അതിനപ്പുറം മനുഷ്യൻ തന്റെ നിയ

ന്ത്രണത്തിനതീതമായ കാര്യങ്ങളുടെ കാരുണ്യമാശ്രയിക്കുന്നു. അതിനാൽ മനുഷ്യന്റെ യാതന ഒന്നുകിൽ സ്വയം വരുത്തിവെക്കുന്നതോ പ്രകൃതി ദുരന്തം, അപകടം തുടങ്ങിയ ബാഹ്യസംഭവങ്ങളാൽ അടിച്ചേൽപ്പിക്കപ്പെട്ടതോ ആയിരിക്കും. എന്നിരിക്കിലും, തന്റെ പ്രവൃത്തിയുടെ അനന്തരഫലത്തിന് മനുഷ്യനെ തീർച്ചയായും ശ്ലാഘിക്കാനോ കുറ്റപ്പെടുത്താനോ പറ്റുകയില്ല. പരിണതമായ അവസ്ഥകൾക്ക് എണ്ണമറ്റ കാരണങ്ങൾ ഉണ്ടാവാം. ഇസ്‌ലാമിക വിശ്വാസപ്രകാരം ദൈവത്തിനല്ലാതെ മറ്റാർക്കും വിധി കല്പിക്കാനുള്ള അവകാശമില്ല. ഇസ്‌ലാമിക വീക്ഷണത്തിൽ ഈ ഭൗമിക ജീവിതം 'ദറുൽ ഇബ്ത്തിലാ' അഥവാ പരീക്ഷണങ്ങളുടെയും സമ്പാദ്യത്തിന്റെയും ലോകമാണ്. പരലോകം 'ദാറുൽജസാ' അഥവാ യഥാർഥ പ്രതിഫലത്തിന്റെ സ്ഥലമാണ്. അതിൽ അനുഗൃഹീതാവസ്ഥയും അതല്ലാത്തതും പെടും. വിശുദ്ധ ഖുർആൻ പറയുന്നു.

'മനുഷ്യനാകട്ടെ- തന്റെ നാഥൻ അവനെ പരീക്ഷിക്കുകയും അങ്ങനെ അവനെ ബഹുമാനിക്കുകയും അവന് അനുഗ്രഹം നല്കുകയും ചെയ്താൽ അവൻ പറയും: 'എന്റെ നാഥൻ എന്നെ ആദരിച്ചിരിക്കുന്നു."

എന്നാൽ അവൻ അവനെ(മനുഷ്യനെ) പരീക്ഷിക്കുകയും അവന്റെ ജീവിതവിഭവം അവൻ ചുരുക്കുകയും ചെയ്താൽ, അപ്പോൾ അവൻ പറയും. 'എന്റെ നാഥൻ എന്നെ അപമാനിച്ചിരിക്കുന്നു."(89:16,17).

എന്നാൽ സംഗതി ഇതല്ലെന്ന് അടുത്ത സൂക്തം പറയുന്നു. രണ്ടവസ്ഥകളും ഒരു പരീക്ഷണമാണ്. ലോകത്തിലെ മറ്റെല്ലാ കാര്യങ്ങളെപ്പോലെ, വേദനയുടെയും യാതനയുടെയും അവസ്ഥകൾ ഒരു സൂചനയാണ്. തന്റെ ദിശ മാറ്റണമെന്ന് മനുഷ്യനെ ഓർമപ്പെടുത്തുകയാണ്. പ്രവൃത്തികളിൽ തിരുത്തൽ ആവശ്യമാണെന്ന് അനുസ്മരിപ്പിക്കുകയാണ്. അങ്ങനെ അതൊരനുഗ്രഹമായിത്തിരിഞ്ഞേക്കാം. അല്ലാഹു വി. ഖുർആനിൽ പറയുന്നു.

'തീർച്ചയായും നിനക്ക് മുമ്പുണ്ടായിരുന്ന സമുദായങ്ങളിലേക്ക് നാം(ദൂതന്മാരെ) അയച്ചിട്ടുണ്ട്.' അപ്പോൾ നാം അവരെ(സത്യനിഷേധികളെ) വിഷമതകളും ദുരിതങ്ങളും കൊണ്ട് വേദനിപ്പിച്ചു. അവർ വിനയമുള്ളവരായിത്തീരുന്നതിന് വേണ്ടി".(6:43)

വീണ്ടും സുറഃബഖറയിൽ അല്ലാഹു പറയുന്നു.

അല്പമൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവ നഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. ഞങ്ങൾക്ക് വല്ല ആപത്തും നേരിടുമ്പോൾ(പരിഭ്രമിക്കാതെ) നിശ്ചയമായും ഞങ്ങൾ അല്ലാഹുവിനുള്ളവരും അവങ്കലേക്കു തന്നെ മടങ്ങുന്നവരുമാകുന്നു എന്നു പറയുന്ന സഹനശീലർക്ക് നീ സുവാർത്തയറിയിക്കുക. (2:156-158)

വാഗ്ദത്ത മസീഹ്(അ) പറയുന്നു: "ഇത്തരത്തിലുള്ള സ്വഭാവത്തിനാണ് സഹന ശീലം എന്നു പറയുന്നത്. ഇതു തന്നെയാണ് ദൈവേഷ്ടത്തിന് വഴങ്ങുക എന്നു പറയുന്നതും. മറ്റൊരു പ്രകാരത്തിൽ, ഈ സൽഗുണത്തിനു നീതി ധർമം എന്നും പറയാം. എന്തെന്നാൽ, മനുഷ്യന് അവന്റെ ജീവിതകാലമത്രയും ഹിതകാര്യം ചെയ്തുകൊടുക്കുകയും അവന്റെ ഇഷ്ടമനുസരിച്ച് സഹസ്രോപി കാര്യങ്ങൾ വെളിപ്പെടുത്തികൊടുക്കുകയും അവനു കണക്കാക്കാൻ കഴിയാത്ത വണ്ണം അനുഗ്രഹങ്ങൾ നല്കുകയും ചെയ്തിരിക്കുന്നു. സർവാധികർത്താവായ ദൈവം തന്റെ ഇഷ്ടം അനുസരിപ്പിക്കുന്നതിന് ഇച്ഛിക്കുമ്പോൾ മനുഷ്യൻ വൈമുഖ്യം കാട്ടുകയും തിരുവുള്ളത്തിന് കീഴ്വണങ്ങാതെ മുറുമുറുക്കുകയും മാർഗ വ്യതിചലനത്തിന് മുതിരുകയും ചെയ്യുകയെന്നത് കേവലം നീതി വിരുദ്ധമായിരിക്കുന്നതാണ് (ഇസ്‌ലാം മത തത്ത്വജ്ഞാനം പേജ് 98). പരീക്ഷണ ഘട്ടത്തിൽ നിരന്തരം പ്രയത്നിച്ചുകൊണ്ടിരിക്കുന്നവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.

"ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്നു പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇങ്ങും (ആ മലക്കുകൾ പറയും.) 'നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗ്ഗം ലഭിച്ചതിൽ ഏറ്റവും സന്തുഷ്ടരാവുക.'

'ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ്. നിങ്ങളുടെമനസ്സ് ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്ക് അവിടെ(സ്വർഗത്തിൽ) ലഭിക്കും. നിങ്ങളാവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കവിടെ ഉണ്ടാകും.'

'വളരെയധികം പൊറുക്കുന്നവനും കരുണാമയനുമായ(അല്ലാഹു)വിൽ നിന്നുള്ള സൽക്കാരവിഭവം'

ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിലുള്ള പ്രശ്നങ്ങൾ കൊണ്ടും യാതനകൾ കൊണ്ടും നിരന്തരമായി ഭാരം ചുമത്തപ്പെടുന്ന ഒരാൾക്ക് ഐഹിക ലോകത്ത് സംതൃപ്തിയും സ്വർഗവും കണ്ടെത്താൻ കഴിയുന്നതെങ്ങനെയെന്ന ഒരു ചോദ്യം സ്വാഭാവികമായും ഉത്ഭവിച്ചേക്കാം. ആദ്യമായി നാം അറിയേണ്ടത് അവ അനുഗ്രഹങ്ങളാണെന്നതാണ്, ഒരാളെ പരീക്ഷിക്കുവാനും അയാളുടെ വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിനുമാണ് താനിതിന് കാരണമാക്കുന്നതെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വ്യക്തമായി പ്രസ്താവിക്കുന്നു. ഇത്തരം പരീക്ഷണങ്ങൾ ഒരാളുടെ വിശ്വാസത്തിന്റെ അഗാധത കാണിക്കാനും സ്വഭാവത്തിന്റെ മഹത്വം മനസ്സിലാക്കാനുമുള്ള അവസരം സൃഷ്ടിക്കുന്നു. ഇത്തരം പരീക്ഷണങ്ങൾ ക്ഷമയോടും സഹനത്തോടും നേരിടുകയാണെങ്കിൽ ഇഹലോകത്തും പരലോകത്തും അല്ലാഹുവിന്റെ പ്രതിഫലം ലഭിക്കുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

'നിങ്ങളിൽനിന്ന്(അല്ലാഹുവിന്റെ മാർഗത്തിൽ) 'ജിഹാദ്'ചെയ്യുന്നവരെയും സ്ഥിരചിത്തരായ ആളുകളെയും വേർതിരിച്ചറിയുകയും നിങ്ങളുടെ യഥാർഥ നില മനസ്സിലാവുകയും ചെയ്യുന്നതു വരെ നാം നിങ്ങളെ പരീക്ഷിക്കുക തന്നെ ചെയ്യും. '(47:32).

ജീവിത യാത്ര വളരെ എളുപ്പത്തിന് വേണ്ടി ഉദ്ദേശിക്കപ്പെട്ടതല്ലെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

നാം മനുഷ്യനെ സൃഷ്ടിച്ചത് യാതനകൾ നേരിടാനാണ്(90:5). പരീക്ഷണങ്ങൾ നേരിടുമ്പോൾ വിലപിക്കുകയോ നിരാശപ്പെടുകയോ ചെയ്യരുത്. അങ്ങനെ ചെയ്യുന്നത് ദൗർബല്യത്തിന്റെ സൂചനയും അല്ലാഹുവിനോടുള്ള കൃതഘ്നതയുമാണ്. തിരുനബി(സ) പറഞ്ഞിട്ടുണ്ട്.

'ഒരു മുസ്‌ലിമിന് ജീവിതം മുഴുവൻ നന്മയാണ്. ഒരു യഥാർഥ വിശ്വാസിയല്ലാതെ മറ്റാരും തന്നെ ഇങ്ങനെയുള്ള പദവി കണ്ടെത്തുകയില്ല. എന്തെന്നാൽ ഒരു വിശ്വാസി വിജയം കൈവരിക്കുകയാണെങ്കിൽ അയാൾ അല്ലാഹുവിന് കൃതജ്ഞത രേഖപ്പെടുത്തുന്നു. അപ്പോൾ അവനിൽ നിന്നു കൂടുതൽ അനുഗ്രഹങ്ങൾക്ക് അയാൾ പാത്രീഭൂതനാവുന്നു. നേരെ മറിച്ച് അയാൾ വേദനയും യാതനയും അനുഭവിക്കുമ്പോൾ അയാൾ സഹനം കൈക്കൊള്ളുന്നു. അപ്പോഴും അയാൾ ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് അർഹനായിത്തീരുന്നു.'

രണ്ടാം ഖലീഫ(റ) പറഞ്ഞതെത്ര സത്യമാണ്.

"ഭാരങ്ങൾ എപ്പോഴും ഭാരങ്ങളല്ല". പ്രസിദ്ധനായ ഒരു അമേരിക്കൻ എഴുത്തു

# ദൈവ സാമീപ്യത്തിനുള്ള വഴികൾ

മുഹമ്മദ് ഉമർ എച്ച്.എ.

മനുഷ്യന്റെ ജീവിത ലക്ഷ്യം അല്ലാഹുവിനെ കുറിച്ചുള്ള ദിവ്യജ്ഞാനം കരസ്ഥമാക്കുകയും അങ്ങനെ ദൈവ സ്നേഹവും സാമീപ്യവും ലഭ്യമാക്കുകയുമാണ്. ഏറ്റവും മഹത്തായതും ഉദാത്തവുമായ ഉദ്ദേശ്യ ലക്ഷ്യമാണത്.

ദൈവസ്നേഹവും അവന്റെ സാമീപ്യവും കരഗതമാകുന്നതിനുള്ള പല മാർഗങ്ങളും വിശുദ്ധ ഖുർആൻ വിവരിക്കുന്നു. ഇതു സംബന്ധിച്ച് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു.

'ഇത് ഒരനുസ്മരണ ഉപദേശസമാഹാരമാണ്. തന്റെ നാഥങ്കലേക്കുള്ള മാർഗം ആഗ്രഹിക്കുന്നവർ ഈ മാർഗം സ്വായത്തമാക്കട്ടെ.(73:20)' അതായത് ദൈവസാമീപ്യ പ്രാപ്തിക്കുള്ള മാർഗദർശനം വിശുദ്ധ ഖുർആനിൽ നിന്നും ലഭ്യമാകുന്നു.

**1. റസൂൽ തിരുമേനി(സ)യെ അനുധാവനം ചെയ്യൽ**

ഹദ്റത്ത് മുഹമ്മദു നബി കരിം(സ) വിശുദ്ധ ഖുർആൻ നൽകുന്ന അധ്യാപനങ്ങളുടെ ഒരു പ്രതീകമാണ്. ആ പുണ്യാത്മാവിന്റെ ജീവിതചര്യ വിശുദ്ധ ഖുർആന്റെ വ്യാഖ്യാനമാണെന്ന് ഹദ്റത്ത് ആയിശാ(റ) അരുൾ ചെയ്യുന്നു. അതുകൊണ്ട് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളിലൂടെ ദൈവസാമീപ്യവും അവന്റെ സ്നേഹവും പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവർ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെ അനുഗമിക്കുകയും അനുസരിക്കുകയും ചെയ്യണമെന്ന് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അതായത്

"മുഹമ്മദ് നബി യേ നീ പ്രഖ്യാപിക്കുക. നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. അപ്പോൾ അല്ലാഹു നിങ്ങളെയും സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരുകയുംചെയ്യുന്നതാണ്. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു."(3:32).

പ്രസ്തുത ആയത്തിന് വിശദീകരണം നൽകിക്കൊണ്ട് ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) അരുൾ ചെയ്യുന്നു. 'അല്ലയോ ദൂതരെ. അവരോട് നീ പറയുക. നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക. ഈ പിൻഗമനം നിമിത്തം അല്ലാഹുവും നിങ്ങളെ സ്നേഹിക്കുന്നതാകുന്നു. ഇതിൽ നിന്നും വ്യക്തമായി മനസ്സിലാകുന്നത് ദൈവത്തിന്റെ പ്രേമി ആകുന്നതിന്നുള്ള യഥാർഥമായ മാർഗം റസൂൽ തിരുമേനി (സ)യെ യഥാർഥത്തിൽ പിൻപറ്റുകയാണ്. ഒരു കാര്യം നന്നായി സ്മൃതിപഥത്തിൽ വെക്കുക. പ്രവാചകൻമാരും അതേ പ്രകാരം അല്ലാഹുവിന്റെ ഇഷ്ടദാസൻമാരായ മഹാത്മാക്കളും ലോകത്ത് ഒരു ജീവിത മാതൃകയായിട്ടാണ് അവതരിക്കുന്നത്.'(മൽഫൂസാത്ത്).

'യഥാർഥത്തിൽ അദ്ദേഹത്തെ അനുസരിക്കുകയും അനുഗമിക്കുകയും ചെയ്യുന്ന മനുഷ്യനെ അല്ലാഹു തന്റെ അനുരക്തനാക്കിത്തീർക്കുകയും അതു അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതിനുള്ള നിമിത്തമായിത്തീരുകയും ചെയ്യുന്നു.' **(മൽഫൂസാത്ത് 3:56)**

ദൈവസ്നേഹിയാകുന്നതിന് റസൂൽ തിരുമേനി(സ)യെ പിന്തുടരുന്നതു മാത്രമേ ഏകമാർഗമായിട്ടുള്ളൂ. നിങ്ങളെ ദൈവവുമായി അടുപ്പിക്കുന്നതിന് മറ്റൊരു

---

കാരൻ ഈ സത്യം ഏറ്റു പറഞ്ഞിട്ടുണ്ട്. എല്ലാ ഓരോ വിഷമത്തിലും തത്തുല്യമായ അല്ലെങ്കിൽ അതിലുപരിയായ നേട്ടത്തിന്റെ ബീജം അടങ്ങിയിരിക്കുന്നു. ഓരോ വിഷമത്തിലും ഒരാൾക്ക് എന്തെങ്കിലും നേട്ടം കണ്ടെത്താനും കൈവരിക്കാനും സാധിക്കും അദ്ദേഹം എഴുതി.

'എന്റെ വഴിയിൽ കടന്നുവന്ന പ്രയാസങ്ങളോട് ഞാൻ നന്ദിയുള്ളവനാണ്. എന്തെന്നാൽ അവയെന്നെ, സഹിഷ്ണുതയും സഹതാപവും ആത്മനിയന്ത്രണവും, നിരന്തര പ്രയത്നവും ഒരിക്കലും അറിയാനിടയില്ലാത്ത മറ്റു നന്മകളും പഠിപ്പിച്ചു.'

കഴിഞ്ഞ നൂറ്റാണ്ടിലെ പ്രകൃതി ശാസ്ത്രജ്ഞനായിരുന്ന ചാൾസ് ഡാർവിന്റെ ആരോഗ്യം മോശമായിരുന്നു. പക്ഷേ, ആ അവസ്ഥ അദ്ദേഹം ശരിക്കും ഉപയോഗപ്പെടുത്തി. അദ്ദേഹം പറഞ്ഞു.

'ഞാൻ രോഗാവസ്ഥയിലായിരുന്നില്ലെങ്കിൽ ഇപ്പോൾ ഞാൻ ചെയ്തത്ര ജോലി ചെയ്യുമായിരുന്നില്ല.'

വൈഷമ്യങ്ങൾ നേരിടുകയും കാര്യങ്ങൾ നേരെ ചൊവ്വെ നടക്കാതിരിക്കുകയും വ്യക്തിതാൽപര്യങ്ങൾക്കെതിരായി കാര്യങ്ങൾ നീങ്ങുകയും ചെയ്യുമ്പോൾ ക്ഷമ കൈക്കൊള്ളണമെന്ന് വിശുദ്ധ ഖുർആൻ അനുശാസിക്കുന്നു. നിരാശപ്പെടുകയോ അനർഹമായി ആശാഭംഗത്തിലകപ്പെടുകയോ ചെയ്യരുത്. ജീവിതത്തിന്റെ കൊടുങ്കാറ്റിനിടയിൽ സ്വർഗത്തിന്റെ മാധുര്യം ആസ്വദിക്കാൻ മനുഷ്യന് സാധിക്കുന്നത് അപ്പോൾ മാത്രമാണ്. ദൗർഭാഗ്യങ്ങൾ അനിവാര്യമാണ്. അവ സഹിക്കാനും അവയുമായി ക്ഷമയോടും വിജയപ്രദമായും താദാത്മ്യം പ്രാപിക്കാനും നാം പഠിക്കണം. ജീവിതത്തിന്റെ പ്രധാനപ്പെട്ട യുദ്ധങ്ങളിൽ ഒന്നാണിത്. അതിൽ മനുഷ്യൻ വിജയശാലിയായി പുറത്തുവരണം. ദുരിതങ്ങൾ കണ്ട് ദുർബലമാവരുത്. ഇരുണ്ട രാത്രിയിൽ സ്വഭാവം ശക്തിപ്പെടുത്താൻ ഉറച്ച തീരുമാനമെടുക്കുക. എപ്രകാരമാണോ കഠിന വെയിലുള്ള പകൽ കഴിച്ചുകൂട്ടുന്നത്, അതുപോലെ(Review of Religions, September 2004)

**വിവ: കെ.വി.ഹസ്സൻകോയ**



മാർഗവും ഇല്ല തന്നെ(മൽഫൂസാത്ത് 5:125)

ചുരുക്കത്തിൽ ദൈവസാമീപ്യവും അവന്റെ സ്നേഹവും പ്രാപിക്കുന്നതിനുള്ള ഏകമാർഗം ഖുർആന്റെ അദ്ധ്യാപനങ്ങളുടെ ജീവൽ മാതൃകയായ ഹദ്റത്ത് റസൂൽ തിരുമേനി(സ)യെ പിൻപറ്റുക മാത്രമാകുന്നു.

## 2. 'തഖ്‌വ' അഥവാ ദൈവഭക്തി

ദൈവസാമീപ്യം പ്രാപിക്കുന്നതിനായി സൂക്ഷ്മതയും ദൈവഭക്തിയും സ്വായത്തമാക്കണമെന്നും അതനുസരിച്ചുള്ള നന്മകൾ ചെയ്യണമെന്നും വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അതായത് 'അല്ലാഹു സൂക്ഷ്മത കൈവരിക്കുകയും നന്മ ചെയ്യുകയും ചെയ്യുന്നവരോടൊപ്പമാകുന്നു.'

എല്ലാവിധ തീയ്യകാര്യങ്ങളും ഉപേക്ഷിക്കുകയും നന്മകൾ സ്വായത്തമാക്കുകയും ചെയ്യുന്നതിനാണ് തഖ്‌വ എന്നു പറയുന്നത്.

തഖ്‌വ എന്ന വാക്കിന് നിർവചനം നൽകിക്കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അരുൾ ചെയ്യുന്നു.

വിശുദ്ധ ഖുർആനിൽ തഖ്‌വ എന്ന വാക്ക് പ്രയുക്തമായതിനെക്കുറിച്ച് ഹദ്റത്ത് അബൂഹുറൈറ(റ)യോട് ആരോ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'മുൾപടർപ്പുകൾ നിറഞ്ഞ ഒരു വനാന്തരത്തിൽ കൂടി നീ നടക്കുമ്പോൾ എന്താണു ചെയ്യുക അതിനയാൾ, തന്നെ മുൾപടർപ്പുകളിൽ നിന്നും സംരക്ഷിച്ചു കൊണ്ടു നടക്കും. അപ്പോൾ അദ്ദേഹം ഇതിന്റെ പേരാണ് 'തഖ്‌വ' എന്നു പറഞ്ഞു. അതായത് മനുഷ്യൻ ദൈവത്തിന്റെ അനുസരണമില്ലായ്മയുടെ സ്ഥാനത്ത് നില നിൽക്കാതിരിക്കുക. അത്തരം സ്ഥലത്തു നിന്നും തന്നെ രക്ഷപ്പെടുത്തുക'.

ഇബ്നുൽ മുഅ്തസ്സ് എന്ന കവി തഖ്‌വക്ക് നിർവചനം നൽകി പറയുന്നു.

"ചെറുതോ, വലുതോ ആയ സർവപാപങ്ങളിൽ നിന്നും വിട്ടു നിൽക്കുക. ഇതാണ് തഖ്‌വ. മുള്ളുകൾ നിറഞ്ഞ സ്ഥലത്തു കൂടെ നടക്കുന്ന ഒരാളെപ്പോലെ സൂക്ഷ്മത പാലിക്കുക. ചെറിയ ചെറിയ പാപങ്ങളെ നിസ്സാരമായി കരുതരുത്. തീർച്ചയായും പർവതങ്ങൾ ഇത്തരം ചെറിയ കല്ലുകൾ കൊണ്ടാണുണ്ടാകുന്നത്.(ഇബ്നു കഥീർ) (തഫ്സീർ കബീർ വാല്യം 1 പേജ് 72).

ഇത് സംബന്ധിച്ചു ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) അരുൾ ചെയ്യുന്നു.

'ദുർവൃത്തർ ദൈവസാമീപ്യം പ്രാപിക്കുകയില്ല. അക്രമി അവന്റെ സാമീപ്യം പ്രാപിക്കുന്നതല്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവനും അവന്റെ സാമീപ്യം പ്രാപിക്കുന്നതല്ല. ഭൗതികതയിൽ മുഴുകിക്കൊണ്ട് നായകളെയും ഉറുമ്പുകളെയും കഴുകൻമാരെയും പോലെ വാഴുന്നവരും ദൈവസാമീപ്യം പ്രാപിക്കുന്നതല്ല. അവിശുദ്ധമായ എല്ലാ കണ്ണുകളും അവനിൽ നിന്നും ദൂരത്താണ്. അവിശുദ്ധ ഹൃദയങ്ങളും അവനിൽ നിന്നും അജ്ഞാതമാകുന്നു. അവന് വേണ്ടി അഗ്നിയിൽ വീഴുന്നവൻ അഗ്നിയിൽ നിന്നും രക്ഷിക്കപ്പെടും. അവന് വേണ്ടി വിലപിക്കുന്നവൻ ചിരിക്കുന്നതായിരിക്കും. അവന്നു വേണ്ടി ദുനിയാവിനോടുള്ള ബന്ധം വിച്ഛേദിക്കുന്നവനും അതു ലഭിക്കുന്നതാണ്. നിങ്ങൾ സത്യഹൃദയത്തോടും തീവ്രയത്നത്തോടും കൂടി അവന്റെ സ്നേഹിതനായിത്തീരുക. അപ്പോൾ അവൻ നിങ്ങളുടെ സുഹൃത്തായിത്തീരും.(കിശ്ത്തീനൂഹ്)'

## 3. സുജൂദ് അഥവാ സാഷ്ടാംഗ പ്രണാമം

ദൈവസാമീപ്യം പ്രാപിക്കുന്നതിനായി അധികമായി സാഷ്ടാംഗ പ്രണാമം ചെയ്തു(സുജൂദു ചെയ്ത്) കൊണ്ട് ദൈവസവിധത്തിൽ വീണു പ്രാർഥിക്കണമെന്ന് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അതായത് 'വസ്ജൂദ് വഖ്തരിബ്' നീ സുജൂദ് ചെയ്യുക. (സാഷ്ടാംഗ പ്രണാമം ചെയ്യുക). ദൈവസാമീപ്യം പ്രാപിക്കുന്നതാണ്.(96:20).

അതായത് അധികമധികം നമ്രശിരസ്കരായി പ്രാർഥിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ സാമീപ്യവും അവന്റെ സ്നേഹവും കരഗതമാകുന്നതാണ്.

സുജൂദു ചെയ്യുമ്പോൾ നമ്മുടെ ശിരസ്സ് ഭൂമിയിൽ പതിയുന്നു. അതിനേക്കാൾ താണു ശിരസ് നമിക്കുവാൻ ആർക്കും സാധ്യമല്ലല്ലോ. തദവസരത്തിൽ നാം ഉച്ചരിക്കുന്നത് സുബ്ഹാന റബ്ബിയൽ അഅ്‌ലാ' അതായത് പരിശുദ്ധനായ എന്റെ നാഥൻ സർവോന്നതനാണ് എന്നാണ്. അല്ലാഹുവിന്റെ ഔന്നത്യം ഏറ്റുപറയുന്നത് നാം നമ്മുടെ ശിരസ്സു നിലത്തു പതിപ്പിക്കുമ്പോഴാണ്. അതായത് എത്ര കണ്ടു നാം അങ്ങേ അറ്റത്തെ എളിമയും വിനയവും സ്വായത്തമാക്കുന്നുവോ അത്ര കണ്ടു മഹോന്നതനായ നമ്മുടെ നാഥനെ നമുക്കു പ്രാപിക്കുവാനും അവന്റെ സാമീപ്യം കരഗതമാക്കുവാനും സാധിക്കുന്നതാണ്.

## 4. പ്രാർഥന

ദൈവസാമീപ്യം പ്രാപിക്കുന്നതിനുള്ള മറ്റൊരു മാർഗം പ്രാർഥനയാണെന്നു വിശുദ്ധ ഖുർആൻ പറയുന്നു. അതായത് എന്നെ സംബന്ധിച്ച് എന്റെ ദാസൻമാർ എന്നോട് ചോദിക്കുന്നപക്ഷം ഞാനിതാ

അടുത്തു തന്നെയുണ്ട്. പ്രാർഥിക്കുന്നവന്റെ പ്രാർഥനക്ക്, അവൻ എന്നെ വിളിച്ചു പ്രാർഥിക്കുമ്പോൾ ഞാൻ ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗം പ്രാപിക്കുന്നതിന് വേണ്ടി(2: 187).

പ്രസ്തുത ആയത്തിൽ നിന്നും ദൈവസാമീപ്യം കരഗതമാകുന്നതിന്ന് പ്രാർഥന വളരെ അനിവാര്യമാണെന്നും അല്ലാഹു പ്രാർഥിക്കുന്നവരുടെ സമീപത്തു തന്നെയുണ്ടെന്നും മനസ്സിലാകുന്നു.

## 5. സൽക്കർമങ്ങൾ

ദൈവസാമീപ്യം കരഗതമാകുന്നതിന് സൽക്കർമങ്ങളുടെ ആവശ്യകതയെപ്പറ്റി വിശുദ്ധ ഖുർആൻ ഊന്നിപ്പറയുന്നു. അതായത്

'ഏതൊരാൾ തന്റെ നാഥനെ കണ്ടുമുട്ടുന്നതിന് (ദൈവസാമീപ്യം പ്രാപിക്കേണമെന്ന്) ആഗ്രഹിക്കുന്നുവോ അയാൾ സൽക്കർമങ്ങൾ ചെയ്തുകൊള്ളട്ടെ. (അതേ പ്രകാരം) തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരെയും പങ്കു ചേർക്കാതിരിക്കുകയുംചെയ്യട്ടെ. (18:111)'

പ്രസ്തുത ആയത്തിന് വിശദീകരണം നൽകിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദു(അ) അരുൾ ചെയ്യുന്നു.

'അവൻ പരിശുദ്ധ ഖുർആനിലൂടെ നൽകുന്ന അധ്യാപനങ്ങൾ മുഖേന കർമനിരതനാവുകയാണെങ്കിൽ ഈ ലോകത്ത് തന്നെ ദൈവദർശനം എളുപ്പമായിത്തീരുന്നതാണ്. എപ്രകാരമെന്നാൽ അവൻ അരുൾ ചെയ്യുന്നു. ഈ ദുനിയാവിൽ തന്നെ ദിവ്യദർശനം ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന ആൾ-അതേ, യഥാർഥ ദൈവവും സൃഷ്ടികർത്താവുമായ അല്ലാഹുവിനെ ദർശിക്കണമെന്ന് ആഗ്രഹിക്കുന്ന ആൾ ഒരു വിധത്തിലുള്ള കുഴപ്പവും ഉൾപ്പെടാത്ത സൽക്കർമങ്ങൾ ചെയ്യട്ടെ. അതായത് അവൻ ചെയ്യുന്ന കർമം ജനങ്ങൾക്കു കാണിക്കുന്നതാകാതിരിക്കട്ടെ. അതോടൊപ്പം ആ കർമങ്ങൾ എല്ലാ വിധത്തിലുള്ള ശിർക്കിൽ നിന്നും പരിശുദ്ധമായതായിരിക്കണം. സൂര്യനെയോ ചന്ദ്രനെയോ ആകാശത്ത് കാണപ്പെടുന്ന നക്ഷത്രങ്ങളെയോ, അതേ പ്രകാരം ഭൂമിയിലെ ഏതെങ്കിലും ഒരു വസ്തുവിനെയോ ആരാധിക്കുകയോ അവയ്ക്ക് അന്തസ്സ് കൊടുക്കുകയോ ചെയ്യരുത്.'(ലക്ചർ ലാഹോർ).

## 6. തീവ്രയത്നം

ദൈവസാമീപ്യം പ്രാപിക്കുന്നതിന്, അതിനായി തീവ്രയത്നം ആവശ്യമാണെന്ന് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അതായത്, നമ്മുടെ സാമീപ്യം കരഗതമാകണമെന്ന കാര്യത്തിൽ തീവ്രയത്നം ചെയ്യുന്നവരെ നാം നമ്മുടെ പാതകളിൽ നയിക്കുന്നതാണ്. അല്ലാഹു തീർച്ചയായും സദ്‌വൃത്തരുടെ കൂടെയാകുന്നു. 29:70.

ഹദ്റത്ത് മഹ്ദി മസീഹ്(അ) അരുൾ ചെയ്യുന്നു.

'അല്ലാഹുവിലേക്ക് തീവ്രയത്നം ചെയ്യുന്ന ആൾ ഒരിക്കലും പരാജിതരായിത്തീരുന്നില്ല. അവന്റെ സത്യമായ വാഗ്ദാനമാണിത്. ദൈവവഴികളിൽ ആരോണോ തീവ്രയത്നം ചെയ്യുന്നത് അയാൾ അവസാനം തന്റെ ലക്ഷ്യത്തിലേക്കെത്തിച്ചേരുന്നു. ലൗകീകമായ പരീക്ഷകളിൽ തയ്യാറെടുക്കുന്നവർ രാത്രികളെ പകലാക്കി മാറ്റുന്നതായി നാം കാണുന്നു.

വിദ്യാർഥികളുടെ തീവ്രയത്നവും അവരുടെ അവസ്ഥയും കാണുമ്പോൾ കാരുണ്യം തോന്നിപ്പോകുന്നു. അപ്പോൾ അപരിമിതവും അനന്തവും ആയ അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും ഉടമയായ അല്ലാഹു തന്നെ സമീപിക്കുന്നതിനായി കഠിനാദ്ധ്വാനം ചെയ്യുന്നവനെ നഷ്ടപ്പെടുത്തുമോ?. ഒരിക്കലുമൊരിക്കലുമില്ല. അല്ലാഹു ആരുടെ പ്രയത്നത്തെയും നിഷ്പ്രയോജനമാക്കുന്നില്ല'(മൽഫൂസാത്ത്).

## 7 പാപപ്പൊറുതിക്കായുള്ള തേട്ടം

ദൈവസാമീപ്യം പ്രാപിക്കുന്നതിനുള്ള ഒരു മാർഗം ഇസ്തിഗ്ഫാർ ചെയ്യുകയും അല്ലാഹുവിനോടു പാപപ്പൊറുതി തേടുകയും ചെയ്യുകയാണെന്ന് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അതായത്

'അവനോട് നിങ്ങൾ പാപമോചനത്തിനായി അർഥിക്കുക.(പൂർണഹൃദയത്തോടു കൂടി) അവങ്കലിലേക്ക് തിരിയുക. തീർച്ചയായും നിന്റെ നാഥൻ സമീപസ്ഥനും പ്രാർഥനക്ക് ഉത്തരം നൽകുന്നവനുമാകുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ് അരുൾ ചെയ്യുന്നു.

'തൗബയും ഇസ്തിഗ്ഫാറും അല്ലാഹുവിനെ അറിയുന്നതിനുള്ള മാർഗമാണ് നിങ്ങൾ പൂർണയത്നത്തോടു കൂടി അവന്റെ വഴിയിൽ ചരിക്കുകയാണെങ്കിൽ ജീവിതോദ്ദേശ്യപ്രാപ്തി ലഭ്യമാകുന്നതാണെന്ന്അല്ലാഹു അരുൾ ചെയ്യുന്നു. (മൽഫൂസാത്ത് 10:107).'

## 8. ദൈവമാർഗത്തിൽ ചെലവ് ചെയ്യൽ

ദൈവസാമീപ്യം പ്രാപിക്കുന്നതിനായി, ദൈവത്തിലും പുനരുത്ഥാന നാളിലും വിശ്വസിക്കുകയും ദൈവമാർഗത്തിൽ ചെലവു ചെയ്യുകയുമാണെന്ന് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അതായത്

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും തങ്ങൾ ചെലവഴിക്കുന്നത് ദൈവസാമീപ്യം പ്രാപിക്കുന്നതിനും ദൈവദൂതന്റെ പ്രാർഥന(സമ്പാദിക്കുന്നതിനുള്ള) മാർഗമായി ഗണിക്കുകയും ചെയ്യുന്ന ചിലരും ആബദ്‌വികളായ അറബികളിലുണ്ട്. അറിയുക, തീർച്ചയായും അവർക്ക് ദൈവസാമീപ്യം പ്രാപിക്കാനുള്ള ഒരു മാർഗമാണിത്. അല്ലാഹു താമസംവിനാ അവരെ അവന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാണ്. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.(9:99).

മറ്റൊരു സ്ഥലത്ത് അല്ലാഹു അരുൾ ചെയ്യുന്നു.

'നിങ്ങളുടെ സമ്പത്തോ സന്താനങ്ങളോ പദവിയിൽ നിങ്ങളെ നമ്മുടെ അടുക്കലേക്ക് അടുപ്പിക്കാൻ ഉള്ളതല്ല. എന്നാൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവന് മാത്രമേ(നമ്മുടെ സാമീപ്യം) പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ.'

അങ്ങനെയുള്ളവർക്ക് അവർ പ്രവർത്തിച്ചതിന്റെ പ്രതിഫലം ദ്വിഗുണീഭവിച്ചു ലഭിക്കുന്നതാണ്. അവർ ഉന്നത മന്ദിരങ്ങളിൽ സമാധാന ചിത്തരായി വസിക്കുന്നതാണ്.(34:38).

അതായത് ഭൗതികമായ സമ്പത്തും പ്രതാപവും പ്രൗഢിയും സന്തതികളും മനുഷ്യനെ ദൈവസാമീപ്യ പ്രാപ്തിക്കുള്ള നിദാനമാക്കുന്നില്ല എന്നും വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും അവന്റെ വഴിയിൽ ചെലവ് ചെയ്യുകയും ചെയ്യുന്നവർ മാത്രമേ ദൈവസാമീപ്യം പ്രാപിക്കുകയുള്ളൂവെന്നും പ്രസ്തുത ആയത്തുകൾ വിളിച്ചോതുന്നു.

ചുരുക്കത്തിൽ ദൈവസാമീപ്യ പ്രാപ്തിക്കായി വിശുദ്ധ ഖുർആൻ നിർദേശിക്കുന്ന മാർഗങ്ങൾ സൂക്ഷ്മതയും ദൈവഭക്തിയും കരഗതമാക്കുക, അധികമധികം ദൈവസന്നിധിയിൽ പ്രണമിക്കുക, പ്രാർഥനയിൽ നിരതരായിരിക്കുക, സൽക്കർമങ്ങൾ അനുഷ്ഠിക്കുക, അതിനായി തീവ്രയത്നം ചെയ്യുക, ഇസ്തിഗ്ഫാർ ചെയ്യുക, ദൈവമാർഗത്തിൽ ചെലവു ചെയ്യുക, ദൈവത്തിലും അന്ത്യനാളിലും വിശ്വസിക്കുക, ഒരു വിധത്തിലുള്ള ശിർക്കും ചെയ്യാതിരിക്കുക എന്നിവയാണ്. ഈ മാർഗങ്ങൾ അനുസരിച്ച് ദൈവപാതയിൽ ചരിച്ചു ദൈവസാമീപ്യം പ്രാപിക്കുന്നതിനുള്ള സൗഭാഗ്യം അല്ലാഹു നമുക്കെല്ലാം പ്രദാനം ചെയ്യുമാറാകട്ടെ-ആമീൻ.

# ഖിലാഫത്ത് പ്രക്ഷോഭവും യഥാർഥ ഖിലാഫത്തും

ഇസ്‌ലാമിനെ ആത്മാർഥമായി സ്നേഹിച്ച ഒരു സംഘം മുസ്‌ലികൾ ഖിലാഫത്തിന് വേണ്ടി കേരളത്തിൽ നടത്തിയ പ്രക്ഷോഭം വേദനാജനകമായ ഒരു പരാജയമായി കലാശിക്കുകയായിരുന്നു.

## പ്രൊഫ. മഹ്മൂദ് അഹ്മദ്

**ദൈ**വിക വ്യവസ്ഥയുടെ സുതാര്യ രൂപമാണ് ഖിലാഫത്ത്. പ്രവാചകന്മാരുടെ ദൗത്യപൂർത്തീകരണത്തിന് അല്ലാഹു ഏർപ്പെടുത്തിയ ഏറ്റവും ശക്തമായ സംവിധാനമാണ് അത്. ആദം നബി (അ) യിൽ നിന്ന് തുടങ്ങി മനുഷ്യ മഹാ സംസ്കൃതിയുടെ വികാസ പരിണാമത്തിൽ വഴിത്തിരിവായി പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നത് ഖിലാഫത്താണ്. നബി (സ) തിരുമേനിയിലെത്തുമ്പോൾ ഇസ്‌ലാമിക ദർശനത്തിന്റെ സുരഭിലമായ തുടർകണ്ണിയായി ഈ അനുഗൃഹീത ശക്തി നമുക്ക് ദർശിക്കാനാകുന്നു. ഖുലഫാഉർറാശിദിന്റെ കാലത്ത് നവോത്ഥാനത്തിന്റെ വസന്തവും ധാർമികതയുടെ കാന്ത വലയവുമായത് ഖിലാഫത്താണെന്ന് നമുക്കറിയാം.

തീർച്ചയായും പ്രവാചകന്മാരുടെ പ്രതിനിധികളായി വരുന്ന ഖലീഫമാർ ഭൗതിക ജീവിതത്തിന്റെ കെട്ടുപാടുകളിൽ നിന്നും ജന്മം കൊള്ളുന്നവരല്ല. അവർ അല്ലാഹുവിനാൽ നിശ്ചയിക്ക പ്പെടുന്ന വരാണ്. ഖിലാഫത്തിന്റെ അനുഗ്രഹ ലബ്ധിക്ക് വ്യക്തമായ നിബന്ധനകളുണ്ട്. ദൈവ ത്തിന്റെ യഥാർഥ വിശ്വാസം കൈകൊള്ളുന്ന വർക്കുള്ളതാണ് ഖിലാഫത്ത്. സൽക്കർമങ്ങൾ ചെയുന്നവർക്കുള്ള വരദാനമാണ് ഇത്. സത്യ പ്രബോധനവും നന്മയിലേക്കുള്ള ക്ഷണവുമാണ് അല്ലാഹുവിന്റെ ഈ പ്രാതിനിധ്യ വ്യവസ്ഥയുടെ പ്രത്യേകത. ധാർമിക അപചയത്തിന്റെ സൂക്ഷിപ്പുകാർക്ക് ഖലീഫയാകാൻ അർഹതയില്ല. ദുർമാർഗികളോ അനീതി ജീവിത വ്രതമാക്കിയവരോ അല്ലാഹുവിന്റെ ഈ സത്യ പാതയുടെ അടുത്തെങ്ങുമെത്തില്ല. അവരുടെ പ്രതീക്ഷകളും പരിശ്രമങ്ങളും ഒരിക്കലും അവരുദ്ദേശിക്കും വിധം സാക്ഷാത്ക്കരിക്കപ്പെടാറില്ല എന്നത് ചരിത്രപാഠമാണ്.

നബി തിരുമേനി(സ)യുടെ വിയോഗത്തെ തുടർന്ന് സൂര്യ പ്രഭപോലെ ഉദയം ചെയ്ത് പിന്നെ ലോകമാകെ ജ്വലിച്ചു നിന്ന ഇസ്‌ലാമിക ഖിലാഫത്ത് കാലം കഴിഞ്ഞപ്പോൾ കഴിവ് കെട്ടവരുടെ കയ്യിൽ പെട്ട് നേർത്ത്നേർത്ത് പോകുകയും ഒന്നാം ലോകമഹായുദ്ധത്തോടെ അസ്തമിക്കുകയും ചെയ്ത ദുരന്ത കഥ ലോകത്തിന് മറക്കാനാവാത്ത ഒരു ഗുണപാഠം നൽകുന്നുണ്ട്. സൂറാ നൂറിൽ അടങ്ങിയ ദൈവിക വാഗ്ദാനമനുസരിച്ച് സ്ഥാപിക്കപ്പെട്ട ഇസ്‌ലാമിക ഖിലാഫത്ത് ദൈവം നിശ്ചയിച്ച ഉപാധികളിൽ നിന്ന് കുതറി മാറിയപ്പോൾ ഉണ്ടായ ദാരുണ പതനമായിരുന്നല്ലോ അത്. ദുർമാർഗികളുടെ കയ്യിലെ കളിപ്പാട്ടമല്ല ഖിലാഫത്ത് എന്നതാണ് ദൈവിക പാഠം. എന്നാൽ ദൈവികാനുഗ്രഹത്തിന്റെ ഈ നിർഝരി നിലക്കാൻ പാടില്ലാത്തത് കൊണ്ട് ദൈവത്തിന്റെ സത്യ പാതയിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ കയ്യിലേക്ക് ഖിലാഫത്തിനെ മാറ്റേണ്ടതുണ്ടായിരുന്നു. അതുകൊണ്ടാണ് നാമമാത്രമായി നിലനിന്നിരുന്ന തുർക്കിയിലെ ഖിലാഫത്ത് അവസാനിപ്പിച്ച് ഹദ്റത്ത് അഹ്മദ് (അ)ലൂടെ പുനർജനി നേടിയ യഥാർഥ ഇസ്‌ലാമിക ഖിലാഫത്തിന് ഊർജം പകരാൻ അല്ലാഹു തീരുമാനിച്ചത്.

തങ്ങൾക്ക് വിലക്കപ്പെട്ട ഖിലാഫത്ത് എന്ന കനിയെ വീണ്ടും സ്വന്തമാക്കാൻ അഹ്മദികളല്ലാത്ത മറ്റു മുസ്‌ലിംകൾ നടത്തിയ ശ്രമത്തിന്റെ ദയനീയ പരാജയം കൊണ്ടും ചോരയിൽ കുതിർന്ന ദാരുണ പതനം കൊണ്ടും കലുഷിതമായിരുന്നു കഴിഞ്ഞ നൂറ്റാണ്ടിലെ ഭൂരിപക്ഷ മുസ്‌ലിംകളുടെ ചരിത്രം. ഖിലാഫത്തിന്റെ മധുരിക്കുന്ന കനി സ്വന്തമാക്കാൻ കൈ നീട്ടിയ കപട വിശ്വാസികളുടെയൊക്കെ കൈകൾ വെട്ടിമാറ്റുകയായിരുന്നു ദൈവനീതി. അമ്പരപ്പിക്കുന്ന ഈ ദൈവശിക്ഷയുടെ ആഘാതം സഊദി അറേബ്യയിലെ ഫൈസൽ രാജാവു മുതൽ താഴോട്ട് ഇങ്ങ് നമ്മുടെ കേരളത്തിലെ ആലി മുസ്‌ല്യാർ വരെ തിളക്കുന്ന വെള്ളം തൊണ്ടയിൽ കുരുങ്ങിയ വിഭ്രാന്തിയോടെ അനുഭവിക്കുകയും ചെയ്തു. തീർച്ചയായും ഇത് നമ്മെ സന്തോഷിപ്പിക്കുന്നില്ല. കഴിഞ്ഞ നൂറ്റാണ്ടിൽ ഖിലാഫത്തിനോട് ബന്ധപ്പെട്ടു നടന്ന എല്ലാ ചോര കുരുതികളും നാശം വിതച്ച വിസ്ഫോടനങ്ങളും നമ്മെ ദുഃഖാകുലരാക്കുന്നു. എങ്കിലും അവയിലടങ്ങിയ ലളിതവും വ്യക്തവുമായ ശുദ്ധ പാഠങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ സാദ്ധ്യമല്ല. ഖിലാഫത്തിന്റെ സ്വർഗീയാരാമത്തിലെ പക്വ ഫലങ്ങൾ സ്വന്തമാക്കി ഒരു സമുദായം അല്ലാഹുവിന്റെ സംരക്ഷണക്കുടയുടെ തണലിൽ രൂപമെടുത്തുകഴിഞ്ഞിരിക്കുന്നു എന്ന ദൈവിക സന്ദേശം ഇതിന്റെ അന്തർധാരയായുണ്ട് എന്നത് തന്നെ കാരണം.

ഒരു യാഥാർഥ നേതൃത്വത്തിന്റെ അഭാവത്തിൽ സംഭവിക്കാവുന്നതെന്തും ഖിലാഫത്ത് പ്രക്ഷോഭത്തിന്റെ ഭാഗമായി കഴിഞ്ഞ നൂറ്റാണ്ടിൽ അരങ്ങേറിയിട്ടുണ്ട്. മലയാളികളെ സംബന്ധിച്ചിടത്തോളം ചങ്ക് നുറുങ്ങുന്ന വേദനയോടെ നാം സ്മരിക്കുന്ന ഒന്നാണ് മലബാർ കലാപം. അതിന്റെ അന്ത്യ വിധി അത്രമേൽ അപായകരമായിരുന്നു. ആ നിണബലിയുടെ നിസ്വനങ്ങൾ നിരുത്ത രവാദപരമായ ഒരു സമീപനത്തിനേറ്റ കനത്ത തിരിച്ചടിയായിരുന്നു. നിരപരാധികളുടെ ചോരയിൽ കുതിർന്ന ഒരു കഥന കഥ അതുമായി ചേർത്തു വായിക്കുമ്പോഴാണ് പാകത വരാത്ത ഒരു പറ്റം ആളുകളുടെ കയ്യിൽ എങ്ങനെയാണ് ഖിലാഫത്ത് എന്ന ദൈവിക വ്യവസ്ഥയെക്കുറിച്ചുള്ള സ്വപ്നം ഞെരിഞ്ഞടങ്ങിയത് എന്ന് ബോദ്ധ്യമാകുക.

### ഖിലാഫത്ത് പ്രക്ഷോഭം

ഒന്നാം ലോക മഹായുദ്ധത്തിന്റെ ഒടുവിൽ വാർസെയിൽസ് സന്ധിയനുസരിച്ച് തുർക്കി സുൽത്താൻ സ്ഥാന

ഭ്രഷ്ടനാക്കപ്പെട്ടു. സുൽത്താനായിരുന്നു പരമ്പരാഗത മുസ്‌ലിം ഖിലാഫത്തിന്റെ നേരിയ പിടിവള്ളി. ഒട്ടോമൻ സാമ്രാജ്യം ചെറു ചെറു മുസ്‌ലിം രാഷ്ട്രങ്ങളായി വിഭജിക്കപ്പെട്ടു. ലോകത്തെങ്ങുമുള്ള സുന്നി മുസ്‌ലിംകൾ തങ്ങളുടെ മതാദ്ധ്യക്ഷനായ ഖലീഫ നീക്കം ചെയ്യപ്പെട്ടതിൽ രോഷാകുലരായി. സുൽത്താന്റെ സ്ഥാനത്തു പച്ച പരിഷ്ക്കാരിയായ മുസ്തഫാകമാൽ പാഷ അവരോധിക്കപ്പെട്ടു. ഇതിൽ സുന്നി മുസ്‌ലിംകൾ തികച്ചും അസ്വസ്ഥരായി. ഇതിനെ തുടർന്ന് മുസ്‌ലിംകൾക്കിടയിൽ കൊളോണിയൽ ശക്തിയായ ബ്രിട്ടീഷ്കാർക്കെതിരെ യുള്ള രോഷം ആളിക്കത്തി. ഇതിനെ തുടർന്ന് ഇന്ത്യയിലും ഖിലാഫത്ത് പ്രസ്ഥാനം സംഘടിപ്പിക്കുവാൻ ശ്രമമുണ്ടായി. ബ്രിട്ടീഷ് ഭരണത്തിനെതിരായി സ്വാതന്ത്ര്യ സമരം നടത്താൻ തയ്യാറെടുത്ത് നമ്മുടെ ദേശീയ പ്രസ്ഥാനം ഭൂരിപക്ഷ മുസ്‌ലിംകളുടെ മനോഗതിയറിഞ്ഞ് ഖിലാഫത്ത് പ്രക്ഷോഭത്തിന് പിന്തുണ പ്രഖ്യാപിച്ചു. മൗലാനാ മുഹമ്മദലിയും ഷൗക്കത്തലിയും അവരോടൊപ്പം ഗാന്ധിജിയും ചേർന്ന് പ്രക്ഷോഭം ഒരു ജനകീയ മുന്നേറ്റമാക്കാൻ ശ്രമിച്ച കേരളത്തിലും അതിന് വേദിയുണ്ടായി.

തുർക്കിയിൽ നഷ്ടപ്പെട്ട ഖിലാഫത്തിനെ പുനസ്ഥാപിക്കുക എന്നത് യാഥാസ്ഥിതിക മുസ്‌ലിംകളുടെ മർമ്മപ്രധാനമായൊരു ആവശ്യമായിരുന്നുവെന്നും ഇന്ത്യയിലെ ദേശീയ നേതാക്കന്മാർ കരുതിയിരുന്നു. ഹിന്ദു മുസ്‌ലിം ഐക്യത്തെ ഊട്ടിയുറപ്പിക്കാൻ ഖിലാഫത്ത് പ്രക്ഷോഭത്തിനുള്ള പിന്തുണ സഹായകരമാവുമെന്നും അവർ കരുതി. ആ രീതിയിലുള്ള പ്രചരണമാണ് രാജ്യത്തുടനീളം നടന്നത്. എന്നാൽ സുഖലോലുപതയുടെ കയ്യിൽ, ഗതിവ്യതിയാനം വന്ന ഒരു സംവിധാനത്തിന്റെ കയ്യിൽ, ഒരിക്കലും ഖിലാഫത്തെന്ന സ്വർഗീയ വ്യവസ്ഥ ഏൽപ്പിച്ചു കൊടുത്തുകൂടന്ന നിശ്ചയം അല്ലാഹുവിന്റേതായിരുന്നുവെന്ന് ദേശീയ നേതാക്കന്മാർക്ക് മനസ്സിലാക്കാനായില്ല. അതുകൊണ്ട് തുടക്കത്തിൽ ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ സ്നേഹ സുന്ദര ഗാനമാലപിച്ച ഖിലാഫത്ത് പ്രസ്ഥാന സന്ദേശം ഒടുവിലെത്തിയപ്പോൾ ഭീകര താണ്ഡവമായി പരിണമിച്ചു.

ഖിലാഫത്ത് പ്രസ്ഥാനം ഖിലാഫത്ത് പ്രക്ഷോഭമായി മാറുന്നതിന്ന് മുമ്പുള്ള അവസ്ഥയെ പറ്റി മലബാർ കലാപം എന്ന പുസ്തകത്തിൽ അതിന്റെ രചയിതാവും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന കെ. മാധവൻ നായർ ഇങ്ങനെ എഴുതുകയുണ്ടായി. 'കലാപത്തിന് മുമ്പായി ഖിലാഫത്ത് പ്രസ്ഥാനം മലബാറിലെ ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിലുള്ള ബന്ധവും ഏതാണ്ട് ഭേദപ്പെടുത്തി. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് അത് സംബന്ധമായി കൂടിയ യോഗങ്ങളിൽ ഹിന്ദുക്കളെ വളരെ ദുർലഭം പേർ മാത്രമേ ഹാജറുണ്ടായിരുന്നുള്ളു. കൗൺസിൽ ബഹിഷ്ക്കരണം എന്ന വിഷയത്തെപറ്റി മാത്രമാണ് അക്കാലത്ത് പ്രധാനമായി ഖിലാഫത്ത് പ്രവർത്തകന്മാർ പ്രസംഗങ്ങൾ നടത്തിയിരുന്നത്. കോഴിക്കോട് താലൂക്കിൽ കോഴിക്കോട് നഗരത്തിൽ മാത്രവും ഏറനാട് താലൂക്കിൽ തിരൂരങ്ങാടി, കുണ്ടോട്ടി, മഞ്ചേരി, മമ്പാട് മലപ്പുറം, കോട്ടക്കൽ, പുളിക്കൽ എന്നിവിടങ്ങളിൽ മാത്രവും അക്കൊല്ലത്തിന്റെ അവസാനത്തിൽ ഞങ്ങളിൽ ചിലർ പ്രസംഗങ്ങൾ നടത്തുകയുണ്ടായിട്ടുണ്ട്. ഈ യോഗങ്ങളിലെല്ലാം വിശിഷ്ടരും ജനസമ്മതരുമായ മൗലവിമാർ വിശുദ്ധ ഖുർആനിലെ വചനങ്ങളെ ആസ്പദമാക്കി ഹിന്ദു മുസ്‌ലിം മൈത്രിയുടെ ശക്തിമത്തായ പ്രസംഗങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു. ഈ പ്രസംഗങ്ങളാലും മറ്റു മുഹമ്മദീയർ ഹിന്ദുക്കളെ തങ്ങളുടെ ബന്ധുക്കളായി കരുതാൻ തുടങ്ങി.' ശ്രീ. കെ. മാധവൻ നായർ തുടരുന്നു.'ഖിലാഫത്ത് പ്രസ്ഥാനവും അത് സംബന്ധമായി യോഗ്യന്മാരും വിദ്വാന്മാരുമായ മൗലവികൾ ചെയ്യുന്ന പ്രസംഗങ്ങളും ഹിന്ദുക്കൾ മുഹമ്മദീയർക്ക് മതകാര്യങ്ങളിൽ ചെയ്യുന്ന സഹായങ്ങളും ഏറനാട്ടിലേയും മറ്റും മാപ്പിളമാരുടെ മനസ്സിൽ ഹിന്ദുക്കളോടുള്ള വൈരം, സ്നേഹമില്ലായ്മ തീരെ നശിപ്പിക്കുമെന്ന് ഞങ്ങളിൽ ചിലർ വിശ്വസിച്ചു. തന്മൂലം മാപ്പിള ലഹള മേലിൽ ഉണ്ടാകാതെ ഹിന്ദുക്കളും മുഹമ്മദീയരും സഹോദര ഭാവത്തിൽ വർത്തിക്കുവാൻ സംഗതിയായേക്കുമെന്നും ഞങ്ങളാശിച്ചു. പക്ഷേ പിന്നീടുണ്ടായ കലാപം അന്യഥാചിന്തിതം കാര്യം, ദൈവമനൃത്ര ചിന്തയേത് എന്ന പ്രമാണത്തെ തെളിയിക്കുകയാണുണ്ടായത് (മലബാർ കലാപം), ഖിലാഫത്ത് പ്രസ്ഥാനവും ഹിന്ദു മുസ്‌ലിം മൈത്രിയും. കെ മാധവൻ നായർ, പേജ് 45,46) മാതൃഭൂമി ആഴ്ച്ചപ്പതിപ്പ് 1987 മെയ് ) സംഗതി വ്യക്തം. ഖിലാഫത്തിന്റെ സ്പിരിറ്റ് ഉൾക്കൊള്ളാത്തവരുടെ കയ്യിൽ ഖിലാഫത്ത് ഏൽപ്പിക്കാൻ അല്ലാഹു സന്നദ്ധമല്ല. മറിച്ച് അതിന് വേണ്ടി യഥാർഥ വിശ്വാസികളെ അല്ലാഹു നിശ്ചയിച്ചു കഴിഞ്ഞിരുന്നു.

**പ്രക്ഷോഭത്തിന്റെ പ്രത്യാഘാതങ്ങൾ**

ഏറനാടിന്റെ മണ്ണിൽ ചോര മാത്രം പെയ്ത മാപ്പിള ലഹളയുടെ കാരണം തേടി പലരും പുറപ്പെട്ടിട്ടുണ്ട്. അതിലെ പ്രധാനി കേരളത്തിലെ ബുദ്ധികേന്ദ്രം എന്ന് കരുതുന്ന ഇ.എം. എസ് നമ്പൂതിരിപ്പാട് ആയിരുന്നു. ആദ്യം കാർഷിക സമരമായി തുടങ്ങിയ ലഹളക്ക് പിന്നെ വർഗീയതയുടെ നിറം കൊടുത്തതായിരുന്നു എന്ന് ഇ. എം. എസ്സിലെ ചരിത്രകാരൻ കണ്ടെത്തുന്നു. പൂക്കോട്ടൂരിൽ നടന്ന ചില സംഭവങ്ങളുടെ നിമിത്തമായിട്ട് തിരൂരങ്ങാടിയെ കലാപഭൂമിയാക്കി പിന്നീട് 1921 ആഗസ്റ്റ് 21 ന് ശക്തിയായി ആരംഭിച്ച് ഇടിയും മിന്നലും ഉൽപാദിപ്പിച്ചു. മലബാർ കലാപം നാശത്തിന്റെ വിഷവിത്തുകൾ എറിഞ്ഞതെങ്ങനെയെന്ന് ഇപ്പോഴും ഒരു സങ്കീർണമായൊരു ആലോചനാ വിഷയമാണ്.

മാപ്പിള ലഹളയുടെ ഗതി വിഗതികൾ കൂടി അവലോകനം ചെയ്യുന്നത് ഈ അവസരത്തിൽ അർഥവത്താണ്. കേരളത്തിൽ സോഷ്യലിസ്റ്റ് തീപന്തം കൊണ്ട് നടന്ന സ്വാതന്ത്ര്യ സമര സേനാനി കൂടിയായ പി. നാരാണയൻ നായർ തന്റെ ആത്മകഥയായ 'അരനൂറ്റാണ്ടിലൂടെ' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതുന്നു: 'ഓണക്കാലം വന്നതോടെ മലബാറിൽ സ്ഥിതിയാകെ മാറി. ലഹള തുടങ്ങിയിരിക്കുന്നു (അതാ യത് 1921 ആഗസ്റ്റ് മാസം) എന്നൊരു വൃത്താന്തം കാട്ടു തീ പോലെ പരന്നു പത്രങ്ങൾക്കൊന്നും കാത്തിരിക്കാതെ നേരിട്ട് തന്നെ ഞങ്ങൾക്കതറിയാൻ കഴിഞ്ഞു. നിരവധി കുടുംബങ്ങൾ അഭയം തേടി ഭാരതപ്പുഴക്ക് തെക്കുള്ള ഞങ്ങളുടെ പ്രദേശത്തെത്തി. ചാർച്ച നോക്കിയും മറ്റു പോംവഴിയില്ലാതെയും വെട്ടത്തുനാട്, വളാഞ്ചേരി, പള്ളിപ്പുറം, അങ്ങാടിപ്പുറം ആനമങ്ങാട് എന്നിവിടങ്ങളിൽ നിന്നെല്ലാം ഓടിവന്ന വരായിരുന്നു അവർ. ലഹളയെ പറ്റി അമ്പരപ്പിക്കുന്ന വാർത്തകൾ പ്രചരിപ്പിച്ച കോൺഗ്രസ്സിലെയും ഖിലാഫത്ത് കമ്മിറ്റിയിലേയും മുസ്‌ലിംകളെ അവർ നിശിതമായി വിമർശിച്ചു. അക്രമിക്കപ്പെട്ടവരല്ല അക്രമിക്കപ്പെടുമെന്ന് ഭയന്ന് ഓടിവന്ന നായന്മാരുടെയും മറ്റു മേൽജാതിക്കാരുടെയും കുടുംബാംഗങ്ങളായിരുന്നു അവരിലധികം പേരും. അഭയാർഥികളിൽ ആനമങ്ങാട് ഇളമ്പിലാശ്ശേരി മൂസ്സതിന്റെ ആനയും കിള്ളിമംഗലത്തെത്തിയത് കുട്ടികൾക്കെങ്കിലും ബഹു

രസമായി.

അഞ്ചാറു മാസക്കാലം സർവത്ര ലഹളയെ സംബന്ധിച്ച് വർത്തമാനമായിരുന്നു. പള്ളി വളഞ്ഞു പതിയിരുന്നാക്രമിച്ചു. പൂക്കോട്ടൂർ യുദ്ധം, വെള്ള പട്ടാളത്തിന്റെയും ഗൂർഖാ പട്ടാളത്തിന്റെയും ക്രൂരതകൾ ഇങ്ങനെ പലതും പലതും കേട്ടു കൊണ്ടിരുന്നു. ലഹള നയിച്ച ആലി മുസ്‌ലിയാരെ പറ്റിയും വാരിയം കുന്നത്ത് കുഞ്ഞമ്മദ് ഹാജിയെ പറ്റിയും അതിശയോക്തി കലർന്ന കഥകൾ പ്രചരിച്ചു. അങ്ങനെ ഇരിക്കുമ്പോഴാണ് വാഗൺ ദുരന്തത്തിന്റെ വിവരങ്ങൾ കേട്ട് ജനങ്ങൾ നടുങ്ങിപ്പോയത്. നൂറുക്കണക്കിന് ലഹളക്കാരെ തടവുകാരാക്കി പിടിച്ചിരുന്നു. അവരിൽ തൊണ്ണൂറു പേരെ ആലിപൂർ പുരം ജയിലിലേക്ക് കൊണ്ടുപോകാനോ മറ്റോ തിരൂർ സ്റ്റേഷനിൽ കൊണ്ടു വന്നു. ലോഹനിർമിതമായ ഒരു ചെറിയ ഗുഡ്സ് വാഗണിൽ അവരെ തിരുകി കയറ്റി. വായു സഞ്ചാരത്തിനായുള്ള യാതൊരു പഴുതും വാഗണിൽ ഇല്ലായിരുന്നു. കുടിക്കാൻ വെള്ളമോ മലമൂത്ര വിസർജനത്തിന്നുള്ള സൗകര്യമോ അതിലുണ്ടായിരുന്നില്ല. വിയർത്തും ദാഹിച്ചും വീർപ്പു മുട്ടിയും അന്യോന്യം കടിച്ചും മാന്തിയും തൊണ്ണൂറു മനുഷ്യ ജീവികൾ ആ പേടകത്തിനുള്ളിൽ മരണപ്പിടച്ചിൽ തുടങ്ങി. ബ്രിട്ടീഷ് അധികാരത്തിന്റെ പാറാവുകാരന്മാർ മറ്റൊരു കമ്പാർട്ട്മെന്റിൽ സുഖ നിദ്രയിലാണ്ടിരിക്കണം. വണ്ടി പോത്തന്നൂരിലെത്തി വാഗൺ തുറന്ന് നോക്കി യപ്പോൾ കണ്ട കാഴ്ച്ച ഭയാനകമായിരുന്നു. വിയർപ്പിലും രക്തത്തിലും മലത്തിലുമായി അറുപത്തിനാലു പേർ മരിച്ച് കിടക്കുന്നു. മരിക്കാത്തവർ മരിച്ചതിനൊപ്പമായിരുന്നു. നങ്കാന കൂട്ട കൊല, ജാലിയൻ വാലാബാഗ് കൂട്ടക്കൊല, വാഗൺ ദുരന്തം എല്ലാം കൂടിയായപ്പോൾ ബ്രിട്ടീഷ് ഭരണത്തോട് മതിപ്പുള്ളവർ ഇല്ലാതായി (അരനൂറ്റാ ണ്ടിലൂടെ. പി. നാരാണയൻ നായർ പേ. 41-420 അക്കാദമി എഡിഷൻ 1999)

ലഹളയുടെ ആദ്യ പ്രക്ഷോഭ ഘട്ടത്തിൽ ആലി മുസ്ല്യാർ ഖലീഫയായി അവരോധിക്കപ്പെട്ടു. വാരിക്കുന്തവും കുറുവടിയുമായി ഖിലാഫത്ത് സ്ഥാപിക്കാനുള്ള സമര പ്രഹസനം അരങ്ങേറി. വാരിയം കുന്നത്ത് കുഞ്ഞമ്മദാജിയും സമരരംഗ ത്തെത്തിയതോടെ മത രാഷ്ട്ര വിഭ്രമത്തിന് ഭ്രമകൽപ്പനകൾ ഉണ്ടായി. വികലമായ ചില ധാരണകൾക്ക് മിഥ്യാ ബോധങ്ങൾക്ക്, കുത്തഴിഞ്ഞ പ്രഹസനങ്ങൾക്ക്, ഭ്രാന്തമായ ആവേശങ്ങൾക്ക് ശ്മശാന ഭീകരതയും മൂകതയുമാണ് ഫലം എന്നത് ചരിത്രം ആവർത്തിച്ചു കൊണ്ടേയിരിക്കുന്ന ഒരു പാഠമാണ്. നാം ഒരിക്കലും ആഗ്രഹിച്ചില്ലെങ്കിലും അങ്ങനെയൊരു ഞെരിപ്പോടിലെരിയാനാണ് മാപ്പിള നാടിന്റെ ഹത വിധി. ഖിലാഫത്ത് കൊതിച്ച് ദൈവരാജ്യം വാങ്ങാൻ ദിവസങ്ങൾ കാത്ത ആലിമുസ്ല്യാരെ മാർഷൽ കോടതി 1921 നവമ്പർ 5 ന് തൂക്കി കൊല്ലാൻ വിധിച്ചു. 1922 ഫിബ്രവരി 17 ന് കോയമ്പത്തൂർ ജയിലിൽ വെച്ച് അദ്ദേഹത്തെ തൂക്കി കൊല്ലുകയും മേട്ടുപ്പാളയം റോഡിനരികെ മറ ചെയ്യുകയും ചെയ്തു. മാപ്പിള ലഹളയുടെ മറ്റൊരു തീപ്പൊരിയായ കുഞ്ഞമ്മത് ഹാജിയെ ജനുവരി മാസം 20 നു രാവിലെ മലപ്പുറത്ത് നിന്നും മഞ്ചേരിക്ക് വരുന്ന നിരത്തിലെ ഒന്നാം മൈലിനടുത്ത് കോട്ടക്കുന്നിന്റെ വടക്കെ ചരുവിൽ വെച്ച് വെടിവെച്ച് കൊന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അധികാര ലഹരിയുടെ രാക്ഷസീയതയിൽ മാപ്പിള മനസ്സിൽ ഒരായിരം കുപ്പിച്ചില്ലുകൾ തറപ്പിച്ച് ഖിലാഫത്ത് പ്രക്ഷോഭത്തിന് വിരാമമുണ്ടായി.

**അന്തമാനിലെ തടവുകാർ**

പ്രക്ഷോഭമവസാനിച്ചിട്ടും ബ്രിട്ടീഷുകാരുടെ പ്രതികാര വാഞ്ചക്ക് ശമനമുണ്ടായില്ല. പ്രക്ഷോഭ ത്തോടനുബന്ധിച്ച് തടവിലായവരെ അന്തമാനിലേക്ക് നാടുകടത്തുകയാണ് അവർ ചെയ്തത്. അവിടെ കനത്ത കാരാഗൃഹത്തിന്റെ കരിങ്കൽ ഭിത്തികൾക്കകത്ത് അവരെ അടച്ചിട്ടു. സെല്ലുലാർ ജയിൽ എന്നാണ് ഈ തടവ് സങ്കേതം അറിയപ്പെടുന്നത്. ജയിലിലെ ജീവിതത്തെക്കുറിച്ച് അന്തമാൻ നിക്കൊബാർ ദ്വീപുകളുടെ ചരിത്രമെഴുതിയ ശ്രീ വിജയൻ മടപ്പള്ളി കുറിച്ചിടുന്നതിങ്ങനെയാണ്.: ഇതിന്റെ ഏകാന്തമായ അറകൾക്കുള്ളിൽ കഴിച്ചു കൂട്ടേണ്ടിവന്ന ഏതൊരു തടവുകാരന്റേയും നിമിഷങ്ങൾക്ക് വേദനയുടെ മൂർച്ചയും രക്തത്തിന്റെ ഗന്ധവും കണ്ണീരിന്റെ ഉപ്പും ഉണ്ടായിരുന്നു. മനുഷ്യത്വത്തിന് ഒരു മൂല്യവും ലഭിക്കാതിരുന്ന ഈ ബന്ദീഗൃഹത്തിൽ ഇതിന്റെ കുടുസ്സായ അറകളിൽ തടവുകാരുടെ സർവ വികാരങ്ങളും വിറങ്ങലിച്ചു നിൽക്കുന്നു. ഇതിനുള്ളിൽ സദാ മുക്രയിട്ടു നടന്ന മരണത്തിന്റെ വായിലേക്ക് അറ്റു വീണ ജീവനുകൾ അധികൃതരിൽ ചലനത്തേക്കാളേറെ ദൃഢതയാണ് സൃഷ്ടിച്ചത്. ജയിലറയിലെ ശിക്ഷാ വിധിക ളെ ക്കുറിച്ച് ശ്രീ. വിജയൻ വികാരപരമായ വിവരണം നൽകു ന്നുണ്ട്. നഗ്നത മാത്രം മറച്ച് നിഷേധിയെ മുക്കാലിയിൽ ഉറപ്പിച്ചു 'എ' ആ കൃതിയിലുള്ള ഇരുമ്പ് ചട്ടകൂട്ടിന്മേൽ കമഴ്ത്തി ക്കിടത്തി, കാലുകൾ താ ഴെ ഒരു മരപ്പലകയിൽ ദ്വാരങ്ങളിൽ കുടുക്കി, കൈകളും ഉദര ഭാഗവും യഥാ ക്രമം ചട്ടകൂടിന്റെ ഇരു വശത്തോടും മദ്ധ്യഭാഗത്തോടും ചേർത്തു ബന്ധിച്ചു തീർത്തും നിശ്ചലനാക്കിയശേഷം മൃഗീയമായ വിധം ചമ്മട്ടി പ്രയോഗത്തിന് ഇരയാക്കി ശരീരത്തിൽ ശീൽക്കാരത്തോടെ തലങ്ങും വിലങ്ങും ആഞ്ഞടിച്ച ചാട്ട, പച്ച മാംസവും ചുടു രക്തവും ചുറ്റും വിതറി. പ്രാണൻ പറിയുന്ന വേദനയോടെ ഒന്നനങ്ങാൻ പോലും ആകാതെ തടവു പുള്ളികൾ ചട്ടകൂടിന്റെ നിർജീവതയോടു പറ്റിപിടിച്ചു നിൽക്കുന്നു. പല്ലുകൾ കടിച്ചമർത്തി എല്ലാ പ്രഹരങ്ങളും തന്റെ അർദ്ധ നഗ്നതയിൽ ഏറ്റു വാങ്ങി. കാൽ വെള്ളകളിലെ ചൂരൽ പ്രയോഗങ്ങളും നഖങ്ങൾക്കിടയിൽ മൊട്ടു സൂചി കയറ്റി അഗ്രം ചൂടുപിടിപ്പിക്കുന്നതും സാധാരണ ശിക്ഷകൾ ആയിരുന്നു.

മലബാർ കലാപകാരികൾ അന്തമാൻ നിക്കോബാർ ദ്വീപിൽ ഈ കടുത്ത ശിക്ഷകൾ എങ്ങനെയാണ് തോളിലേറ്റിയതെന്ന് ശ്രീ വിജയൻ വ്യക്തമാക്കുന്നുണ്ട്. 1922 മുതൽക്കാണ് വിവിധ ഘട്ടങ്ങളിൽ ഏറനാടിന്റെ ശൂരരായ മക്കൾ ടി. എ. എസ് മഹാരാജാ എന്ന കപ്പലിൽ പോർട്ട് ബ്ലയറിൽ എത്തിയത്. സെല്ലുലാർ ജയിലിൽ ഏകാന്ത വാസത്തിന് വിധിക്കപ്പെട്ടവരും അധികൃതരുടെ കിരാത വാഴ്ച്ചയ്ക്ക് ഇരയായി. ഇവർ ആദ്യമാദ്യം എല്ലാം സഹിച്ചു. ജയിൽ നിയമമനുസരിച്ച് ഇവരും കാട്ടിലെ ഭീമൻ മരങ്ങൾ വെട്ടിയിട്ടു റോഡ് പണിതു. ഭൂമി ഉഴുതു മറിച്ചു ചതുപ്പുകൾ തീർത്തു. നാളുകൾ ചെല്ലുന്തോറും മേധാവികളുടെ മർദനമുറകൾ ഏറിവന്നപ്പോൾ ശിക്ഷാ വിധി കഴിയുന്നതിന് മുമ്പ് തന്നെ പരലോകത്തെത്തുമെന്ന് അവർ വിശ്വസിച്ചു. ജയിലിന്റെ കനത്ത ഭിത്തികൾക്കകത്ത് കിടന്നായിരിക്കും തങ്ങൾ അന്ത്യശ്വാസം വലിക്കുക എന്നവർ ധരിച്ചുവശായി. (അന്തമാൻ നിക്കോബാറിന്റെ ചരിത്രം ശ്രീ. സി. കെ. വിജയൻ മടപ്പള്ളി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2003 പേ 48-, 49, 69) 1931 ലെ കണക്ക് പ്രകാരം അന്തമാനിലുണ്ടായിരുന്ന മലബാർ കലാപകാരികൾ 1885 പേരായിരുന്നു.

**യഥാർഥ ഖിലാഫത്ത്**

മലബാർ ലഹളയുടെ പരാജയം ഒരു

അവസാന വാക്കാണെന്ന് ധരിച്ചു പോവരുത്. അത് ഖിലാഫത്തിനേറ്റ ആഘാതമല്ല. ഖിലാഫത്ത് അതിന്റെ സൂര്യ പ്രഭാവത്തോടെ ലോക ചക്രവാളത്തിൽ ജ്വലിച്ചു തുടങ്ങിയിയിരിക്കുന്നു. അപരിഷ്കൃതരായ ആഫ്രിക്കയെ ഉഴുതു മറിച്ചും അധാർമികതയുടെ നഗ്നത ആവേശിച്ച പാശ്ചാത്യ നാടുകളെ ആദ്ധ്യാത്മികതയുടെ ഉടുപ്പണിയിച്ചും സ്വാതന്ത്ര്യത്തിന് ദാഹിച്ച ഏഷ്യൻ രാജ്യങ്ങളിൽ സമത്വ സുന്ദര പാതകൾ നിർദേശിച്ച് ലോകമെമ്പാടും നവയുഗപ്പിറവി കുറിച്ച് ഖിലാഫത്തിന്റെ രഥ ചക്ര വേഗത അതിന്റെ ഊർജം പ്രകടമാക്കി ക്കഴിഞ്ഞു. കഴിഞ്ഞ ഒരു നൂറ്റാണ്ട് സത്യ മതത്തിന്റെ തേരോട്ടത്തിന്റെതായിരുന്നു. നൈജീരിയയുടെയും കോങ്കോവിന്റെയും വന ഭീകരതയിൽ വിദ്യാഭ്യാസത്തിന്റെ കുതിപ്പ് അടയാളപ്പെടുത്തിയത് അഹ്മദിയ്യാ ഖിലാഫത്തായിരുന്നു. രോഗാതുരമായ പടിഞ്ഞാറൻ ആഫ്രിക്കയിൽ ആതുരാലയങ്ങൾ പണിതത് ഇതേ ആത്മീയ നേതൃത്വം തന്നെ. അവിടങ്ങളിലെ ഹരിതാഭമായ കൃഷിയിടങ്ങളിലെ ട്രാക്ടറിൽ സഞ്ചരിക്കുന്ന ഖലീഫയുടെ മുഴുമനോഹര ചിത്രം ലോക മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതാണ്. 'എല്ലാവരോടും സ്നേഹം ആരോടു മില്ല വെറുപ്പ്' എന്ന ശാന്തി വചനവുമായി ഒരു കുളിരല പോലെ ഒഴുകിയ ഖലീഫയുടെ സന്ദേശം ലോകത്തെമ്പാടുമുള്ള സമാധാന പ്രേമികൾ നെഞ്ചേറ്റുകയുണ്ടായി. ആകാശത്ത് നിന്നും വർണരശ്മി കൾക്കിടയിലൂടെ വീടുകളുടെ കിളി വാതിലുകൾക്കക ത്തേക്ക് ഊർന്നു വന്ന എം. ടി. എ. യുടെ ദൃശ്യങ്ങൾ ആത്മീയ തയുടെ അനുഭൂതി തരംഗങ്ങളായാണ് വിശ്വാസികൾ സ്വീകരിച്ചത്. അതുകൊണ്ട് ഖിലാഫത്ത് അനശ്വരവും അമരവുമാണ്. അത് അല്ലാഹുവിന്റെ നിലക്കാത്ത അനുഗ്രഹത്തിന്റെ കലവറയുമാണ്. ആ ഖിലാഫത്ത് അഹ്മദിയ്യാ ഖിലാഫ ത്താണ്. തുർക്കി ഖിലാഫത്തിന്റെ ചുവട് പിടിച്ച് ഏതോ ദുർബല ഖിലാഫത്തിന്റെ ജീവനറ്റ നിഴൽ രൂപത്തിന് വ്യാമോഹിച്ച് പോയ സഹോദരങ്ങൾ ഇത് തിരിച്ചറി യുമ്പോൾ പോയകാലത്തിന്റെ മണ്ണടരു കളിൽ കട്ടപിടിച്ച് കിടക്കുന്ന രക്ത ത്തോടും അവർക്ക് നീതി ചെയ്യാൻ കഴിയും. ഏറനാട്ടിലെ മാപ്പിള കലാപ കാരികൾ ഖിലാഫത്ത് എന്ന മോഹന സുന്ദര സങ്കൽപ്പവുമായി വഴി തെറ്റിയ വീഥികളിലൂടെ സഞ്ചരിച്ചതിന്റെ വില അറിഞ്ഞവരാണ്. അവരുടെ വിശ്വാസ ദൃഢതയെ ചോദ്യം ചെയ്യാൻ ആർക്കുമാവില്ല. തങ്ങൾക്ക് ശരിയെന്ന് തോന്നിയ ഒരാദർശത്തിന്റെ സാക്ഷാത്ക്കാരത്തിന് അറിഞ്ഞോ അറിയാതെയോ യഥാർഥ മാർഗം തിരിച്ചറിയാതെ അവർ നടത്തിയ യാത്ര പാതാളത്തിലേക്ക് കൂപ്പ്കുത്തിപ്പോയി എന്നത് മനസ്സാക്ഷിയുള്ളവർക്ക് നൊമ്പരം നൽകും. അതേ അവസരത്തിൽ അവരുടെ അനന്തര തലമുറക്ക് വ്യക്തവും സുദൃഢവും സുതാര്യവുമായ യാഥാർഥ ഖിലാഫത്തിന്റെ അഹ്മദിയ്യാ വഴി മലർക്കെ തുറന്ന് കിടപ്പുണ്ട്. ആ മാർഗത്തിലൂടെ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ തണലും കുളിരും ആസ്വദിക്കാൻ അവർക്ക് സാധിക്കുമാറാകട്ടെ, (ആമീൻ )

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഒരുകൂട്ടർ അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്ന വരുമായി സൗഹൃദം പുലർത്തുന്നതു നീകാണുകയില്ല അവർ ( അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്ന വർ) സപിതാക്കളോ സന്താനങ്ങളോ സ്വസഹോദരങ്ങളോ സ്വകുടുമ്പ ബന്ധുക്കളോ ആയാലും ശരി അത്തരക്കാരാകട്ടെ ( ആ വിശ്വാസികൾ ) അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എഴുതിവെക്കുകയും തന്റെ പക്കൽ നിന്നുള്ള വചനം കൊണ്ട് അവരെ അവൻ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരെ അവൻ താഴോരത്തുകൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അവർ അവിടെ ശാശ്വത വാസികളായിരിക്കും. അല്ലാഹു അവരെക്കുറിച്ച് തൃപ്തനായിരിക്കുന്നു. അവർ അവനെക്കുറിച്ചും തൃപ്തനായിരിക്കുന്നു. അവർ അല്ലാഹുവിന്റെ സംഘമത്രെ. അറിയുക, അല്ലാഹുവിന്റെ സംഘംതന്നെയാണ് വിജയികൾ.

(വിശുദ്ധ ഖുർ ആൻ 58:23)

# രാഷ്ട്രം, സമൂഹം, ഖിലാഫത്ത്

ഇസ്‌ലാം മതത്തെ ഒരിക്കലും ഒരു രാഷ്ട്രമാക്കി മാറ്റാൻ സാദ്ധ്യമല്ല. ഇസ്‌ലാം വിഭാവന ചെയ്യുന്നത് ഒരു ആഗോള സ്ഥാപനമാണ്. അതാണ് ആധുനിക യുഗത്തിൽ ദൈവേച്ഛയാൽ സ്ഥാപിതമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്.

**എ. എം .മുഹമ്മദ് സലീം**

## സമൂഹത്തിന്റെ നിർമിതി

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. ഒരു സമൂഹമായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതെന്ന് ഖുർആൻ പറയുന്നു.'***മനുഷ്യൻ ഒരു സമൂഹം (ഉമ്മത്തൻ വാഹിദ:) ആയിരുന്നു.'(2:214)*** സാമൂഹ്യ ജീവിതം നയിക്കാൻ മനുഷ്യൻ നിർബന്ധിതനായതോ അവർ ബോധപൂർവം ചിന്തിച്ചു തിരഞ്ഞെടുത്തതോ അല്ല. മറിച്ച് സാമൂഹിക ബോധം മനുഷ്യന്റെ പ്രകൃതിയിൽ ദൈവം ഉൾചേർത്തത് കൊണ്ടാണ് മനുഷ്യൻ സാമൂഹ്യ ജീവിതം നയിക്കുന്നത്. ഖുർആൻ പറയുന്നു'***മനുഷ്യരെ നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ ജനവർഗങ്ങളും (ശുഊബ്) ഗോത്രങ്ങളു (കബായീൽ) മാക്കി സൃഷ്ടിച്ചിരിക്കുന്നു.നിങ്ങൾ അന്യോന്യം തിരിച്ചറിയുന്നതിന് വേണ്ടി'( 49:13)*** സമൂഹങ്ങൾ രൂപപ്പെടുന്നത് വർഗ പരവും ഗോത്രപരവുമായ വർണങ്ങളിലാണ്. അത് മനുഷ്യന്റെ ജൈവപ്രകൃതിയിൽ ഒരു ഉൾപ്രേരകമായി കൂടി ചേർന്നിരിക്കുന്നതായി ഈ വചനം സൂചിപ്പിക്കുന്നു. പ്രകൃതിയാണ് മനുഷ്യ സമൂഹത്തിന്റെ ഘടനക്ക് രൂപം നൽകുന്നത്. ജനിതക പ്രത്യേകതകൾ, ഭുമിശാസ്ത്രം, ഭക്ഷണം, കാലാവസ്ഥ, കുടുംബ ബന്ധങ്ങൾ, ഗോത്രീയവും ദേശീയവുമായ ബന്ധങ്ങൾ മറ്റു ഭൗതിക സാഹചര്യങ്ങൾ മുതലായ ഘടനാ പരമായ മൂശയിലാണ് സമൂഹം രൂപപ്പെടുന്നത് എന്ന് നരവംശ ശാസ്ത്രം പറയുന്നു. മതം, പ്രവാചകന്മാർ, ഭാഷാ ന്യായപ്രമാണം, ആചാരങ്ങൾ, കല, ജീവിത രീതി, വസ്ത്രധാരണം, പാചക കല, രാഷ്ട്രീയ സാമ്പത്തിക പ്രത്യയ ശാസ്ത്രങ്ങളും വ്യവസ്ഥകളും മുതലായ സാംസ്ക്കാരിക പ്രത്യേകതകളിലൂടെയും ആ സമൂഹം തിരിച്ചറിയപ്പെടുന്നു. ഇത്തരം വ്യതിരിക്തതകളിൽ ഊന്നി ക്കൊണ്ടാണ് സമൂഹത്തിന്റെ സാംസ്കാരിക ഭാവം തിരിച്ചറിയപ്പെടുന്നത്. ഖുർആൻ സമൂഹം (ഉമ്മ:) എന്ന പദം നരവംശപരമായ അർഥത്തിലും സാംസ്കാരികമായ അർഥത്തിലും പ്രയോഗിച്ചിട്ടുണ്ട്. സമൂഹത്തിന് വ്യക്തിയെപോലെ തന്നെ ജീവിതം, സ്വഭാവഗുണങ്ങൾ, നന്മ തിന്മകൾ, ധിക്കാരം കർമ ഫലം, മരണം, വിചാരണ എന്നിവയെല്ലാം ഉണ്ടെന്ന് ഖുർആൻ പറയുന്നു. ഇതിലൂടെ സമൂഹത്തെ വ്യക്തിയെപോലെ പ്രകൃതിജന്യമായ ഒരു സമഗ്ര ജൈവരൂപമായിട്ടാണ് ഖുർ ആൻ കാണുന്നത്. മുസ്‌ലിംകൾ ഉത്തമ സമൂഹം (ഖൈറുൽ ഉമ്മത്ത്) ആണെന്നാണ് ഖുർആൻ പറയുന്നത്. ***'മനുഷ്യ സമൂഹത്തിന്റെ നന്മക്കായി എഴുന്നേൽപ്പിക്കപ്പെട്ട ഉത്തമ സമൂഹമാകുന്നു നിങ്ങൾ' (3:11)***

ലോകം അതിശീഘ്രം പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനനുസരിച്ച് ജനവർഗങ്ങളും ദേശീയ സമൂഹങ്ങളും കൂടിക്കലരുകയും ആശയ വിനിമയത്തിലൂടെ ഒന്നായിത്തീർന്ന് അന്തർ ദേശീയ സമൂഹം രൂപം കൊള്ളുകയും ചെയ്യുകയാണ്. അത് പിന്നീട് വിശദമാക്കാം. അന്തർദേശീയ സമൂഹം അങ്ങനെ ഘടനാപരമായി വീണ്ടും ഉമ്മത്തൻ വാഹിദ: (ഏക സമൂഹം ) ആയി കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇസ്‌ലാം മതത്തിന്റെ സാമൂഹികമായ ഉദ്ദേശം അധികാരത്തിലധിഷ്ഠിതമായ ഒരു രാഷ്ട്രനിർമാണമാണെന്ന് ചിലർ ധരിക്കുന്നു. വാസ്തവത്തിൽ ഖിലാഫത്തിലധിഷ്ഠിതവും ഇസ്‌ലാമിക സംസ്കാരവുമുള്ള ഒരു ആഗോള സമൂഹമാണ് ഇസ്‌ലാം ഉദ്ദേശിക്കുന്നത്. ഖലീഫയും വിശ്വാസികളും തമ്മിലുള്ള ബന്ധം ഭരണകൂടവും പൗരന്മാരും പോലെയുള്ള ബന്ധമല്ല. അധികാരത്തിലധിഷ്ഠിതമല്ല ആ ബന്ധം. മറിച്ച് ആത്മീയതയിലധിഷ്ഠിതമാണ്. ഇക്കാര്യം കൂടുതൽ വ്യക്തമാകാൻ രാഷ്ട്രവും സമൂഹം എന്താണെന്ന് വേർതിരിച്ച് മനസ്സിലാക്കേണ്ടതുണ്ട്.

## എന്താണ് രാഷ്ട്രം

രാഷ്ട്രം (State) എന്നാൽ ഭുമിശാസ്ത്രപരമായി അതിർത്തി നിർണയിക്കപ്പെട്ട് ഒരു പ്രദേശത്ത് നിവസിക്കുകയും ഒരു പരമാധികാര കേന്ദ്രത്തോട് വിധേയത്വം പുലർത്തുന്നതിൽ യോജിക്കുകയും ചെയ്യുന്ന ജനസമൂഹമാണ്. ജനസംഖ്യ, ഭുമേഖല, ഗവൺമെന്റ്, പരമാധികാരം എന്നിവയാണ് രാഷ്ട്രത്തിന്റെ ഘടകങ്ങൾ. രാഷ്ട്രം എന്ന അർഥത്തിൽ പലരും സൂക്ഷ്മതയില്ലാതെ രാജ്യം, ഗവൺമെന്റ്, നാട്, ദേശം എന്നെല്ലാം പ്രയോഗിക്കാറുണ്ട്. എന്നാൽ രാഷ്ട്രതന്ത്ര വിജ്ഞാനീയത്തിൽ കൃത്യമായ നിർവചനമുള്ളത് കൊണ്ട് രാഷ്ട്രം എന്ന പദം തന്നെ ഉപയോഗിക്കേണ്ടതുണ്ട്. രാഷ്ട്രം എന്ന പദം ഇന്ന് നാം ഉപയോഗിക്കുന്ന അർഥത്തിൽ 16–ാം നൂറ്റാണ്ട് മുതൽക്കാണ് ശബ്ദകോശങ്ങളിൽ സ്ഥാനം പിടിക്കുന്നത്. ഇറ്റലിയിലെ ഫ്ളോറൻസിലെ മഹാസൂത്രശാലിയും കുടില തന്ത്രത്തിലൂടെ

രാജ്യം ഭരിക്കേണ്ടതെങ്ങനെയെന്ന് വിവരിക്കുകയും ചെയ്ത ഇറ്റലിയിലെ ഫ്ളോറൻസിലെമാക്കിയ വല്ലിയാണ് (1469-1527)'പ്രിൻസ്'(Prince) എന്ന തന്റെ കൃതിയിൽ, ഇപ്പോഴത്തെ രാഷ്ട്രീയാർ ഥത്തിൽ ആദ്യമായി സ്റ്റേറ്റ് അഥവ 'രാഷ്ട്രം' എന്ന പദം പ്രയോഗിച്ചത്. ഖുർആൻ രാഷ്ട്രം എന്ന അർഥത്തിൽ ഒരൊറ്റ പദവും ഉപയോഗിച്ചിട്ടില്ല എന്ന കാര്യം വളരെ ശ്രദ്ധേയമാണ്. മനുഷ്യന്റെ സാമാജിക ജീവിതത്തെ പറ്റി പ്രതി പാദിക്കാൻ, മനുഷ്യ സമൂഹം (നാസ്), സമൂഹം (ഖൗം), സമൂഹം (ഉമ്മ:) ജനവർഗങ്ങൾ (ശുഊബ്) ഗോത്രങ്ങൾ (കബായീൽ) മുതലായ സംജ്ഞകളാണ് ഖുർആൻ ഉപയോഗിച്ചിട്ടുള്ളത്. ഇതിനൊന്നും തന്നെ രാഷ്ട്രം എന്ന് അർഥം ലഭിക്കില്ല.

അധികാര ബലത്തിൽ മാത്രം പ്രസക്തമാകുന്ന രാഷ്ട്രം സമൂഹം പോലെ പ്രകൃതി ശക്തികൾ വളർത്തി കൊണ്ട് വരുന്നതോ മനുഷ്യന്റെ നൈസർഗിക സാംസ്കാരിക ഭാവങ്ങൾ വർണം നൽകുന്നതോ ആയ ഒരു സ്ഥാപനമല്ല. മനുഷ്യനെയും വിഭവങ്ങളെയും ഭരിക്കാൻ മനുഷ്യൻ നിർമിച്ച അധികാരത്തിലധിഷ്ഠിതമായ ഒരു കൃത്രിമ സ്ഥാപനമാണ് രാഷ്ട്രം. 14 മുതൽ 17-ാം നൂറ്റാണ്ടുവരെയുണ്ടായ യൂറോപ്യൻ നവോത്ഥാനത്തിന് ശേഷം സമീപ കാലത്ത് രൂപംകൊണ്ട രാഷ്ട്രീയ പ്രതിഭാസമാണ് ഇന്ന് കാണുന്ന ദേശ രാഷ്ട്രങ്ങൾ (National State). തികച്ചും ദേശീയമായ വികാരങ്ങളിൽ കെട്ടി പ്പടുത്തതാണ് ആധുനിക ദേശരാഷ്ട്ര ങ്ങൾ. യൂറോപ്പിന്റെ ചുവടുപിടിച്ചാണ് ലോകമാകെ രാഷ്ട്രങ്ങൾ നിലവിൽ വന്നത്. ഒരു ദേശത്ത് താമസിക്കുന്ന ആളുകൾ ഐക്യത്തോടെ ആ ഭൂപ്രദേശത്തോട് ഉള്ളതോ, ഉണ്ട് എന്ന് ഭാവിക്കുന്നതോ ആയ വൈകാരിക ബോധത്തെയാണ് ദേശീയത എന്ന് പറയുന്നത്. ആ ദേശീയതയിൽ പണിതുയർത്തുന്ന അധികാര സ്വരൂപ മാണ് രാഷ്ട്രം. പ്രകൃത്യാ തന്നെ സമ്മർദ സ്വഭാവമുള്ള രാഷ്ട്രമെന്ന അധികാര സ്വരൂപം ജനാധിപത്യവാദികളുടെ കൈയ്യിൽ കൂടുതൽ അയവുള്ളതും മാർദവമുള്ളതുമായി തീരുന്നു. മതമൗ ലിക വാദികളും ഫാസിസ്റ്റുകളും തങ്ങളുടെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരി ക്കാനുള്ള സംഹാരാത്മകമായ ആയുധ മായിട്ടാണ് രാഷ്ട്രത്തെ കാണുന്നത് . രാഷ്ട്രത്തെ ദൈവത്തോളം വാഴ്ത്തി പറയുക അവരുടെ ഒരു പ്രത്യയ ശാസ്ത്ര രീതിയാണ്. ഒരു രാഷ്ട്രം എന്ന നിലക്ക് ജനതകളുടെ രാഷ്ട്രീയമായ ഉദ്ഗ്രഥനം പലപ്പോഴും കൃത്രിമവും കരുതിക്കൂട്ടി യുള്ളതുമാണ്. അന്തർദേശീയത, വിശ്വമാനവികത, ഏകലോകം എന്നീ ഉത്കൃഷ്ട സങ്കൽപ്പങ്ങൾക്ക് വിരുദ്ധമാണ് രാഷ്ട്ര ദേശീയത. വിശ്വ മതമായ ഇസ്‌ലാമിന്റെ പരമ ലക്ഷ്യം സങ്കുചിതവും അധികാര ബദ്ധവും ആയിട്ടുള്ള മതരാഷ്ട്രമല്ല.

**ജീവി സമൂഹവും മനുഷ്യ സമൂഹവും**

മനുഷ്യ സമൂഹത്തിന്റെ ഈ നൈസർ ഗിക സ്വഭാവത്തേയും സ്വച്ഛ രൂപത്തേയും ഉദാഹരിക്കാൻ വിശുദ്ധ ഖുർആൻ പറയുന്ന ഒരു ഉപമ ശ്രദ്ധേയമാണ്.

*'ഭൂമിയിൽ നടക്കുന്ന ഏത് മൃഗവും രണ്ട് ചിറക് കൊണ്ട് പറക്കുന്ന ഏത് പറവയും നിങ്ങളെ പോലെയുള്ള സമൂഹങ്ങൾ തന്നെയാണ്'(6:36)* ഇവിടെ പക്ഷികളുടെ സമൂഹത്തെ (ഉമ്മ) മനുഷ്യ സമൂഹത്തോടാണ് ഉപമിച്ചിരിക്കുന്നത്. രാഷ്ട്രത്തിന്റെ അധികാര ഘടനയോ നിർണിതമായ അതിർത്തിയോ സമ്മർദ സ്വഭാവമുള്ള ശ്രേണീരൂപമോ, അനുശാസ നാത്മകമായ നിയമങ്ങളോ മൃഗങ്ങളു ടെയും പക്ഷികളുടെയും സമൂഹങ്ങ ളിൽ ഇല്ല. തികച്ചും പ്രകൃതിജന്യവും നൈസർഗികവുമായ ശക്തികളുടെ ബലത്തിലുള്ള ഒരു സാമൂഹിക ജീവിത മാണ് മൃഗങ്ങളും പക്ഷികളും നയിക്കു ന്നത്. ശുദ്ധ പ്രകൃതിയുടെ നൈസർ ഗികതയിലേക്കുള്ള തിരിച്ചുപോക്കാണിത്. മനുഷ്യൻ അങ്ങനെ ആയിത്തീരണ മെങ്കിൽ ആത്മീയമായ ഉയർന്ന പ്രബുദ്ധ തയും ഉന്നതവും ഉദാത്തവുമായ സാമൂഹിക ബോധവും ആർജിക്കേണ്ട തുണ്ട്. ജീവിതത്തിന്റെ സ്വച്ഛതയും നൈസർഗികതയും നഷ്ടപ്പെട്ട കൃത്രി മവും മനുഷ്യ നിർമിതവുമായ ലോകത്ത് സംഘർഷ ജീവിതം നയിക്കുന്ന അസ്വസ്ഥമായ ആധുനിക സമൂഹം അതിന്റെ അകൃത്രിമമായ അടിസ്ഥാന ങ്ങളിലേക്ക് തിരിച്ച് പോകേണ്ടതുണ്ട്. ഇന്ന് യൂറോപ്പിൽ ഉയരുന്ന അഗാധമായ അർഥമാനങ്ങളുള്ള ഒരു മുദ്രാവാക്യ മാണ് Back to Basic അതായത് സ്വച്ഛത യിലേക്കും അടിസ്ഥാന ശുദ്ധ പ്രകൃതി യിലേക്കുമുള്ള തിരിച്ചു പോക്ക്.

മൃഗങ്ങളേയും പക്ഷികളേയും ഉദാഹരിച്ചു കൊണ്ടുള്ള അല്ലാഹുവിന്റെ ഗഹനമായ അർഥങ്ങളുള്ള ഈ ഉപമ വിശ്വാസികളെ ഇരുത്തി ചിന്തിപ്പി ക്കുകയും അവരുടെ ബുദ്ധിശക്തി യേയും ഗവേഷണ കൗതുകത്തേയും പ്രചോദിപ്പിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു പറയുന്നു:

***'ഒരു കൊതുകിനേയോ അതിനപ്പു റമുള്ള (അതിലും നിസ്സാരമായ മറ്റു) വല്ലതിനെയോ ഉപമയായി എടുത്തു കാണിക്കുന്നതിന് അല്ലാഹു ലജ്ജിക്കു ന്നില്ല. അപ്പോൾ വിശ്വാസികൾക്ക് അത് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാണെന്ന് മനസ്സിലാവും. നിഷേധികളാവട്ടെ ഈ ഉപമ മുഖേന അല്ലാഹു എന്താണ് ഉദ്ദേശിക്കുന്നതെന്ന് ചോദിക്കും. എന്നാൽ (യാഥാർഥ്യ മിതാണ്) ഇത് വഴി അല്ലാഹു പലരേയും വഴിതെറ്റിക്കുന്നവരായി വിധിക്കുകയും പലരേയും സത്യത്തിലേക്ക് വഴി നടത്തുകയും ചെയ്യുന്നു.' (2:27)***

ശുദ്ധപ്രകൃതിയുടെയും സ്വച്ഛമായ പ്രേരണകളുടെയും ബലത്തിൽ നയിക്ക പ്പെടുന്ന ഒരു സമൂഹത്തെയാണ് ഖുർ ആൻ സൃഷ്ടിക്കാൻ ആഗ്രഹി ക്കുന്നത്. വാസ്തവത്തിൽ രാഷ്ട്രത്തിന്റെ ഒരു പ്രത്യേകതയുമായും ഇസ്‌ലാം ഒത്തു പോകില്ല. അധികാരത്തിനും ശാസന കൾക്കും പ്രാവർത്തികമാക്കാൻ കഴിയു ന്നതല്ല ഇസ്‌ലാമിന്റെ ധാർമികവും ആത്മീയവുമായ മൂല്യങ്ങൾ. സമൂഹ ത്തിന്റെ അമൂർത്തവും മൃദുലവുമായ ശക്തികളാണ് അതിന്റെ സ്വീകർത്താ ക്കൾ. രാഷ്ട്രത്തിന്റെ ബലപ്രയോഗമല്ല സമൂഹത്തിന്റെ അനു നയാത്മകമായ ഉപകരണങ്ങളാണ് അതിന്റെ മാധ്യമങ്ങൾ.

## രാഷ്ട്രവും അധികാരവും

രാഷ്ട്രത്തിന്റെ വ്യക്തിത്വം നില കൊള്ളുന്നത് അതിന്റെ അധികാര ബലത്തിലാണ്. ഒരു ദേശത്തിന്മേലുള്ള പരമാധികാരമാണ് രാഷ്ട്രത്തെ അർഥ പൂർണമാക്കുന്നത്. അധികാരമില്ലെങ്കിൽ രാഷ്ട്രമില്ല. എന്നാൽ സമൂഹത്തിന് അത്തരത്തിലുള്ള അധികാര കേന്ദ്രങ്ങ ളൊന്നുമില്ല. ദൈവഭക്തി, ധാർമികമായ ഉത്തരവാദിത്വം, മതാചാരം, കീഴ്നടപ്പ്, പൊതു ജനാഭിപ്രായം എന്നിവയൊക്കെ യാണ് സമൂഹത്തിന്റെ അധികാര കേന്ദ്രങ്ങൾ. വ്യക്തിയെ സംബന്ധിച്ച് മതം ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾനേടാൻ രാഷ്ട്രത്തിനാവില്ല. കാരണം രാഷ്ട്ര ത്തിന്റെ സമ്മർദ സ്വഭാവമുള്ളതും ഉരുക്കു ചട്ടുകം പോലെയുള്ളതുമായ കർക്കശമായ ഉപകരണങ്ങൾ മതം ഉദ്ദേശിക്കുന്ന തരുണ സ്നിഗ്ദമായ ലക്ഷ്യങ്ങൾ നേടാൻ പര്യാപ്തമല്ല. സമൂഹമാണ് മതത്തിന്റെ അത്തരം ലക്ഷ്യങ്ങളെ സാക്ഷാത്ക്ക രിക്കുന്നത്. ഖുർആൻ പറയുന്നു: '***മതത്തിൽ യാതൊരുബലപ്രയോഗവുമില്ല.***

***തീർച്ചയായും സന്മാർഗം ദുർമാർഗ ത്തിൽ നിന്നും വ്യതിരിക്തമാണ്.' (2:257)*** ***'വീണ്ടും ഖുർആൻ പറയുന്നു. നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാ വരും ഒന്നടങ്കം വിശ്വസിച്ചേനെ എന്നിരിക്കെ ആളുകൾ വിശ്വാസികളായി തീരാനാനായി നീ അവർക്ക് മേൽ ബലം പ്രയോഗിക്കുമോ'*** മതത്തിൽ ബല പ്രയോഗമില്ല എന്ന തത്ത്വം ആരാധനാ കർമങ്ങളിൽ മതം ബലപ്രയോഗം നടത്താൻ പാടില്ല എന്ന കേവലാർഥത്തിൽ മാത്രമല്ല ഖുർആൻ ഇവിടെ പ്രയോഗിച്ചിട്ടുള്ളത്. അധികാരം പ്രയോഗിക്കാൻ സാദ്ധ്യതയുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും മതം വിട്ടു നിൽക്കണം എന്ന വ്യക്തമായ നിർദേശം നല്കുകയാ ണിവിടെ.

ദേശനിർണിതമായ രാഷ്ട്രം നിർമിക്ക ലാണ് മതത്തിന്റെ ലക്ഷ്യം എന്ന് കരുതുന്നത് തികച്ചും ഇസ്‌ലാമിക വിരുദ്ധമാണ്.

## സമൂഹം ഒരു അകൃത്രിമ സ്ഥാപനം

സമൂഹം എന്നത് പ്രകൃതിയുടെ സ്വച്ഛവും സ്വാഭാവികവുമായ ബലതന്ത്രത്തിൽ രൂപപ്പെടുന്നതും മാനവീയതയുടെ നൈസർഗികതയിൽ പ്രവർത്തന ക്ഷമമാവുന്നതുമായ ഒരു അകൃത്രിമ സ്ഥാപനമാണ്. രാഷ്ട്രതന്ത്ര വിജ്ഞാനീയത്തിൽ സമൂഹത്തെ രാഷ്ട്ര വുമായി താരതമ്യപ്പെടുത്താവുന്നതാണ്. സമൂഹം രാഷ്ട്രത്തിന്റെ പൂർവ വർത്തി യാണ്. ആദ്യമുണ്ടായത് സമൂഹമാണ്. സമൂഹത്തിനകത്തെ ഒരു സ്ഥാപനം മാത്രമാണ് രാഷ്ട്രം. മനുഷ്യനും മനുഷ്യനും തമ്മിൽ ബോധപൂർവം സൃഷ്ടിക്കപ്പെടുന്ന സകല ബന്ധങ്ങളും സമൂഹം ഉൾക്കൊള്ളുന്നു. മാനസികം, വൈയക്തികം, വൈവാഹികം, വാർ ഹികം കുടുംബപരം മുതലായ സകല മാനവീയ മേഖലകളും സാമൂഹ്യ ശാസ്ത്രത്തിന്റെ പഠന മേഖലകളാണ്. എന്നാൽ രാഷ്ട്രവും രാഷ്ട്രത്തിന്റെ ശാസ്ത്രമായ രാഷ്ട്രീയവും ഭരണ കൂടവും പൗരനും തമ്മിലുണ്ടാകുന്ന ബന്ധങ്ങളെ മാത്രമേ സ്പർശിക്കാറുള്ളൂ. രാഷ്ട്രം എന്നത് പല മാനങ്ങളുള്ള സമൂഹത്തിന്റെ രാഷ്ട്രീയ വശം മാത്രമാണ്. രാഷ്ട്രം ഒരു പ്രത്യേക ദേശത്ത് മാത്രം ഒതുങ്ങി നിൽക്കുമ്പോൾ സമൂഹം രാഷ്ട്രങ്ങളെ അതിവർത്തിച്ചു നിൽക്കുന്നു. ഉദാഹരണത്തിന് ഒരു നേതൃത്വത്തിന് കീഴിലുള്ള അഹ്മദിയ്യാ ആഗോള മത സാംസ്കാരിക സമൂഹം, പക്തൂൺ ഗോത്ര സമൂഹം, പാർസി ഗോത്ര സമൂഹം, ഹിന്ദു മത സമൂഹം, യഹൂദ സമൂഹം മുതലായവ.

രാഷ്ട്രത്തിന്റെ ഏറ്റവും പ്രമാണി കമായ അധികാര ബലം എന്ന ശക്തിയെ ഇസ്‌ലാം സ്വയം നിരാകരിക്കുന്നതോടെ ഇസ്‌ലാം രാഷ്ട്രമല്ല എന്ന പ്രഖ്യാപനം നടത്തുകയാണ് ചെയ്യുന്നത്. മനുഷ്യാത്മാ വിനോടുള്ള ഒരു നിവേദനമായി സമർപ്പിക്കപ്പെട്ട ഇസ്‌ലം സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാനായി ഒരു മൂല്യ നിർദ്ധാരണ പദ്ധതിയാണ് സമർപ്പിച്ചി രിക്കുന്നത്. മനുഷ്യ ഹൃദയമാണ് അതിന്റെ പ്രവർത്തന കേന്ദ്രം.

## രാഷ്ട്രവും നിയമവും

നിയമം എന്നത് രാഷ്ട്ര സങ്കൽപ്പ ത്തിലെ പ്രധാനമായ ഒന്നാണ്. മനുഷ്യൻ ഉപയോഗിക്കുന്ന പദങ്ങളിൽ വെച്ച് ഏറ്റവും അനിശ്ചിതത്വമുള്ള അർഥമുള്ള പദങ്ങളിലൊന്നാണ് നിയമം. ശാസ്ത്ര നിയമങ്ങൾ ഏറെക്കുറെ കണിശവും മൂർത്തവും നിർവചനാത്മകവുമാണ്. അതായത് ഊർജ തന്ത്ര നിയമം ഗണിത ശാസ്ത്ര നിയമം, മുതലായവ. എന്നാൽ ദൈവിക നിയമങ്ങൾ, ധാർമിക നിയമങ്ങൾ എന്നിവക്ക് ഈ കാർക്ക ശ്യമില്ല. അവ അമൂർത്ത മാണ്. രാഷ്ട്രനി യമങ്ങൾ ഒരു പരമാധികാര ശാസനാ കേന്ദ്രത്തിന്റെ പിൻ ബലമുള്ളതാണ്. നിർവചനാ ത്മകവും കണിശവും സമ്മർ ദസ്വ ഭാവമുള്ളതും ലംഘിക്കപ്പെടുമ്പോൾ ശിക്ഷിക്കപ്പെടുന്നതുമാണ്. രാഷ്ട്രനി യമങ്ങൾ മൃദുലവും തരുണവുമായ മനുഷ്യന്റെ ആത്മീയ സംസ്കരണ പ്രക്രിയക്ക് ചേർന്നതല്ല. അതായത് ഇസ്‌ലാം മതം ഉദ്ദേശിക്കുന്ന സ്വഭാവ സംസ്കരണത്തിനും മാനവീയ പരിവർ ത്തനങ്ങൾക്കും ഉപകരണങ്ങളായിവർ ത്തിക്കാൻ ഉരുക്കു പേശിയുള്ള രാഷ്ട്ര ത്തിനാവില്ല. വാസ്തവത്തിൽ പലരും ധരിക്കുന്നത് പോലെ നിയമങ്ങൾ നീതിയോ സദ്ഗുണമോ നന്മയോ ഉദ്പാദിപ്പിക്കുന്നില്ല. രാഷ്ട്ര നിയമത്തിന് ആത്മാവിനെ പ്രചോദിപ്പിക്കാനോ സ്പർശിക്കാനോ സാധ്യമല്ല. ബാഹ്യ ശരീരത്തെ നിയന്ത്രിക്കാൻ മാത്രമേ അതിനാവൂ. എത്രത്തോളം നിയമത്തിന്റെ അസാന്നിദ്ധ്യത്തിലും അഭാവത്തിലും ഒരു സമൂഹം സമാധാനത്തിലും നന്മയിലും പ്രബുദ്ധരായിവർത്തിക്കു ന്നുവോ അത്രത്തോളം ആ സമൂഹം ധാർമികമായി നല്ലതാണെന്ന് പറയാം.

നിയമത്തിന് മനുഷ്യന്റെ ബാഹ്യ പ്രവർത്തനങ്ങളെ മാത്രമേ നിയന്ത്രി ക്കാനാവൂ. ഉദാഹരണത്തിന് ക്രിമിനൽ ശിക്ഷാ നിയമത്തെ പറ്റി പറയുമ്പോൾ അത് കുറ്റം ചെയ്യുന്ന ശരീരത്തെ മാത്രമേ ശിക്ഷിക്കുന്നുള്ളൂ. കുറ്റ കൃത്യത്തിലേക്ക് നയിക്കുന്ന മാനസിക പ്രേരണ, ചിന്ത, വാസന, ജീവിത ശൈലി എന്നീ ഘടകങ്ങളെ സ്പർശിക്കാനോ സംസ്ക്ക രിക്കാനോ നിയമത്തിനാവില്ല. മാത്രമല്ല അമിതമായ നിയമനിർമാണ ത്വര ഒരു ജൂത സമ്പ്രദായമാണ്. അവസാനം അവർ നിയമം ശപ്തമായിപ്പോയിരിക്കുന്നു എന്ന് പറയേണ്ടി വന്നു. മതമൗലിക വാദികൾ ക്കിടയിലും യാഥാസ്ഥിതിക മുസ്‌ലിം കർമ്മ ശാസ്ത്ര പണ്ഡിതന്മാർക്കിട യിലും ഈ ദുഷ്പ്രവണത കാണാം. രാഷ്ട്രത്തിന് അതിന്റെ വ്യവഹാരങ്ങളെ നിയമ മാർഗത്തിൽ മാത്രമേ നിർവഹി ക്കാനൊക്കൂ. എന്നാൽ ഇത്തരം അമിത മായ നിയമവത് ക്കരണത്തെ വിശുദ്ധ ഖുർആൻ നിരുത്സാഹ പ്പെടുത്തുന്നു. ഖുർആൻ പറയുന്നു:

***'അല്ലയോ വിശ്വാസികളെ നിങ്ങൾക്ക് വെളിപ്പെടുത്തിത്തന്നാൽ വിഷമകരമായേക്കാവുന്ന കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾ ചോദിക്കരുത്. ഖുർആൻ ഇറക്കപ്പെടുന്ന അവസര ത്തിൽ അതിനെക്കുറിച്ച് നിങ്ങൾ ചോദിക്കുന്നതായാൽ നിങ്ങൾക്ക് അവ വെളിപ്പെടുത്തിത്തരുന്നതാണ്. അല്ലാഹു അവയെ വിട്ടിരിക്കുകയാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും സഹനശീല നുമാകുന്നു. നിങ്ങൾക്ക് മുമ്പ് ഒരു ജനത അത്തരം കാര്യങ്ങളെക്കുറിച്ച് ചോദിച്ചു കൊണ്ടിരുന്നിട്ടുണ്ടായിരുന്നു. പക്ഷേ പിന്നെ അവർ(നിയമ നിർദേശം ലഭിച്ചപ്പോൾ) അവയെ നിഷേധിക്കുക യാണുണ്ടായത്. (5: 102, 103)*** മറ്റൊരു സ്ഥലത്ത് ആത്മീയമായ കാര്യങ്ങൾക്ക് നിയമവും ഭൗതിക കാര്യങ്ങൾക്ക് വിശാലമായ ഒരു വഴിയുമാണ് നൽകപ്പെട്ടിരിക്കുന്നത് എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. '***നിങ്ങളിൽ നിന്നുള്ള എല്ലാ ഓരോരുത്തർക്കും വ്യക്തമായ ആത്മീയ നിയമവും (ശിർഅത്ത്) പ്രകടമായ ഭൗതിക മാർഗവും (മിൻഹാജ്) നാം നിശ്ചയിച്ചി രിക്കുന്നു.' (5:49)***

മനുഷ്യൻ നല്ലവനായി ജീവിക്കുന്നത് രാഷ്ട്രത്തിന്റെ ഭരണഘടനയുടെയും മറ്റു നിയമങ്ങളുടെയും കാർക്കശ്യം കൊ ണ്ടല്ല. ദൈവം മനുഷ്യപ്രകൃതിയിൽ നിക്ഷേപിച്ചിരിക്കുന്ന സവിശേഷമായ ഒരു ഗുണം കൊണ്ടാണ്. ഖുർആൻ പറയുന്നു:

***'വിശ്വാസികളെ, ദൈവം സത്യ വിശ്വാസത്തെ നിങ്ങൾക്ക് പ്രിയങ്ക രമാക്കുകയും അതിന്റെ സൗന്ദര്യ ത്തേയും സൗഭാഗ്യത്തെയും നിങ്ങളുടെ ഹൃദയത്തിൽ പതിപ്പിക്കുകയും***

***അവിശ്വാസത്തെയും അധർമത്തെയും പാപത്തെയും കുറിച്ച് നിങ്ങൾക്ക് വിരക്തി ജനിപ്പിക്കുകയും ദോഷ മാർഗങ്ങളെ നിഷിദ്ധമാണെന്ന് നിങ്ങൾക്ക് ബോധ്യം വരുത്തുകയും ചെയ്തിരിക്കുന്നു.' (49:38,39)***

മാത്രമല്ല ചെയ്തുപോയ കുറ്റത്തേയും ദുഷ്കൃതിയെയും കുറിച്ച് സ്വയം ശാസിക്കുന്ന ആത്മാവിനെക്കൊണ്ട് സത്യം ചെയ്യുന്നു.' (75:3)

### ഇസ്‌ലാമും ബഹുസ്വരതയും

ഒരു രാഷ്ട്രം ഏകശിലാഘടനയുള്ള ദേശീയതയാണ് ആവശ്യപ്പെടുക. പ്രത്യേകിച്ച് മത രാഷ്ട്രം മത ദേശീ യതക്ക് മുകളിലാണ് നിർമിക്കപ്പെടുക. സ്വന്തമല്ലാത്തതെല്ലാം പൈശാചികവും നിലനിൽപ്പിനർഹതയില്ലത്തതാണെന്നുമാണ് മത രാഷ്ട്ര വാദികളുടെയും ഫാസിസ്റ്റുകളുടെയും നിലപാട്. ഇസ്‌ലാം മതം ദേശീയതയി ലധിഷ്ഠിതമായ മത രാഷ്ട്രമാണ് ആഗ്രഹിക്കുന്നതെങ്കിൽ അന്യമത ങ്ങളുടെ അസ്തിത്വവും അതിന്റെ ദൈവികോദ്ഭവവും അംഗീകരിച്ചു കൊടുക്കില്ലായിരുന്നു. അഭ്യന്തരവും ബാഹ്യവുമായ ആശയ വൈവിധ്യങ്ങളോട് ഇസ്‌ലാം വെച്ചു പുലർത്തുന്ന ഉദാര മനോഭാവം നിസ്തുലമാണ്. ഖുർആൻ പറയുന്നു: '***എല്ലാ ഓരോരുത്തരും അവരവരുടെ രീതിയനുസരിച്ച് പ്രർത്തിക്കുന്നു. ഏറ്റവും നല്ല മാർഗത്തിൽ ആനയിക്കപ്പെടുന്നവർ ആരെന്ന് അല്ലാഹു നല്ലത് പോലെ അറിയുന്നു. ഓരോ സമുദായത്തിനും ഒരോ മർഗദർശകൻ വന്നു പോയിട്ടുണ്ട്.'*** (13:8) '***അല്ലാഹുവിന്റെ ദൂതന്മാർക്കിടയിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല.' (2:286)*** ഖുർആന്റെ അതി വിശാലവും ഉജ്ജ്വലവുമായ മറ്റൊരു വചനം കാണുക: '***വിശ്വസിച്ചവരും യഹൂദരും സാബികളും കൃസ്ത്യാനികളും ആർ അല്ലാഹുവിലും അന്ത്യ നാളിലും വിശ്വസിക്കുന്നുവോ, സൽപ്രവൃത്തികൾ ചെയ്യുന്നുവോ തീർച്ചയായും അവർക്ക് യാതൊരു ഭയവും ഉണ്ടാകുകയില്ല. അവർ വ്യസനിക്കുകയുമില്ല.' (5:70)*** ഇതിലെ 'സാബി' എന്ന പദം സെമിറ്റിക്കല്ലാത്ത മറ്റെല്ലാ ജനവിഭാഗങ്ങളെ പറ്റിയും വിശേഷിപ്പിക്കുന്ന ഒരു അറബി പദമാണ്. അല്ലാതെ അറേബ്യയിലുണ്ടായിരുന്ന സാബി മതമല്ല.

ഇങ്ങനെ ഇസ്‌ലാംത മതത്തിന് പുറത്തുള്ളവരിലും സ്വാത്വികരും വ്യസനവും ദുഖവും ഉണ്ടാകുകയില്ലെന്ന് ദൈവം വാഗ്ദാനം ചെയ്തവരും ഉണ്ടെന്ന് പറഞ്ഞ് അവർക്ക് ആത്മീയ സാന്ത്വനമരുളുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ ഈ ബഹുസ്വര വീക്ഷണം ഒരു രാഷ്ട്രത്തെയല്ല പ്രതിനിധാനം ചെയ്യുന്നതെന്ന് വ്യക്തം.

### രാഷ്ട്രങ്ങൾ തകരുന്നു

മുന്നൂറ് വർഷങ്ങൾക്ക് മുമ്പ് രൂപം കൊണ്ട ദേശീയ രാഷ്ട്രങ്ങൾ അപ്രതിരോധ്യവും അനിവാര്യവുമായ മനുഷ്യന്റെ ഭൗതിക വളർച്ചക്ക് മുമ്പിൽ തകർച്ചയെ നേരിടുകയാണ്. മനുഷ്യ സമൂഹങ്ങളെ ജലനിബദ്ധമായ കമ്പാർട്ടുമെന്റുകളിലെന്നപോലെ രാഷ്ട്രങ്ങളെ അതിന്റെ വൻ മതിലുകളിൽ ബന്ധിച്ചു നിർത്തിയിരിക്കുകയാണ്. ആ വൻ മതിലുകൾ പൊളിയുന്ന കാഴ്ച്ചയാണ് നാം കാണുന്നത്. അതിർത്തികളിൽ മുള്ള് വേലി കെട്ടിയും സായുധ സേനയെ വിന്യസിച്ചും തുറമുഖങ്ങളിൽ കർശനമായ കുടിയേറ്റ നിയമങ്ങൾ ഏർപ്പെടുത്തിയും ജനങ്ങളുടെ മേൽ പരമാധികാരം ചമഞ്ഞിരിക്കുന്ന രാഷ്ട്രങ്ങൾ ആധുനിക വിവര സാങ്കേതിക വിദ്യയും വാർത്താ വിനിമയ മാധ്യമങ്ങളും അതിവേഗ ഗതാഗതവും അന്തർ ദേശീയ കരാറുകളും സഹകരണങ്ങളും അതിർത്തികളെ ദുർബലപ്പെടുത്തി ഇല്ലാതാക്കി കൊണ്ടിരിക്കുകയാണ്. അങ്ങനെ പ്രവചിതമായ അന്തർദേശീയ മാനവ സമൂഹം ഉടലെടുക്കുകയാണ് ഖുർആൻ പറയുന്നു.

'***വിഭിന്ന ദേശീയരായ മനുഷ്യർ ഒരുമിച്ചുകൂടപ്പെടുമ്പോൾ' (81:8)'എന്നാൽ നാം ഭൂമിയിൽ വന്ന് അതിന്റെ നാനാ ഭാഗത്ത് നിന്നും ചുരുക്കിക്കൊണ്ടു വരുന്നത് ഇവർ കാണുന്നില്ലേ? അപ്പോൾ അവരാണോ വിജയികൾ?' (21:45)***

വാർത്താ വിനിമയ മാധ്യമങ്ങൾ, വിവര സാങ്കേതിക വിദ്യ, ഇന്റർ നെറ്റ് എന്നിവ രാഷ്ട്രത്തിന്റെ അതിർത്തിയെ ദുർബലമാക്കി ജനസമൂഹങ്ങളെ ഒന്നിപ്പിക്കുന്നു. ഒരുദാഹരണം നോക്കുക. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പാകിസ്താനിലെ സ്വേച്ഛാധിപത്യം പ്രചാരണ സ്വാതന്ത്ര്യം അനുവദിക്കാതെ നിരോധനമേർപ്പെടുത്തുകയും അഹ്മദിയ്യാ ഖലീഫയെ പാകിസ്താൻ വിടാൻ നിർബന്ധിതനാക്കുകയും ചെയ്തു.എന്നാൽ MTA എന്ന ചാനലിലൂടെയും www alislam.org എന്ന ഇന്റർനെറ്റ് സൈറ്റിലൂടെയും മത രാഷ്ട്രമായ പാകിസ്താന്റെ വ്യോമ മണ്ഡലത്തിലൂടെയും അത്പോലെ അഹ്മദിയ്യാ സാഹിത്യത്തിന് നിരോധനമേർപ്പെടുത്തിയ മത യാഥാസ്ഥിതികത്വത്തിന്റെ നെടുങ്കോട്ടയായ സൗദി അറേബ്യയിലും അദൃശ്യ തരംഗങ്ങളായി ഓരോ വീടുകളിലും ഇന്ന് അഹ്മദിയ്യാ ഖലീഫക്ക് എത്താൻ കഴിയും. ഇവിടെ രാഷ്ട്രം. പരാജയപ്പെടുകയും അഹ്മദിയ്യാ ഖലീഫ വിജയിക്കുകയും ചെയ്യുന്നു.

ഭാവിലോകത്തിന്റെ എല്ലാ പ്രശ്നങ്ങളും ലോക രാഷ്ട്രങ്ങൾ സഹകരിച്ചെങ്കിൽ മാത്രമേ പരിഹരിക്കപ്പെടുകയുള്ളൂ. പരമാധികാരങ്ങൾ പങ്കുവെച്ചും പരസ്പരം കരാറുകളിൽ ഏർപ്പെട്ടു കൊണ്ടും മാത്രമേ ലോക വികസനം ഇനി സാധ്യമാവുകയുള്ളൂ. ഉദാഹരണത്തിന് ആഗോളതാപനത്തിന് കാരണമാകുന്ന മലിനീകരണ വാതകം ഒരു രാജ്യം ഉദ്പാദിപ്പിച്ചാൽ അതിന്റെ പ്രത്യാഘാതങ്ങൾ ലോകം മുഴുവനും അനുഭവിക്കുന്നു. ഒരു രാജ്യത്തെ സമാധാനാ വശ്യങ്ങൾക്ക് വേണ്ടിയുള്ള ന്യൂക്ലിയർ റിയാക്ടർ പൊട്ടിത്തെറിച്ചാൽ മറ്റു രാജ്യങ്ങളിലും അതിന്റെ അണു പ്രസരമേൽക്കുന്നു. ഞൊടിയിടക്കു ള്ളിൽ രാജ്യതിർത്തി കടക്കുന്ന മിസൈലു കൾ ഒരു രാജ്യം നിർമിക്കുമ്പോഴും ന്യൂക്ലിയർ പരീക്ഷണങ്ങൾ നടത്തുമ്പോഴും മറ്റുരാജ്യങ്ങൾക്കും ആശങ്കയുണ്ടാകുന്നു. അതുപോലെ ഈയടുത്ത കാലത്ത് വാർത്താ പ്രാധാന്യം നേടിയ രോഗാണു വാഹികളായ പക്ഷികളുടെ ദേശാന്തഗമ നവും സുനാമി പോലെയുള്ള പ്രകൃതി ദുരന്തങ്ങളെ നേരിടാനും മുന്നറിയിപ്പ് നൽകാനും ആഗോള സഹകരണത്തിന് നിർബന്ധിതമാക്കുന്ന ഭൗതിക സാഹചര്യങ്ങളാണുള്ളത്.

കോർപറേറ്റ് മുതലാളിത്തവും അമേരിക്കയും മറ്റ് സാമ്രാജ്യ ശക്തികളും ചേർന്ന് നടപ്പാക്കുന്ന ആഗോളീകരണവും (Globalisation) അന്തർ ദേശീയ സമൂഹത്തിന്റെ രൂപീകരണമായി നാം തെറ്റിദ്ധരിക്കരുത്. ശാസ്ത്ര സാങ്കേതികശക്തികൾ ഉപയോഗിച്ച് മൂലധനമിറക്കി ദരിദ്ര ലോകത്തെ ചൂഷണം ചെയ്യുകയാണ് അവർ ചെയ്യുന്നത്. ഇത് മഹാന്മാർ സ്വപ്നം കണ്ട ഏക ലോകത്തിന്റെയും അന്തർദേശീയതയുടെയും തത്ത്വങ്ങൾക്കെതിരാണ്. ഇവരുടെ ആഗോളീകരണം നാശത്തിലേക്കുള്ള വഴിയാണ് എന്ന തിനെപറ്റി ഖുർആൻ സൂചിപ്പിക്കുന്നു: '***അന്ന് അവരിൽ ചിലർ മറ്റു ചിലർക്കെ തിരെ തിരമാലകൾ കണക്കെ അടിച്ചു കയറുന്നവരായി നാം വിടപ്പെടുന്നതാണ് കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ട് നാം അവരെയെല്ലാം ഒരുമിച്ച്കൂട്ടുകയും***

*ചെയ്യും.' (18:100)*

അന്തർദേശീയമായി ഏകലോകം സൃഷ്ടിക്കാനുള്ള വേദിയായി മനുഷ്യ സ്നേഹികൾ സ്വപ്നം കണ്ടി രുന്ന ഐക്യ രാഷ്ട്രസഭ ഇന്ന് സാമ്രാജ്യത്വ ചൂഷണ ത്തിന്റെയും ഒളിയജണ്ടകളുടെയും രംഗവേദിയാണ്. എങ്കിലും കഴിഞ്ഞ ദശാബ്ദങ്ങളിൽ ലോകത്ത് രാഷ്ട്ര ങ്ങളുടെ വൻ മതിലുകൾ പൊളിയുകയും ചിലത് ഉയരുകയും ചെയ്തിരിക്കുന്നു. ബർലിൻ മതിലിന്റെ തകർച്ചയും രണ്ട് ജർമനികളുടെ സംയോജനവുമാണത്. സോവിയറ്റ് യൂണിയന്റെ ഇരുമ്പുമറയും ഹങ്കറിയും തകർന്ന് നിരവധി രാഷ്ട്ര ങ്ങളും രൂപംകൊണ്ടു. രാഷ്ട്രങ്ങളുടെ പൊളിച്ചെഴുത്തും പുനർനിർമാണവും നടക്കുന്നുവെങ്കിലും രാഷ്ട്ര ശക്തി നാൾക്കു നാൾ ദുർബലമാവുകയാണ്. സ്വന്തം പരമാധികാരം മറ്റുള്ള രാഷ്ട്ര ങ്ങളുമായി പങ്കുവെച്ച് പ്രാദേശികവും മേഖലാപരവുമായ ഉദ്ഗ്രഥന സംരം ഭങ്ങൾ അവിരാമം തുടരുന്നു. യൂറോപ്യൻ യൂണിയനും, സാർക്ക്, ആസിയാ രാജ്യങ്ങൾ മുതലായ മേഖലാ രാജ്യ സഖ്യങ്ങൾ ഉദാഹരണം. വാർത്താ വിനിമയങ്ങൾക്കൊപ്പം വികസിക്കുന്ന ആശയ വിനിമയങ്ങളും അന്തർ ദേശീയ വ്യാപാരവും മനുഷ്യ സമൂഹങ്ങളെ രാജ്യാതിർത്തികൾ വിട്ട് ഒന്നിപ്പിക്കുന്നു. അങ്ങനെ രാഷ്ട്രങ്ങളെ അപ്രസക്ത മാക്കിക്കൊണ്ട് ഗ്ലോബൽ വില്ലേജ് ആദി മനുഷ്യ സമൂഹം രൂപം കൊള്ളുകയാണ്.

വാസ്തവത്തിൽ അല്ലാഹു ഉദ്ദേശി ക്കുന്ന ഒരു ആഗോള സമൂഹ ത്തിന്റെ ഘടനാ പരമായ നിർമിതി യാണ് ഈ ആഗോള ചലനങ്ങളിൽ ദൃശ്യമാവുന്നത്. അല്ലാഹു പറയുന്നു: '***നിങ്ങളുടെ സമുദായമാകുന്നു. ഒരേയൊരു സമു ദായം (ഉമ്മത്തെ വാഹിദ:) ഞാൻ നിങ്ങളുടെ നാഥനുമാകുന്നു. അതിനാൽ നിങ്ങൾ എന്നെ രക്ഷാ കേന്ദ്രമാക്കു വിൻ.*** *' (23: 53)*

### അഹ്മദിയ്യാ ഖിലാഫത്ത് ഒരു ആഗോള ഇസ്ലാമിക സമൂഹം

എല്ലാ അർഥത്തിലും ആഗോള സമൂഹം രൂപപ്പെട്ടു വരുന്ന ആധുനിക കാലഘട്ടത്തിൽ ഖൈറുൽ ഉമ്മത്ത് എന്ന് അല്ലാഹു വിശേഷിപ്പിച്ച റസൂൽ തിരുമേനി (സ) യുടെ മുസ്ലിം സമൂഹത്തിന്റെ പ്രാതിനിധ്യം വഹിച്ചു കൊണ്ട് ഒരു ആഗോള മുസ്ലിം സമൂഹമായി അഹ്മദിയ്യാ ജമാഅത്ത് വളരുകയാണ്. രാഷ്ട്ര അതിർത്തികളെ ഭേദിച്ച് വളരുന്ന അഹ്മദിയ്യാ ഖിലാഫ ത്താണ് പ്രവചിതമായ ആഗോള മുസ്ലിം സമൂഹം. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദറത്ത് അഹ്മദി (അ) ന്റെ ആഗമനം റസൂൽ തിരുമേനി (സ)യുടെ പ്രവചന പ്രകാരമുള്ള മഹ്ദിയുടെയും മസീഹിന്റെയും നിയോഗമായിരുന്നു. ഇസ്ലാമിന്റെ ആഗോള വിജയവുമായി ബന്ധപ്പെട്ട താണ് ആ നിയോഗം. അദ്ദേഹത്താൽ പുനഃസ്ഥാപിക്കപ്പെട്ട ഇസ്ലാമിക ഖിലാഫത്ത് ഒരു രാഷ്ട്ര ഭരണ നേതൃത്വമോ മറ്റു ഭൗതിക ലക്ഷ്യങ്ങളുള്ള സംവിധാനമോ അല്ല. ഇസ്ലാം മതം സംസ്കാരിക ഭാവങ്ങൾ വർണം നൽകുകയും ഭൗതിക സങ്കേതങ്ങളാൽ സംയോജിപ്പിക്കപ്പെടുകയും ചെയ്ത ഒരു ആത്മീയ സമൂഹമാണ്. റസൂൽ തിരുമേനി(സ)യുടെ വിനീത ശിഷ്യനായി അല്ലാഹു നിയോഗിച്ച അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സ്ഥാപകൻ ഹദ്റത്ത് അഹ്മദ് (അ) പറയുകയുണ്ടായി: **'ഈ പ്രസ്ഥാനം ശക്തി മത്തായ നിലയിൽ വളരുകയും കായ്ക്കുകയും ചെയ്യും. അങ്ങനെ ഭൂമിയിൽ മുഴുവൻ അത് പടർന്നു വരും... ദൈവം എന്നെ അഭിസംബോധന ചെയ്തു പറഞ്ഞിരി ക്കുന്നു: രാജാക്കന്മാർ പോലും നിന്റെ വസ്ത്രത്തിൽ നിന്നും അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹ ത്തിന് മേൽ അനുഗ്രഹം നൽകും' (തജല്ലിയാത്തെ ഇലാഹിയ്യ)**

## മുഹമ്മദ് നബി(സ) യുടെ പ്രതിരൂപം

'അല്ലാഹു ഏകനാണെന്നും മുഹമ്മദു മുസ്തഫാ (സ) അവന്റെ പ്രവാചകനും ഖാതമു ന്നബിയ്യീനും എല്ലാവരെക്കാളും ശ്രേഷ്ഠനും ആണെന്നും മുഹമ്മദിയ്യത്തിന്റെ പുതപ്പു പുത ച്ചുകൊണ്ട് ആ പുണ്യാത്മാവിന്റെ പ്രതിരൂപമായി വരുന്നവരൊഴികെ അദ്ദേഹത്തിനുശേഷം ഒരു നബിയും ആഗതനാകുന്നതല്ലെന്നും ആണ് അല്ലാഹു വിശ്വാസപരമായി നിങ്ങളിൽ നിന്നും കാംക്ഷിക്കുന്നത്. കാരണം, ഒരു സേവകൻ (ഖാ ദിം) തന്റെ യജമാനനി (മഖ്ദൂം) ൽ നിന്നും വേറിട്ടു നിൽക്കുന്നില്ല. അതേപ്രകാരം ശാഖ തായ്വേരിൽ നിന്നും അകന്നു നിൽക്കുന്നില്ല. അതുകൊണ്ട് പരിപൂർണ്ണമായും തന്റെ യജമാന നിൽ അർപ്പണം ചെയ്തതിന്റെ ഫലമായി അല്ലാ ഹുവിൽനിന്നും നബിയെന്ന പദവി ലഭിക്കുന്നത് റസൂൽ തിരുമേനി(സ)യുടെ ഖത്മുന്നുബുവ്വ ത്തിൽ ഒരു വിഘ്നവും വരുത്തുന്നില്ല. നിങ്ങൾ ഒരു ദർപ്പണത്തിൽ നിങ്ങളുടെ രൂപം കാണു മ്പോൾ നിങ്ങൾ രണ്ടായിത്തീരുന്നില്ല. പ്രത്യക്ഷ ത്തിൽ രണ്ടായിത്തോന്നുന്നുവെങ്കിലും യഥാർത്ഥ ത്തിൽ ഒന്നുതന്നെയാണ്. മൂലവും പ്രതിച്ഛായയും (പ്രതിരൂപവും) തമ്മിലുള്ള അന്തരം മാത്രമെ ഉണ്ടാകുന്നുള്ളൂ. അല്ലാഹു വാഗ്ദത്തമസീഹിൽ ഇച്ഛിക്കുന്നതും അതുതന്നെയാണ്.'

**ഹദ്റത്ത് അഹ്മദ് (അ)**

# സർ സയ്യിദ് അഹ്മദ് ഖാനും അഹ്മദിയ്യാ ജമാഅത്തും

പ്രാർഥനക്ക് ഫലമില്ലെന്നും ദൈവം അതിനോട് പ്രതികരില്ലെന്നും വിധി പ്രകൃതിനിർണ്ണിതമാണെന്നും അത് മാറ്റാൻ പ്രാർഥനക്കാകില്ലെന്നും വാദിച്ച സർ സയ്യിദ് അഹ്മദ് ഖാനുമായി ഹദ്റത്ത് അഹ്മദ്(അ)നടത്തിയ ആത്മീയ സമരത്തിന്റെ വിവരണം.

എൻ. അബ്ദുർറഹീം

**ഹ**ദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) യുടെ സമകാലീനനും അലിഗഡ് പ്രസ്ഥാനത്തിന്റെ സ്ഥാപകനുമായ സർ സയ്യിദ് അഹ്മദ് ഖാൻ (കെ. സി എസ്. ഐ) ഇന്ത്യയിലെ മുസ്ലിം നേതാക്കളിൽ അഗ്രിമ സ്ഥാനീയനും അതുല്യ പ്രഭാവനുമായ ഒരു ഭൗതികപണ്ഡിതനായിരുന്നു. മുഗൾ ഭരണത്തിന്റെ അടിത്തറ ഇളകുകയും 1857 ലെ സ്വാതന്ത്ര്യ സമരം പരാജയപ്പെടുകയും ചെയ്തതോടെ ഇന്ത്യയിലെ മുസ്ലിം പ്രഭാവം അസ്തമിച്ചതിന് ശേഷം മുസ്ലിം സമുദായത്തിന്റെ ഭൗതിക പുരോഗതിക്കായി പ്രയത്നിച്ച് തുടങ്ങിയ സർ സയ്യിദ് പാശ്ചാത്യ പരിഷ്ക്കാരത്തിന്റെ ഒരു ആരാധകനും പാശ്ചാത്യ തത്ത്വശാസ്ത്രങ്ങളിൽ പ്രഭാവിതനുമായിരുന്നു. ഇംഗ്ലീഷ് ഭരണത്തിൽ ഒരു ക്ലാർക്കായി ആരംഭിച്ച് അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതം ബ്രിട്ടീഷ് സിംഹാസനത്തിന്റെ സ്റ്റാർ ഓഫ് ഇന്ത്യ എന്ന ബഹുമതി പട്ടം വരെ അദ്ദേഹത്തിന്ന് നേടി ക്കൊടുത്തു,

വിശ്വാസ പരമായി സർ സയ്യിദ് ഒരു പ്രകൃതി വാദിയായിരുന്നു (Naturalist) പാശ്ചാത്യ തത്ത്വശാസ്ത്രങ്ങളിലും വിജ്ഞാനങ്ങളിലും ആകൃഷ്ടനായ അദ്ദേഹം ഇസ്ലാമി നെ അവക്കൊപ്പിച്ചു വ്യാഖ്യാനിക്കുകയും മത കാര്യങ്ങളിൽ സ്വതന്ത്ര ചിന്തയും യുക്തിവാദവും സ്വീകരിക്കുകയും ആണ് ചെയ്തത്. ബൈബിളിനെയും ഖുർആനെയും തുല്യ നിലയിൽ കണ്ട അദ്ദേഹം ഖുർആനെന്ന പോലെ ബൈബിളിന്റെ ഉൽപ്പത്തി കഥക്കും ഒരു വ്യാഖ്യാനമെഴുതി. പക്ഷേ തികഞ്ഞ സമുദായാഭിമാനിയായിരുന്നു സർ സയ്യിദ്. സർ വില്യം മൂയിറിന്റെ ലൈഫ് ഓഫ് മുഹമ്മദ് എന്ന ഗ്രന്ഥത്തിൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾക്ക് മറുപടിയായി ഉറുദുവിൽ അദ്ദേഹമെഴുതിയ ലേഖന പരമ്പര പുസ്തകരൂപത്തിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ ഭൗതിക വാദ പ്രവണമായ അഭിപ്രായങ്ങളും വിശ്വാസങ്ങളും കാരണം മതഭക്തരായ മുസ്ലിം പണ്ഡിതന്മാരിൽ നിന്നും അദ്ദേഹം അകന്ന് പോയി. ഉലമാക്കന്മാർ അദ്ദേഹത്തിനെതിരായി മതഭ്രഷ്ട് കൽപ്പിക്കുകയും മദീനത്ത് നിന്നു പോലും അദ്ദേഹത്തിനെതിരെ ഫത്വകൾ സമ്പാദിച്ചു പ്രചരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത കൂട്ടാളിയായിരുന്ന നവാബ് മുഹ്സിനുൽ മുൽക്ക് പോലും അദ്ദേഹത്തെ കാഫിർ എന്നു വിളിക്കാൻ മടിച്ചിരുന്നില്ല.

1885 നവമ്പറിൽ ഹ: അഹ്മദ് (അ) സർ സയ്യിദിനെ പ്പറ്റി ചില പ്രവചനങ്ങൾ ഹിന്ദുക്കളും മുസ്ലിംകളും അടങ്ങിയ സദസ്സിൽ കേൾപ്പിക്കുകയുണ്ടായി 1886 ഫിബ്രവരി 20 ന്നു ഹോശിയാർ പൂറിൽ വെച്ച് പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനത്തിൽ തനിക്ക് അല്ലാഹുവിൽ നിന്നും ലഭിച്ച പല അറിയിപ്പികളുടെയും കൂട്ടത്തിൽ തന്നെ പറ്റിയും തന്റെ സ്നേഹിതന്മാരിലെ ചിലരെപറ്റിയും ചില ശത്രുക്കളെ ക്കുറിച്ചും ഭീഷണങ്ങളും സുവാർത്താപരവുമായ ചില വെളിപാടുകൾ ലഭിക്കുകയുണ്ടായെന്ന് അദ്ദേഹം പ്രസ്താവിക്കുകയും അവരിൽ ചിലരുടെ പേരെടുത്ത് പറയുകയും ചെയ്തിരുന്നു. നമ്മുടെ 'നജ്മുൽ ഹിന്ദ് ആയ ഫിലോസഫർ സഹോദരൻ' എന്നു വിശേഷിപ്പിച്ച് കൊണ്ട് സർ സയ്യിദിനെ കുറിച്ചുള്ള ചില പ്രവചനങ്ങളെകുറിച്ചു സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ സർ സയ്യിദ് അത് ഗൗനിക്കുയോ ഹദ്റത്ത് അഹ്മദിന്റെ പ്രഖ്യാപനങ്ങളും പ്രവചനങ്ങളും ശ്രദ്ധിക്കുയോ ചെയ്തില്ല എന്ന് മാത്രമല്ല അദ്ദേഹം അതിന് നേരെ അഹങ്കാര പ്രമത്തമായ പുച്ഛ ഭാവം പ്രകടിപ്പിക്കുക പോലും ചെയ്തിരുന്നു. 1889 ൽ ഹദ്റത്ത് അഹ്മദ്(അ) അലീഗർ സന്ദർശിച്ച അവസരത്തിൽ ശത്രുക്കളോടൊപ്പം ചേർന്ന് കൊണ്ട് ഹദ്റത്ത് അഹ്മദി(അ)നെ പരിഹസിക്കാനും അപമാനിക്കാനും അദ്ദേഹം മുതിരുകയുണ്ടായിട്ടുണ്ട്.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) മസീഹ് വാദം പുറപ്പെടുവിച്ചു തുടങ്ങിയ ഘട്ടത്തിൽ സർ സയ്യിദ് അദ്ദേഹത്തിന്റെ ഒരു സ്നേഹിതനായ മീർ ഹസൻ സിയാൽ കോട്ടിക്ക് എഴുതിയ ഒരു കത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ ലിഖിതങ്ങൾ ആർക്കും ഒരു പ്രയോജനവും ചെയ്യുകയില്ലെന്നും അവയിൽ സത്യം തീരെയില്ലെന്നും എഴുതുകയുണ്ടായി. എന്നുമാത്രമല്ല വെളിപാടിനെ അടിസ്ഥാനമാക്കി പ്രവചനങ്ങൾ പറയുക സാദ്ധ്യമല്ലെന്നും അങ്ങനെ യാരെങ്കിലും പറയുന്നുവെങ്കിൽ അത് മാനസികമായ മാർഗഭ്രംശത്തിന്റെ ഫലം മാത്രമാണെന്നും അയാൾ അതിൽ

ദൃഢമായി വിശ്വസിക്കുന്നുവെങ്കിൽ തികഞ്ഞ ഭ്രാന്തനാണെന്നും അതിൽ അദ്ദേഹം എഴുതിയിട്ടുണ്ടായിരുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾക്കെതിരായി ആദർശങ്ങൾ വെച്ചു പുലർത്തിപ്പോരുകയും തന്നെ പറ്റി ഏതാദൃശപരമായ ദുരഭിപ്രായങ്ങൾ പ്രചരിപ്പിക്കുകയും ചെയ്ത സർ സയ്യിദിന്റെ നേരെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) യാതൊരു വിദ്വേഷവും കാണിച്ചില്ല. മറിച്ച് അദ്ദേഹത്തിന്റെ മതാഭിമാനത്തെയും സാമുദായികാഭിമാനത്തെയും അഭിനന്ദിക്കുകയാണ് ചെയ്തത്. എങ്കിലും പ്രകൃതി വാദിയായ സർ സയ്യിദിന്റെ വിശ്വാസാഭിപ്രായങ്ങൾ ഹദ്റത്ത് അഹ്മദി (അ)നെ അത്യധികം വേദനിപ്പിക്കുകയും ചെയ്തിരുന്നു.

വഹ്‌യ് (ദിവ്യ വെളിപാടുകൾ ) മുഅ്ജിസ(ദിവ്യാദ്ഭുതങ്ങൾ), പ്രവചനങ്ങൾ എന്നിവയെ ക്കുറിച്ചും പ്രാർഥനയുടെ സ്വീകാര്യതയെ പറ്റിയും സർ സയ്യിദ് പ്രചരിപ്പിച്ച വിശ്വാസങ്ങൾ ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾക്കും ഖുർആന്റെ വ്യക്തമായ പാഠങ്ങൾക്കും എതിരാണെന്ന് ഹദ്റത്ത് അഹ്മദ് (അ) കണ്ടു. സർ സയ്യിദിനെ പോലെയുള്ള ഒരു പ്രഗല്ഭ പണ്ഡിതന്റെ പ്രസ്തുത വിശ്വാസങ്ങൾ അനേകരെ വഴിപിഴപ്പിക്കാൻ പോന്നതാണെന്ന് മനസ്സിലാ ക്കിയ ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തെ അത്തരം തെറ്റായ വിശ്വാസത്തിൽ നിന്നും രക്ഷപ്പെടുത്താൻ തുനിഞ്ഞു. സർ സയ്യിദിനെ അഭിസംബോധനം ചെയ്ത് കൊണ്ട് അദ്ദേഹം ഒരു ദീർഘമായ കത്ത് 'അയിനെ കമാലാത്തെ ഇസ്‌ലാമി'ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. സഹോദര നിർവിശേഷമായ സ്നേഹത്തോടും അനുഭവസമ്പന്നമായ ആത്മാർഥതയോടും കൂടി അദ്ദേഹം എഴുതിയ ആ സന്ദേശം പ്രകൃതി വാദത്തിന്റെ അഗാധ ഗർത്തങ്ങളിൽ പതിച്ച സർ സയ്യിദിന്ന് നീട്ടികൊടുത്ത ഒരു രക്ഷാ പാശമായിരുന്നു.

ഖുർആൻ വ്യാഖാനമെഴുതാൻ തുനിഞ്ഞ സർ സയ്യിദ് ഖുർആനെ സമൂലം തള്ളിക്കളഞ്ഞിട്ടില്ല എന്നതിൽ ഞാൻ സ്ന്തുഷ്ടനാണെങ്കിലും അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ ഖുർആന്റെ ആധികാരിക വീക്ഷണങ്ങൾക്ക് കടക വിരുദ്ധങ്ങളായിരിക്കുന്നതിൽ തികച്ചും ആസ്വസ്ഥനാണെന്ന് പറഞ്ഞു കൊണ്ടാണ് ഈ ലേഖനം ആരംഭിക്കുന്നത്. സർ സയ്യിദിന്റെ ഓരോ വാക്കിലും യൂറോപ്യൻ തത്ത്വചിന്തയോടുള്ള അത്യാദരങ്ങളും ഭയഭക്തിയുമാണ് പ്രകടമാകുന്നതെന്ന് ഹദ്റത്ത് അഹ്മദ്(അ) സോദാഹരണം ചൂണ്ടിക്കാട്ടി. അദ്ദേഹം ഇപ്രകാരം തുടർന്നു.

താങ്കളെപോലെ ഇസ്‌ലാമിനോട് സ്നേഹമുണ്ടെന്ന് പറയുകയും ഖുർആന് ഒരു വ്യാഖ്യാനമെഴുതാൻ പ്രചോദിതനായി തീരുകയും ചെയ്ത ഒരാളിൽ നിന്നും ഖുർആൻ പാഠങ്ങൾക്ക് പ്രത്യക്ഷവിരുദ്ധമായ വാക്കുകൾ കേൾക്കേണ്ടിവന്നതിൽ ഞാൻ അതീവ ദുഃഖിതനാണ്. അബദ്ധങ്ങളായ ആശയങ്ങൾ പ്രകാശിപ്പിക്കുകയും ദിവ്യവെളിപാടുകൾ ലഭിച്ചിട്ടുള്ളതായി അവകാശപ്പെടുന്നവരിൽ ഭ്രാന്ത് ആരോപിക്കുകയും ചെയ്യുന്നതിന്ന് പകരം ഒരു സത്യാന്വേഷിയെന്ന നിലയിൽ തന്റെ വാദങ്ങൾക്കാധാരമായ തെളിവുകളും യുക്തിന്യായങ്ങളും എന്നിൽ നിന്ന് ആവശ്യപ്പെടുകയാണ് താങ്കൾ ചെയ്യേണ്ടിയിരുന്നത്... എന്റെ വാദങ്ങൾ സാധാരണ നിലയിലുള്ളതല്ല. അതിനെക്കുറിച്ച് സംസാരിക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്നവർ ദശലക്ഷക്കണക്കിനില്ലെങ്കിലും പതിനായിരക്കണക്കിലുണ്ട്. ഹേ, എന്റെ പ്രിയപ്പെട്ട സർ സയ്യിദ്! താങ്കളെ ദൈവത്തിലേക്ക് വിളിക്കുന്ന വ്യക്തിയെ നിരാകരിക്കുകയും നിസ്സാരനാക്കിതള്ളുകയും അയാളുടെ വാദങ്ങളെ പരീക്ഷിച്ചു നോക്കാതെ അവക്കെതിരായി ശബ്ദമുയർത്തുന്നതും അത്മീയനാശത്തിലേക്കുള്ള വഴിയാകുന്നു.... ദിവ്യ ഗ്രന്ഥങ്ങളെ പറ്റിയുള്ള താങ്കളുടെ വിശ്വാസങ്ങൾ ഞാൻ മനസ്സിലാക്കിയിട്ടുള്ളത് തന്നെയെങ്കിൽ ദൈവം അങ്ങിനെ വരുത്താതിരിക്കട്ടെ അതായത് അവ ദൈവത്തിന്റെ യഥാർഥ വചനങ്ങളല്ല എന്നും ദിവ്യവെളിപാടു കൾ എന്നത് പ്രവാചകന്മാർക്കുള്ള ആത്മനിഷ്ഠമായ ഒരു നൈസർഗിക സിദ്ധിയാണെന്നും വരുകിൽ, എന്ന് വെച്ചാൽ ജ്ഞാനവും സത്യവും നിറഞ്ഞ വചനങ്ങൾ പുറപ്പെടുവിക്കാൻ സാദ്ധ്യമായ പ്രത്യേക സിദ്ധിയോടുകൂടിയ ആൾ മാത്രമാണ് പ്രവാചകന്മാരെന്നാണ് താങ്കളുടെ പക്ഷമെങ്കിൽ താങ്കളെ പിന്തുടരുന്നതു മൂലം നിത്യനാശ ത്തിലകപ്പെട്ടേക്കാവുന്നവരെ രക്ഷപ്പെടുത്തുന്നതിനായിട്ടു താങ്കളെ പരസ്യമായി ഒരു ആത്മീയ സമരത്തിന്നു ആഹ്വാനം ചെയ്യേണ്ടത് എന്റെ ധർമമായിരിക്കുന്നതാണ്. സത്യ ഹൃദയത്തോടെ താങ്കൾ എന്റെനേരെ തിരിയുകയാണെങ്കിൽ താങ്കൾക്ക് സംതൃപ്തിയേകുന്നതിന് എന്നെ സഹായിക്കാൻ ഞാൻ ദൈവത്തോട് പ്രാർഥിക്കുകയാണ്. ദൈവം എന്റെ പ്രാർഥന കേൾക്കുമെന്നും താങ്കളെയും താങ്കളെപോലെ മറ്റു പലരേയും സംശയങ്ങളുടേയും സന്ദേഹവാദത്തിന്റെയും ചുഴിയിലേക്കെടുത്തെറിഞ്ഞ പിഴവിൽ നിന്ന് സ്വയം രക്ഷപ്പെടുന്നതിനും താങ്കളെ ഞാൻ സഹായിക്കുമെന്നും എനിക്ക് ദൃഢമായ വിശ്വാസമുണ്ട്. താങ്കൾ താങ്കളുടെ സ്ഥാനമാനങ്ങളെ കുറിച്ച പരി ചിന്തകളെല്ലാം മാറ്റിവെച്ച് ഏതാനും ആഴ്ചകൾ എന്നോടൊപ്പം വസിക്കുകയാണെങ്കിൽ മാനുഷികമായ ഗ്രാഹ്യ ശക്തിക്കതീതമെന്നു താങ്കളന് കരുതുന്ന പല സംഗതികളും യുക്തിയുക്തങ്ങളും സാധ്യതയിലുൾ പ്പെടുന്നതും തന്നെയെന്നു എളുപ്പത്തിൽ ഗ്രഹിച്ചു തുടങ്ങുന്നതാണ്. സയൻ സിന്റെയും ഫിലോസഫിയുടെയും ഉന്നത ശിഖരങ്ങളെ താങ്കൾ പ്രാപിച്ചിട്ടു ണ്ടെന്നിരിക്കിലും അതിന്റെ ചൈതന്യ ത്താൽ പ്രഭാപൂരിതനായിട്ടുണ്ടെന്ന് വന്നാലും ആ പ്രഭാപൂരം സ്വർഗീയ പ്രകാശത്തിനെതിരിൽ നിസ്സാര മാകുന്നു....

മതവും ശാസ്ത്രവും തമ്മിൽ ഇന്ന് നടക്കുന്ന സമരവും ശാസ്ത്രം മതത്തിനെതിരിൽ നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളും നമ്മെ ഭഗ്നാശയരാക്കികൂടാ. ഈ സമരത്തിൽ ഇസ് ലാം പരാജിതതനും അശക്തനുമായ ഒരു പ്രതിയോഗിയെ പോലെ സന്ധിചെയ്യാൻ ബദ്ധപ്പെടുകയില്ല. അത് വിജയശ്രീലാളിതനായിട്ടു തന്നെ പുറത്തേക്ക് വരും. ഇസ്‌ലാമിന്റെ ഭൗതികമായ ഖണ്ഡ പ്രഭാവം ലോകം കണ്ടിട്ടുള്ളത് പോലെ അതിന്റെ അദ്ധ്യാത്മിക ഖണ് ഡത്തിന്റെ ശക്തിവിലാസവും ലോകം കാണുമാറാകുന്ന സമയം ഇത് തന്നെയാണ്. ഈ പ്ര വചനം നല്ലത്പോലെ ഓർമ്മിച്ച് കൊള്ളുവിൻ! ഈ സമരത്തിൽ ഇസ്‌ലാം വിജയിക്കുക തന്നെ ചെയ്യും. അതിന്റെ ശത്രു എത്ര കടുത്ത ആക്രമണം നടത്തിയാലും സ്വയം ചതഞ്ഞരഞ്ഞു പോകാതിരിക്കില്ല...

ഞാൻ ഈ കത്ത് ദീർഘിപ്പിക്കാനാഗ്രഹിക്കുന്നില്ല. അസന്ദിഗ്ദമായ വാക്കുകളിൽ ഞാനിതാ അറിയിച്ചു കൊള്ളുന്നു. ഇക്കാലത്ത് ഉടലെടുത്തിട്ടുള്ള സംശയങ്ങളെയും തെറ്റായ സങ്കൽപ്പങ്ങളെയും ദുരീകരിക്കുന്നതിനായിട്ടും വഴിപിഴപ്പിക്കപ്പെടുന്നതിൽ നിന്നും എന്റെ സമുദായ സഹോദരങ്ങളെ രക്ഷിക്കുന്നതിനായിട്ടും ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നവനത്രെ ഞാൻ, ഒരു സത്യാന്വേഷിയെന്ന

നിലയിൽ താങ്കൾ എന്നെ സമീപിക്കുന്ന പക്ഷം താങ്കൾക്ക് പരിപൂർണ സംതൃപ്തിയേകുന്നതിന്നുള്ള ശക്തി ദൈവം എനിക്ക് നൽകിയിരിക്കുന്നു. അതിനാൽ ഞാൻ ദൈവത്തെ സാക്ഷി നിർത്തിക്കൊണ്ടു പറയട്ടെ താങ്കളുടെ സംശയങ്ങളെ ദുരീകരിച്ചു തരുന്നതിനായിട്ടു ഞാൻ താങ്കളെ ക്ഷണിച്ചു കൊള്ളുന്നു. താങ്കൾ ഈ ക്ഷണം ചെവി ക്കൊള്ളാതിരിക്കുന്ന പക്ഷം ഞാൻ എന്റെ കടമ താങ്കളെ സംബന്ധിച്ചിടത്തോളം നിർവഹിച്ചു കഴിഞ്ഞെന്നു സമാശ്വസിക്കും. എന്നാൽ താങ്കളുടെ അനുയായികളുടെയെല്ലാം കുറ്റങ്ങൾക്ക് താങ്കൾ തന്നെയായിരിക്കും ഉത്തരവാദിത്വം വഹിക്കേണ്ടി വരിക. എന്റെ പ്രിയപ്പെട്ട സർ സയ്യിദ് എന്റെ ഈ സന്ദേശത്തെ ലാഘവ ബുദ്ധിയോടെ കയ്യാളല്ലാ! വേണ്ടു വോളം അർഹിക്കും വിധം തന്നെ ആ ലോചിച്ച് ഇതിന് മറുപടി നൽകിയാലും

ഈ സന്ദേശം ഹദ്റത്ത് അഹ്മദ് (അ) തന്റെ സുപ്രസിദ്ധമായ 'ആയിനെ കമാലാത്തെ ഇസ്‌ലാം' എന്ന കൃതിയിൽ പ്രസിദ്ധീകരിച്ചുവെങ്കിലും സർ സയ്യിദ് തികഞ്ഞ മൗനം അവലംബിച്ച തേയുള്ളു.

സർ സയ്യിദ് തന്റെ മേൽ പറഞ്ഞ വീക്ഷണങ്ങൾ രണ്ടു പുസ്തകങ്ങൾ പുറത്തിറക്കിയിരിക്കുന്നു. അദ്ദുആ വൽ ഇസ്തി ജാബത്ത് തഹ്രീർ ഫീ ഉസൂലിത്തഫ്സീർ എന്നിവ യായിരുന്നു ആ രണ്ടു പുസ്തകങ്ങൾ. പ്രാർഥന ഒരു ആരാധന മാത്രമാ ണെന്നും അത് ഒരു ആരാധന എന്ന നിലയിൽ ദൈവം സ്വീകരിക്കുന്ന താണെന്നും പ്രാർഥനക്ക് ഫലമുണ്ടെന്നോ പ്രാർഥനക്കനുസരിച്ച് കാര്യം സാധിക്കുമെന്നോ കരുതുന്നത് ശരിയല്ലെന്നുമാണ് അതിലദ്ദേഹം സമർഥിച്ചത്. എല്ലാ കാര്യങ്ങളും വിധിനിർണിതങ്ങളാണ് ദൈവം പ്രകൃതി നിയമങ്ങളിലിടപെടുന്നില്ല. ഒരു കാര്യം സംഭവിക്കുമെന്ന് ദൈവം നിർണയിച്ചിട്ടുണ്ടെങ്കിൽ അതിനായിട്ടു പ്രാർഥിക്കേണ്ടതില്ല. ഒരു കാര്യം സംഭവിക്കുമെന്നാണ് നിർണയിച്ചതെങ്കിൽ പ്രാർഥിച്ചത് കൊണ്ട് ഒരു ഫലവുമില്ല. എന്നിരിക്കിലും കാര്യ സാദ്ധ്യാർഥം അത്യുൽക്കടമായ അഭിവാഞ്ച പ്രകടിപ്പിക്കുകയും സഹായിക്കപ്പെടുന്നതിന് ആഗ്രഹിക്കുകയും ചെയ്ക മനുഷ്യ പ്രകൃതിയിലുൾപ്പെടുന്നതായാൽ അതിനായിട്ടു ദൈവത്തിന്റെ നേർക്ക് മാത്രം തിരിയുമ്പോൾ ഒരു ആരാധനയെന്ന നിലയിൽ ദൈവം അത് സ്വീകരിക്കുന്നതായിരിക്കും. ഇതാണ് സർ സയ്യിദിന്റെ അഭിപ്രായം

സർ സയ്യിദിന്റെ ഈ ആശയങ്ങൾ ഇസ്‌ലാമികമല്ലെന്ന് മാത്രമല്ല. ഖുർആനെ ശക്തിയുക്തം ഖണ്ഡിക്കുന്നതും പ്രവാചകചര്യകൾക്ക് വിരുദ്ധമായിട്ടുള്ളതാണെന്നതു വ്യക്തമാണ്. ഹദ്റത്ത് അഹ്മദ് (അ) ആകട്ടെ തന്റെ ഏറ്റവും വലിയ ആത്മീയ ആയുധമായി പരിഗണിച്ചിരുന്നതു തന്നെ പ്രാർഥനയായിരുന്നു അതിനാൽ ഈ അബദ്ധ തത്ത്വങ്ങളെ ഖണ്ഡിക്കേണ്ടത് തന്റെ അനുപേക്ഷ്യ ധർമ്മമായി അദ്ദേഹം കരുതുകയും 'ബറക്കാത്തുദുആ' എന്ന പേരിൽ പ്രാർഥനയുടെ തത്ത്വ രഹസ്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള ഒരു പുസ്തകം രചിക്കുകയും ചെയ്തു.

പ്രാർഥനയുടെ തത്ത്വ രഹസ്യങ്ങളെ സംബന്ധിച്ച അറിവും പ്രാർഥനയുടെ അത്യുൽകൃഷ്ടമായ അനുഭവ ജ്ഞാനവും സർ സയ്യിദിനില്ലെന്ന് പറഞ്ഞ ശേഷം അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ സമൂലം ഖണ്ഡിച്ചു കൊണ്ട് ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു' ഇത്തരം അബദ്ധ വിശ്വാസങ്ങളെ ഉടക്കുവാനായിട്ടാണ് ഞാൻ ദൈവത്തിൽ നിന്നും നിയോഗിക്കപ്പെട്ടി ട്ടുള്ളത്. അത്കൊണ്ട് എന്റെ ചില പ്രാർഥനകൾ മുൻ കൂട്ടി സയ്യിദ് സാഹിബിനെ അറിയിച്ചു കൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. മാത്രമല്ല ഞാനവ പ്രസിദ്ധം ചെയ്യുകയും ചെയ്യാം. എന്നാൽ എന്റെ വാദം സ്ഥാപിക്കപ്പെടുന്ന പക്ഷം സയ്യിദ് സാഹിബ് തന്റെ ഈ തെറ്റായ ചിന്താഗതിയെ കയൊഴിയേണ്ടതാകുന്നു.

സയ്യിദ് സാഹിബിനു എന്റെ അടുക്കൽ വരാൻ കഴിയുകയില്ലെങ്കിൽ, സത്യം വെളിപ്പെട്ടാൽ സ്വീകരിക്കാമെന്നുള്ള വാഗ്ദത്തത്തോടുകൂടി തന്നെ പറ്റി ദൈവ സന്നിധിയിൽ പ്രാർഥന നടത്തിയ ശേഷം എനിക്ക് വെളിപ്പെടുന്ന സംഗതികൾ പ്രസിദ്ധപ്പെടുത്തി കൊള്ളാൻ എന്നെ അനുവദിക്കേണ്ട താണ് അത് വഴി പൊതു ജനങ്ങൾക്ക് പ്രയോജനമുണ്ടാകുമല്ലോ. സയ്യിദ് സാഹിബിന്റെ അഭിപ്രായമാണ് ശരിയെങ്കിൽ എനിക്ക് ഇക്കാര്യത്തിൽ യാതൊരു വിജയവും ലഭിക്കുന്നതല്ല. അല്ലെങ്കിലോ ബുദ്ധിയുള്ളവർ സയ്യിദ് സാഹിബിന്റെ ഈ തെറ്റായ വിശ്വാസ ങ്ങളിൽ നിന്നും രക്ഷ പ്രാപിച്ചു ദൈവമാർഗത്തിലേക്ക് തിരിയുമാറാകും. വിശ്വാസങ്ങളിൽ നിന്നും രക്ഷ പ്രാപിച്ചു ദൈവമാർഗത്തിലേക്ക് തിരിയുമാറാകും( ബറക്കാത്തുദുആ)

ഇത്രയും പ്രസ്താവിച്ച ശേഷം ഒടുവിലായി ചേർത്ത പാർസി കവിതയിൽ ഹദ്റത്ത് അഹ്മദ് (അ) സർ സയ്യിദിനെ സംബോധനം ചെയ്തു കൊണ്ട് ഇപ്രകാരം എഴുതി:

'പ്രാർഥനക്ക് വല്ല ഫലവുമുണ്ടെങ്കിൽ അതെവിടെ എന്ന് ചോദിക്കുന്ന ഹേ മനുഷ്യാ, ഝടുതിയിൽ എന്റെയടുത്തേക്ക് വരിക. ഞാൻ ഉച്ച സൂര്യനെ പോലെ പ്രാർഥനയുടെ ഫലം കാണിച്ചു തരാം ഭദ്രം! ദൈവത്തിന്റെ ശക്തി രഹസ്യങ്ങളെ നിഷേധിക്കല്ലാ. വാക്കുകൾ മതിയാക്കൂ. സ്വീകൃതമായി തീർന്ന എന്റെ പ്രാർഥനയുടെ പുലർച്ച നോക്കി പാർക്കൂ.

ഇവിടെ സ്വീകരിക്കപ്പെട്ട പ്രാർഥനയെന്ന് പറഞ്ഞത് ലേഖ്റാമിന്റെ മരണത്തെക്കുറിച്ചുള്ള പ്രവചനത്തെ ഉദ്ദേശിച്ചാണെന്നു ഹദ്റത്ത് അഹ്മദ് (അ) തന്നെ വ്യക്തമാക്കിയിട്ടുണ്ട്.. ആറു കൊല്ലത്തിനുള്ളിൽ പണ്ഡിറ്റ് ലേഖ്റാം മരണമടയുന്നയതാണെന്ന് തനിക്ക് ലഭിച്ച ഒരു വെളിപാടിന്റെ അടിസ്ഥാനത്തിൽ ആ മഹാത്മാവ് പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. ഇതിന് പുറമെ പ്രസ്തുത കൃതിയുടെ ഒടുവിലത്തെ പേജിൽ അതെഴുതി തീർന്ന ദിവസം അദ്ദേഹം കണ്ട ഒരു ദിവ്യദർശനം വിവരിച്ചിട്ടുണ്ട്. അത് ലേഖ്റാമിന്റെ ദാരുണമായ അന്ത്യത്തെക്കുറിച്ചുള്ള വ്യക്തമായ സൂചനകളടങ്ങിയതായിരുന്നു.

സർ സയ്യിദിന്റെ സിദ്ധാന്തങ്ങളെ ഹദ്റത്ത് അഹ്മദ് (അ) ശക്തിയുക്തം വിമർശിക്കുകയും അദ്ദേഹത്തെ ആത്മീയ പരീക്ഷണത്തിനു ക്ഷണിക്കുകയും ചെയ്തുവെങ്കിലും അദ്ദേഹം തികഞ്ഞ മൗനമവലംബിക്കുകയാണ് ചെയ്തത്. ഹദ്റത്ത് അഹ്മദി (അ) നെതിരായി അദ്ദേഹം പിന്നീടൊരക്ഷരം ഉരിയാടിയിട്ടില്ല. എന്നല്ല ഭയഭക്തിയോടുകൂടി മാത്രമേ ആ മഹാത്മാവിനെക്കുറിച്ച് പിന്നീട് സ്മരിക്കുകയുണ്ടായിട്ടുള്ളൂ. അക്കാരണത്താൽ തന്നെ ഹദ്റത്ത് അഹ്മദ്(അ) സർ സയ്യിദിനെ ഒരു മിത്രമായി കണക്കാക്കി. ഹദ്റത്ത് അഹ്മദി(അ)നെ ആക്ഷേപിച്ചു കൊണ്ട് ഒരാൾ ഒരിക്കൽ സർ സയ്യിദിന് നീണ്ടൊരു കത്തെഴുതിയപ്പോൾ അദ്ദേഹത്തെ എതിർക്കുന്നവൻ ബുദ്ധി കെട്ടവനാണ് എന്ന് സർ സയ്യിദ് പ്രസ്താവിച്ചതാവിച്ചതായും, ഹ്ദറത്ത് അഹ്മദി(അ) ന്റെ ഒരു പുസ്തകത്തിന് ഖണ്ഡനമെഴുതാൻ തുനിഞ്ഞ മറ്റൊരാളെ അദ്ദേഹം വിലക്കിയതായും മൗലാനാ ഹാലി പ്രസ്താവിച്ചിട്ടുണ്ട്. (ഹയാത്തെ ജാവീദ്, ഖ, 2 ഭാ 437)

തന്നെ എതിർക്കുവാനും നിഷേധി

ക്കുവാനും ബദ്ധപ്പെടുന്നതിന് പകരം ഇസ്‌ലാമിന് വേണ്ടിയുള്ള തന്റെ രക്ഷാവേലയെ അലോസരപ്പെടുത്താതെ തന്റെ അന്ത്യം നോക്കി പാർക്കുകയെന്ന സമീപനം സ്വീകരിക്കുന്നതാവും സുരക്ഷിതമാവുക എന്ന് ഹദ്റത്ത് അഹ്മദ്(അ) മതപണ്ഡിതന്മാരെ തർജനം ചെയ്തിരുന്നു. ആ മഹാത്മാവിനുണ്ടായിരുന്ന അതുല്യമായ ആത്മീയ വിജയങ്ങൾ സർ സയ്യിദിനെ വിചാരമഗ്നാക്കിയെന്ന് വേണം കരുതാൻ. എന്തെന്നാൽ, സർ സയ്യിദ് ഒരു ബദ്ധശത്രുവായി തിരിഞ്ഞില്ല. ആ പുണ്യാത്മാവിനെതിരായി പിന്നീടൊരിക്കലും ഒരക്ഷരം പോലും പറഞ്ഞില്ല.

എങ്കിലും സർ സയ്യിദ് അഹ്മദ് ഖാൻ ദൈവം പ്രാർഥന സ്വീകരിക്കു ന്നവനല്ല എന്ന ഗുരുതരമായ ഒരു തെറ്റ് പ്രചരിപ്പിച്ചതിന് ദൈവിക ശിക്ഷക്കിരയാവുക തന്നെ ചെയ്തു. ഹദ്റത്ത് അഹമദ്(അ) പ്രവചിച്ചതുപോലെ തന്നെ സർ സയ്യിദിന് ആയുരാന്ത്യത്തിൽ പല ദുരനുഭവങ്ങളുമുണ്ടായി. വാർദ്ധക്യകാലത്ത് അദ്ദേഹത്തിന്റെ സീമന്തപുത്രന്റെ ദാരുണമായ മരണം കാണേണ്ടിവന്നു. ഈ വിരഹ വ്യഥയിൽ നിന്നും മോചനം നേടുന്നതിന് മുമ്പായി തന്നെ മറ്റൊരു ഭയങ്കര ദുഃഖവും അദ്ദേഹത്തെ പിടികൂടി. അലിഗർ കോളേജിലെ കെട്ടിട നിർമാണാർഥം അദ്ദേഹം വളരെ പാടുപെട്ട് പിരിച്ചെടുത്ത 105490 ക, ശാംബിഹാരിലാൽ എന്നൊരാൾ പിടുങ്ങിക്കളഞ്ഞ സംഭവമാണത്. അപമാന ഭാരവും ദുഖവും നിമിത്തം മുന്നു ദിവസം വരെ അദ്ദേഹം ആഹാരമൊന്നും കഴിച്ചിട്ടില്ലെന്ന് മാത്രമല്ല പലതവണ പ്രജ്ഞയറ്റ് വീഴുകയും ചെയ്തിരുന്നു. തദവസരത്തിൽ താൻ അലിഗഡിലില്ലായിരുവെങ്കിൽ പിതാവ് ശോക പാരവശ്യം കാരണം മരണ മടഞ്ഞേനെ എന്ന് പുത്രൻ സയ്യിദ് മഹ്മൂദ് പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്.

സർസയ്യിദിന്റെ ചരമം അടുത്തെത്തിയിട്ടുണ്ടെന്ന് ദൈവത്തിൽ നിന്നും അറിവ് കിട്ടിയതിനെ തുടർന്ന് ഹദ്റത്ത് അഹ്മദ് (അ) 1897 മാർച്ച് 12-ാം തീയതി ഒരു വിജ്ഞാപനം മുഖേന അ ദ്ദേഹത്തെ സത്യം സ്വീകരിക്കുന്നതിന് ക്ഷണിക്കുകയുണ്ടായി. അതിലിപ്രകാരം പറഞ്ഞിട്ടുണ്ടായിരുന്നു: ‘പ്രാർഥന ഫലിക്കില്ലെന്ന ധാരണ സർ സയ്യിദ് സാഹിബിന് പറ്റിയ ഒരു പിഴവാണ് കഷ്ടം! നാൽപ്പത് ദിവസമെങ്കിലും അദ്ദേഹം എന്റെ കൂടെ താമസിച്ചുവെങ്കിൽ നവവും വിശുദ്ധവുമായ വിവരങ്ങൾ അദ്ദേഹം നേടിയിരിക്കുമായിരുന്നു. ഇനി നാം തമ്മിൽ മറു ലോകത്ത് വെച്ചായിരിക്കും കണ്ടുമുട്ടക. നേരിട്ട് കൂടി കാഴ്ച്ച ലഭില്ലെന്നതും കഷ്ടം തന്നെ. സയ്യിദ് സാഹിബ് ഈ വിജ്ഞാപനം ശ്രദ്ധാപൂർവം പരായണം ചെയ്യട്ടെ എന്തെന്നാൽ ഇനി കൂടിക്കാഴ്ച്ചക്ക് പകരമായി ഈ വിജ്ഞാപനം മാത്രമാണുള്ളത്. (വിജ്ഞാപനം 123 99, തദ്ക്കിറ, ഒന്നാം പതിപ്പ് ഭാ, 288)

എന്നാൽ നമസ്ക്കാരം, നോമ്പ് മുതലായ നിർബന്ധകാര്യങ്ങൾ പോലും ഉപേക്ഷിച്ച് കഴിയുന്ന സർ സയ്യിദിന് ആ സ്വർഗീയ വിളിക്ക് ഉത്തരം നൽകാനുള്ള ഭാഗ്യം സിദ്ധിച്ചില്ല. അദ്ദേഹം കൃത്യം ഒരു കൊല്ലം കഴിഞ്ഞ് 1898 മാർച്ച് 28-ാം തീയതി ചരമമടഞ്ഞു.


Humanity First



Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

# മുസ്തഫാ കമാൽ പാഷ ഇസ്‌ലാമിനെതിരെ ആഞ്ഞടിക്കുന്നു

പാശ്ചാത്യ ഭ്രമക്കാരനായ കമാൽ പാഷ ഇസ്‌ലാമിക ചിഹ്നങ്ങൾ തുർക്കിയിൽ നിന്ന് തുടച്ചുനീക്കാൻ ആവുന്നതും ശ്രമിച്ചു. അതോടൊപ്പം ഹംഫർ എന്ന ബ്രിട്ടീഷ് ചാരനും തുർക്കി സാമ്രാജ്യത്തെയും ഇസ്‌ലാമിനെയും നശിപ്പിക്കാൻ ശ്രമങ്ങൾ നടത്തി.

എ. ക്യു മഹ്ദി

**1923** ൽ തുർക്കി ഒരു റിപ്പബ്ലിക്ക് ആയ ഉടൻ കമാൽ പാഷ ആദ്യം ചെയ്തത് ഉന്നതനായ പണ്ഡിതനും സൂഫി വര്യനുമായിരുന്ന സഈദ് നൂർസിയെ ഇസ്‌ലാമിക വിപ്ലവം ഭയന്ന് ജയിലടക്കുകയായിരുന്നു. തുടർന്ന് അഞ്ചു വർഷം കൊണ്ട് ഒട്ടേറെ കിരാത നിയമങ്ങൾ കൊണ്ടു വരപ്പെട്ടു.

1928 ൽ അറബി ലിപി ഉപയോഗിച്ചെഴുതിയിരുന്ന തുർക്കി ഭാഷ കമാൽ പാഷ ലാറ്റിൻ ഭാഷയിലാക്കി. വിശുദ്ധ ഖുർആൻ പോലും അയാൾ ലാറ്റിൻ ഭാഷയിലെഴുതിച്ചു. അറബി അക്ഷരാഭ്യാസം, അറബികളുമായുള്ള ബന്ധം, ഹജ്ജ് തീർഥാടനം ഒക്കെ തുർക്കിയിൽ നിരോധിക്കപ്പെട്ടു പരിശുദ്ധ ഖുർആൻ ഉൾപ്പെടെ ധാരാളം അറബി ഗ്രന്ഥങ്ങളും നശിപ്പിക്കപ്പെട്ടു, ഒട്ടേറെ പള്ളികളും മദ്രസകളും അടച്ചു പൂട്ടി. ലഹരി പദാർഥങ്ങൾ ഉദാരവത്ക്കരിച്ചു. പർദ, മക്കന, തലപ്പാവ്, തൊപ്പി , സൽവാർ കമ്മീസ്, ജുബ്ബ തുടങ്ങി ഇസ്‌ലാമിക വസ്ത്രങ്ങ:ളും മുസ്‌ലിം ചിഹ്നങ്ങളും നിരോധിച്ചു. പുരുഷന്മാർ പാശ്ചാത്യ രീതിയിൽ പാന്റും കോട്ടും ധരിക്കാൻ നിയമമുണ്ടാക്കി. പ്രായമായ സ്ത്രീകളെ പോലും ഇറക്കം കുറഞ്ഞ മിഡിയും ടോപ്പും ധരിക്കാൻ നിർബന്ധിച്ചു. എതിർത്തവരെ മുഴുവൻ അധികാരികൾ അറസ്റ്റ് ചെയ്തു. ഇതിനെതിരെ ശക്തമായ പ്രതിഷേധത്തിനൊരുങ്ങിയവരെയൊക്കെ കൊന്നൊടുക്കി.1935 ലെ ഒരു വിജ്ഞാപന പ്രകാരം ആഴ്ച യിലെ ഒഴിവ് ദിവസം ഞായറാഴ്ചയിൽ നിന്നും വെള്ളിയാഴ്ചയാക്കി മാറ്റി. സർക്കാർ ഉദ്യോഗസ്ഥർ പള്ളിയിൽ പോകുന്നത് സർക്കാർ വിലക്കി. അനഭിമതമായ ഈ സമൂലമാറ്റത്തിനിടയിൽ ബാങ്ക് വിളി പോലും തുർക്കിയിലാക്കി. എന്നാൽ ഇതിൽ കഠിനമായി പ്രതിഷേധിച്ച തുർക്കികളുടെ വികാരം മാനിച്ച് ബാങ്ക് മാത്രം അറബിയിൽ തുടരാൻ അനുവദിച്ചു. മദ്രസകൾക്ക് പുതിയ പാഠ്യപദ്ധതി നടപ്പാക്കി. ഇളം തലമുറയെ പോലും ഇസ്‌ലാമിക നടപടിയിൽ നിന്നും അകറ്റാനായിരുന്നു നിന്ദ്യമായ ഈ നടപടികൾ കമാൽ പാഷ കൈക്കൊണ്ടത്.

ദുർവൃത്തനായ ഭർത്താവുമായി പിണങ്ങിയ കമാലിന്റെ ഭാര്യലത്തീഫാഹാനം ബന്ധം വേർപ്പെടുത്തിയെങ്കിലും അയാൾ പിന്നീട് വിവാഹം കഴിച്ചില്ല. സന്താനങ്ങളില്ലാത്ത കമാൽ യഥേഷ്ടം കുടിച്ചു മദിച്ചു ജീവിച്ചു. സങ്കൽപ്പത്തിനും അതീതമായ ദുർവൃത്ത ജീവിതമായിരുന്നു അയാൾ നയിച്ചത്.

കമാലിന്റെ പേഴ്സണൽ അസിസ്റ്റന്റായിരുന്ന ഇസ്മത്ത് ഈനോൻ മുസ്‌ലിംകൾക്കെതിരെ നടത്തിയ ക്രൂരതകൾക്ക് സമാനതകളില്ല. ഈ മനുഷ്യന്റെ കുതന്ത്രങ്ങളാണ് കമാലിന്റെ പല ദുഷ്ചെയ്തികൾക്കും കാരണമെന്ന് കരുതപ്പെടുന്നു ഒടുവിൽ ഇസ്മത്ത് അന്ത്യം വരിച്ചത് വളരെ യാതന അനുഭവിച്ചാണെന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു.

മരണ ശയ്യയിലായിരുന്നപ്പോൾ കമാൽ തുർക്കിയിലെ ബ്രിട്ടീഷ് പ്രതിനിധി ബർസിലോറിനെ വിളിച്ച് ഒരു സ്വകാര്യം പറഞ്ഞു. ആ രഹസ്യ സംഭാഷണം ബ്രിട്ടീഷ് പ്രതിനിധി തന്റെ ഒരു സുഹൃത്തിനയച്ച കത്തിലൂടെ 1970 ൽ പുറത്തുവന്നു. ബർസിലോറിന്റെ ഭാഷ്യം ഇതാ, 'ഞാൻ മുസ്തഫാ കമാലിന്റെ ക്ഷണം സ്വീകരിച്ച് കൊട്ടാരത്തിലെത്തി. എന്നെ കണ്ട ഉടൻ അവിടെയുണ്ടായിരുന്ന ഡോക്ടറെയും പരിചാരകരെയും അദ്ദേഹം പുറത്താക്കി. കമാൽ എന്നോട് പറഞ്ഞു. താങ്കൾ എനിക്ക് ശേഷം തുർക്കിയുടെ പ്രസിഡന്റ് സ്ഥാനം ഏൽക്കണം. പാശ്ചാത്യ സംസ്ക്കാരവും ഭരണ സംസ്കാരവും ഇവിടെ നിലനിർത്താൻ അത് കൂടിയേ കഴിയൂ.

ആ ബ്രിട്ടീഷ്കാരൻ കമാലിന്റെ ഈ ഓഫർ നിരസിച്ചുവത്രേ, ഈ വാർത്ത

പുറത്ത് വന്നതോടെ കമാലിന് തുർക്കികൾ ഒരു സ്ഥാന പേരു കൂടി നൽകി 'സ്വരാഷ്ട്ര വഞ്ചകൻ'

1938 നവംബർ 10ന് 57-ാമത്തെ വയസ്സിൽ ഒരു കുപ്പി അൾസർഖ് എന്ന മുന്തിയ മദ്യം നുണഞ്ഞു കൊണ്ട് കമാൽ അന്ത്യശ്വാസം വലിച്ചു. അതോടെ തുർക്കിയുടെ മുകളിൽ ഇരുൾ പടർത്തിയിരുന്ന കാർമേഘം മെല്ലെ നീങ്ങി. വെളിച്ചം പരക്കാൻ തുടങ്ങി. ഇസ്ലാമിക ചരിത്രത്തിൽ യസീദിന് ശേഷം കറുത്ത അദ്ധ്യായം രചിച്ച മുസ്തഫാ കമാൽ പാഷയുടെ പേരിൽ അയാളുടെ ദുഷ്ചെയ്തികളെ ഓർമിപ്പിക്കാൻ വേണ്ടി ഇസ്താംബൂളിൽ ഒരു മ്യൂസിയം പോലുമുണ്ട്. ജനറൽ ആയ ശേഷം കമാൽ പാഷ ഉപയോഗിച്ച നിരവധി നിത്യോപയോഗ വസ്തുക്കളും, അമൂല്യ രത്നങ്ങൾ പതിച്ച ഒത്തിരി സ്വർണ വെള്ളി ആഭരണങ്ങളും എന്തിന് ആ മനുഷ്യന്റെ തലമുടിയും താടി രോമങ്ങളും വരെ അയാളുടെ ക്രൂരതയുടെയും അനാശാസ്യ ജീവിതത്തിന്റെയും ബാക്കി പത്രങ്ങളായി ഈ മ്യൂസിയത്തിൽ സുക്ഷിച്ചിച്ചിട്ടുണ്ട്.

അക്കാലത്തെ ലോക രാഷ്ട്ര നേതാക്കളുമൊത്ത് എടുത്ത കമാലിന്റെ നിരവധി ഫോട്ടോകളിൽ ഒറ്റമുണ്ടുടുത്ത് തോളിലൊരു ഷാൾ ചുറ്റി വടിയും കുത്തി പിടിച്ച് നിൽക്കുന്ന വൃദ്ധനായ ഒരു മനുഷ്യനൊടൊപ്പമുള്ള ചിത്രവുമുണ്ട്, അത് മറ്റാരുമല്ല നമ്മുടെ രാഷ്ട്ര പിതാവ് ഗാന്ധിജിയാണ്.

കുപ്രസിദ്ധ ബ്രിട്ടീഷ് ചാരൻ ഹംഫറുടെ ഓർമക്കുറിപ്പുകൾ 'കൺഫഷൻ ഓഫ് ബ്രിട്ടീഷ് സ്പൈ' ഒരു ബ്രിട്ടീഷ് ചാരന്റെ കുമ്പസാരം എന്ന പേരിൽ രണ്ടാം ലോക മഹായുദ്ധകാലത്ത് ജർമൻ അധികൃതർക്കു ലഭിച്ചു 'സ്പീഗിൾ' എന്ന ജർമൻ പത്രത്തിലൂടെ ഇത് വെളിച്ചം കാണുകയും ചെയ്തു. ഇതിന് ഇംഗ്ലീഷ്, ഉറുദു തർജമ ഉണ്ടായിട്ടുണ്ട്. മലയാളത്തിലേക്കും ആ ഡയറിക്കുറിപ്പ് മൊഴി മാറ്റം നടത്തിയിട്ടുണ്ട്.

ഹംഫർ എഴുതുന്നു: ഇംഗ്ലീഷ് കോളനികൾക്കുള്ള മന്ത്രാലയം ഒരോ രാഷട്രങ്ങളിലേക്കുള്ള പരിശീലനം ലഭിച്ച ചാരന്മാരെ നിയോഗിച്ചിരുന്നു. അങ്ങനെ ഞാൻ കിഴക്കൻ നാടുകളിലേക്ക് അയക്കപ്പെട്ടു. മുമ്പ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ പ്രവർത്തിച്ചു പരിചയമുള്ളതിനാൽ ഉന്നത പദവിയിലാണ് എന്നെ നിയമിച്ചത്. ഞാൻ മുമ്പ് പ്രവർത്തിച്ചിരുന്ന ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കച്ചവട കാര്യങ്ങൾക്കായിട്ടല്ല അന്ന് ഇന്ത്യയിൽ വന്നതും പ്രവർത്തിച്ചതും ഉന്നത നിലയിലുള്ള ചാര പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ഇന്ത്യയിലെ ബ്രിട്ടീഷ് സ്വാധീനം ഉറപ്പിക്കാനുമായിരുന്നു.

ഇന്ത്യയിലെ ഭാഷകളുടെ വ്യത്യസ്തത, മത ഭിന്നതകൾ, ജാതി വ്യവസ്ഥകൾ നാട്ടു രാജ്യങ്ങൾ തമ്മിലുള്ള കുടിപ്പക, ദാരിദ്ര്യം, രോഗം പരസ്പരമുള്ള അനൈക്യങ്ങൾ, അറിവില്ലായ്മ ഒക്കെ മുതലെടുത്ത് കാര്യങ്ങൾ നേടണമെന്ന നിർദേശം എന്നെ പോലെയുള്ള ഈസ്റ്റ് ഇന്ത്യാ കമ്പനി ഉദ്യോഗസ്ഥന്മാർക്ക് അന്ന് ലണ്ടനിൽ നിന്നും കിട്ടിയിരുന്നു. ഹംഫർ തന്റെ ഡയറിക്കുറിപ്പുകൾ തുടരുന്നു...

ഉസ്മാനിയാ സാമ്രാജ്യവും ബ്രിട്ടീഷ് നേതൃത്വവും ഇതിനകം ഒട്ടേറെ കരാറുകൾ ഒപ്പുവെച്ചിരുന്നു. ഒരു നൂറ്റാണ്ടിനുള്ളിൽ ഛിന്നഭിന്നമാകുമെന്നാണ് അധിനിവേശ സർക്കാറിന്റെ പ്രതീക്ഷ. ഇറാനികളുമായും ചില കരാറുകളിൽ ഒപ്പുവെക്കപ്പെട്ടിരുന്നു. മുസ്ലിം രാജ്യങ്ങളിൽ ചാര പ്രവർത്തനം കർമനിരതമായി അങ്ങേറിക്കൊണ്ടിരുന്നു. ഉസ്മാനിയാ സാമ്രാജ്യത്തിലും ഇറാനിലും രാജക്കന്മാർക്ക് ആഡംഭര വസ്തുക്കളും കാഴ്ച്ചദ്രവ്യങ്ങളും സമ്മാനമായി നൽകികൊണ്ട് ഭരണ കർത്താക്കൾ കൈക്കൂലിയും അഴിമതിയും വളർത്തിയും ലക്ഷ്യത്തിൽ വളരെ വിജയം കണ്ടെത്താൻ സാധിച്ചു. ഉസ്മാനിയാ സാമ്രാജ്യത്തിന് ചാരക്കണ്ണുകളെ നിരീക്ഷിക്കാനോ ഞങ്ങളെ തടയാനോ ഒന്നും കഴിഞ്ഞിരുന്നില്ല. അത്രകണ്ട് ദുർബലമായിരുന്നു അതിന്റെ ഘടന.

ഹംഫർ പറയുന്നു: രേഖകളിലെല്ലാം എന്റെ പേര് മുഹമ്മദ് എന്നാക്കിയശേഷം ഒരു വലിയ സാഹസിക യാത്ര നടത്തി ഉസ്മാനിയാ ആസ്ഥാനത്ത് ഞാൻ കപ്പലിറങ്ങി. ആവശ്യം പോലെ പണവും എന്നെ ഏൽപ്പിച്ചിരുന്നു.

ഇസ്താംബൂളിൽ ശെയ്ഖ് അഫന്തി എന്ന പ്രായാധിക്യം ചെന്ന വലിയ ഒരു പണ്ഡിതനെ ഞാൻ കണ്ടു മുട്ടി. അദ്ദേഹത്തോട് വലിയ ഒരു സ്വത്തിന്റെ അവകാശിയായ ഞാൻ എന്റെ മാതാപിതക്കളുടെ ഏക മകനാണ് എനിക്ക് ജോലി ചെയ്ത് ജീവിക്കാനാണ് മോഹം ഒപ്പം അറബി ഭാഷയും ഖുർആനും പഠിക്കണം അതിനാണ് ഞാൻ ഇസ്താംബൂളിൽ വന്നത് ... എന്ന് പറഞ്ഞപ്പോൾ അദ്ദേഹം എന്നെ ആശീർവദിക്കുകയും ആത്മാർഥമായി സഹായിക്കാൻ തയ്യാറാവുകയും ചെയ്തു. ഒരു മകനെയെന്ന പോലെ അദ്ദേഹം എന്നെ സ്നേഹിച്ചു. ഫാത്തിഹാ സൂറ: മുതൽ ഖുർ ആൻ അർഥം വരെ ഞാൻ പഠിച്ചു തുടങ്ങി. രണ്ട് വർഷം കൊണ്ട് ഞാൻ അറബി ടർക്കി ഭാഷാ പഠവും ഖുർആൻ പഠനവും പൂർത്തിയാക്കി. നാട്ടി ലേക്ക് മടങ്ങിപോവാൻ സമ്മതം തേടിയപ്പോൾ അദ്ദേഹം എന്നെ വിടാൻ തയ്യാറില്ലായിരുന്നു. ബ്രിട്ടീഷുകാര നായ ഒരു ക്രിസ്ത്യൻ യുവാവ് ഇസ്ലാം മതത്തിൽ തൽപരനായി തുർക്കിയിൽ വന്നപ്പോൾ അയാളെ കൈവെടിയാൻ മത സ്നേഹിയായ ആ വൃദ്ധ പണ്ഡിതന് കഴിയുമായിരുന്നില്ല. സ്വമനസ്സാലെ തന്റെ മകളെ വിവാഹം ചെയ്ത് തരാൻ പോലും അദ്ദേഹം തയ്യാറായി. നല്ലവനായ ആ സാധു മനുഷ്യനുണ്ടോ അറിയുന്നു തുർക്കി സാമ്രാജ്യത്തെയും ഇസ്ലാമിനെയും നശിപ്പിക്കാനിറങ്ങിയ ചാരനാണ് ഞാനെന്ന്. എങ്ങനെയെങ്കിലും ഒരു വിധം ഞാൻ ഒഴിഞ്ഞു മാറി. ലണ്ടനിലേക്ക് മടങ്ങിയെത്താൻ എനിക്ക് തിടുക്കമുണ്ടായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിന് വേണ്ടി എന്നിലർപ്പിതമായ ഭാരിച്ച ഉത്തരവാദിത്വത്തെക്കുറിച്ച് ഞാൻ ബോധവാനായിരുന്നു. തുർക്കി സന്ദർശനത്തിന്റെയും ഇവിടെ ഞാൻ നടത്തിയ ചാരപ്പണിയുടെയും റിപ്പോർട്ട് ഉടൻ തന്നെ ലണ്ടനിലേക്കെത്തിക്കേണ്ടതുണ്ടായിരുന്നു. ഒപ്പം പുതിയ പദ്ധതികളും ആസൂത്രണം ചെയ്യേണ്ടി യിരുന്നു. കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തന രേഖകൾ അപ്പപ്പോൾ ഞാൻ ലണ്ടനിലെത്തിച്ചിട്ടുണ്ടായിരുന്നു.

ശെയ്ഖ് അഹ്മദ് അഫന്തിയോട് ഞാൻ യാത്രചോദിച്ചു. വേദനയോടെ നിറകണ്ണുകളോടെ എനിക്ക് വേണ്ടി പ്രാർഥിച്ചു കൊണ്ടാണ് അദ്ദേഹം എന്നെ യാത്രയാക്കിയത്. ഒരു വിദേശ ചാരനായിട്ടും അതറിയാ തെ ആവൃദ്ധൻ എന്നോട് കാട്ടിയ സ്നേഹ വായ്പ്പും സഹകരണവും എന്നെ വല്ലാതെ സ്വാധീനിക്കുകയുണ്ടായി. പാവം അദ്ദേഹം അറിയുന്നില്ല താൻ ഇത്ര കാലം സ്നേഹിച്ചു സംരക്ഷിച്ച മനു ഷ്യൻ തന്റെ രാജ്യത്തിനെതിരെ പ്രവർത്തിക്കുന്ന ഒരു രാജ്യദ്രോഹിയാണെന്ന്.

പാടില്ല, ഇവിടെ വികാര ഭാവത്തിനോ മനസ്സലിവിനോ സാദ്ധ്യതയുണ്ടാവാൻ പാടില്ല. അത്തരമൊരു പ്രധാന ദൗത്യമാണ്

ബ്രിട്ടീഷ് സാമ്രാജ്യം എന്നെ ഏൽപ്പിച്ചത്.

തുർക്കിയിൽ നിന്നും ഇറാഖിലേക്കാണ് പിന്നീട് ഞാൻ നിയോഗിക്കപ്പെട്ടത്. എനിക്ക് അവിടെ പ്രവർത്തിക്കാനുള്ള മാർഗനിർദേശങ്ങൾ നൽകപ്പെട്ടു. മുസ്ലിം രാജ്യങ്ങളിൽ ശിഥില ഭാവമുണ്ടാക്കാൻ ആവശ്യമായ പല പദ്ധതികളും ബ്രിട്ടനിൽ നിന്നും യഥാസമയം എനിക്ക് ലഭിച്ചു കൊണ്ടിരുന്നു

മുസ്ലിംകളിൽ ദൈവികവും മതപരവുമായ ചിന്തകൾ സ്വാധീനം ചെലുത്താതിരിക്കാനും ഉള്ളവ എങ്ങനെയെങ്കിലും നഷ്ടപ്രായമാക്കാനും അവരെ നഗരങ്ങളിൽ തളച്ചിടാനുമായിരുന്നു ഒരു പദ്ധതി. ഒപ്പം ഗ്രന്ഥശാലകൾ വൈജ്ഞാനിക മേഖലകൾ എന്നിവ നശിപ്പിക്കുക, രോഗം വന്നാൽ ചികിത്സിക്കേണ്ട എന്ന് പഠിപ്പിക്കുക നഗരങ്ങളിൽ അരാജകത്വം വളർത്താനാവശ്യമായ കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുക. ഇങ്ങനെ പല പദ്ധതികളും ഞാൻ നടപ്പാക്കേണ്ടതുണ്ടായിരുന്നു. 'അവൻ എനിക്ക് ഭക്ഷണവും ദാഹശമനത്തിന് വെള്ളവും തരുന്നു. രോഗം പിടിപെട്ടാൽ അവൻ സുഖപ്പെടുത്തുന്നു' എന്നത് പോലുള്ള ഖുർആൻ സൂക്തങ്ങളുടെ വ്യാഖ്യാനങ്ങളും പ്രചരിപ്പി ച്ചു കൊണ്ട് അദ്ധ്വാനിക്കേണ്ട ചികിത്സിക്കേണ്ട എന്ന് പറഞ്ഞു പരത്തുക. വിവിധ പ്രദേശങ്ങളിൽ കലാപങ്ങൾക്ക് വഴിമരുന്നിടുക എന്നിവയും ഒരു ചാരനെന്ന നിലയിൽ എന്റെ ചുമതലയിൽ പെട്ടിരുന്നു.

കാർഷിക മേഖല നശിപ്പിക്കുക, ചരക്കുകപ്പലുകൾ മുക്കിക്കളയുക, വ്യവസായ ശാലകൾ തീവെച്ച് നശിപ്പിക്കുക, യുവാക്കളെയും ഭരണക്കാരെയും ലഹരിക്ക് അടിമകളാക്കുക തുടങ്ങി സ്ത്രീ സ്വാതന്ത്ര്യ വാദം ഇളക്കിവിടുക, പലിശ സമ്പ്രദായം വ്യാപിപ്പിക്കുക, പണ്ഡിതന്മാരോട് പൊതുജനത്തിന്റെ ബഹുമാനം ഇല്ലാതാക്കുക എന്നത് വരെ ഞങ്ങളുടെ പ്രവർത്തനത്തിലുൾപ്പെട്ടിരുന്നു. ഒരു ചാരൻ എന്നതിൽ കവിഞ്ഞ് ഒരു തീവ്രവാദിയുടെ റോൾ കൂടി വഹിക്കേണ്ട ഒരു ഭാരിച്ച ഉത്തരവാദിത്വമാണ് ബ്രിട്ടീഷ് മേധാവികൾ ഞങ്ങളെ ഏൽപ്പിച്ചത്.

തുർക്കിയിലെ അധിനിവേശ സർക്കാരുദ്യോഗസ്ഥരിൽ ചിലർ മുസ്ലിം പണ്ഡിത വേഷം ധരിച്ച് അദ്ധ്യാപക ജോലി ഏറ്റെടുക്കുക, ജിഹാദീ ചിന്തയെ ദുർബലമാക്കുക, പള്ളികളും ആരാധനാലയങ്ങളും വ്യാപകമാകുന്നത് തടയുക എന്നിവയും ചെയ്തു പോന്നിരുന്നു.

യുവാക്കളിൽ അനുസരണ ശീലവും അച്ചടക്കവും ഇല്ലാതാക്കാൻ ഞങ്ങളെ പോലെയുള്ള ചാരന്മാർക്ക് കഴിഞ്ഞിരുന്നു. സുഖലോലുപതയിലും ലൈംഗിക ചിന്തയിലും യുവജനങ്ങളെ തളച്ചിടുന്ന വിഷയത്തിലും ശ്രദ്ധ ചെലുത്തിയിരുന്നു. അതിനായി സുന്ദരികളായ ക്രിസ്ത്യൻ പെൺകുട്ടികളെ തുർക്കി ഉദ്യോഗസ്ഥന്മാർക്ക് കാഴ്ച്ച വെച്ചിരുന്നു.

ഹംഫർ തുടർന്നു പറയുന്നു: അധിനിവേശ കാര്യങ്ങൾക്കായുള്ള വകുപ്പിന്റെ സെക്രട്ടറി ഒരിക്കൽ എന്നെ സ്വകാര്യമായി ഉണർത്തി 'ചില പ്രധാന കാര്യങ്ങൾ നിങ്ങൾക്കിനിയും ചെയ്യാനുണ്ട്. അര ലക്ഷത്തോളം യുവാക്കളെ നാമിതിനായി മുസ്ലിം സാമ്രാജ്യങ്ങളിൽ നിയോഗിച്ചിട്ടുണ്ട്. ഇസ്ലാം നശിക്കുന്നത് വരെ നാം ഈ മഹത്തായ കർമം തുടരണം. ക്ഷമയോടെ നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിച്ചാൽ തീർച്ചയായും നമുക്കതിന് കഴിയും. മുസ്ലിംകളെ നശിപ്പിക്കൽ പ്രയാസരഹിതമായി തീരും'

ഹംഫറുടെ വാക്കുകൾ തൽക്കാലം ഇവിടെ അവസാനിപ്പിക്കുന്നു. ബ്രിട്ടീഷ്കാരുടെ ഇസ്ലാമിനെ ഹനിക്കൽ തിയറിയുടെ ഭാഗമായി ഖുർആൻ വികലമാക്കാനുള്ള ഒരു ശ്രമം നടന്നു. ഒരു ദൈവിക ഗ്രന്ഥത്തിന്റെ അനശ്വരതയെ പറ്റി ലോകത്ത് ആർക്കും സംശയമുണ്ടാവില്ല. അതിന്റെ സ്വച്ഛതയും സംരക്ഷണവും സർവശക്തനായ അല്ലാഹുവാണ് ഏറ്റെടുത്തിരിക്കുന്നത്. എങ്കിലും ഓറിയന്റലിസം എന്ന ഇസ്ലാമിനെ വികലമാക്കാൻ ലക്ഷ്യം വെച്ചുള്ള പശ്ചാത്യരുടെ സാഹിത്യ ശ്രമങ്ങൾ ഇസ്ലാമിനോട് പുച്ഛം തോന്നിക്കുന്ന വിധം വികലമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. ഇതായിരുന്നു ക്രിസ്തീയ പണ്ഡിതന്മാർ അവസാനം കണ്ട വഴി. അവരുടെ ഒരു ഗൂഢ സംഘമായിരുന്നു ഈ കുൽസിത ശ്രമങ്ങൾക്ക് ചുക്കാൻ പിടിച്ചത്.

അറബിയി ലും ഇതര ഭാഷകളിലും മലയാളത്തിൽ പോലും അവർ രൂപം കൊടുത്ത വ്യാജ ഗ്രന്ഥങ്ങൾ സത്യ വേഷം ധരിച്ച് പ്രചാരപ്പെട്ടിട്ടുണ്ട്. അതിലൊന്നാണ് മലയാളത്തിലെ പ്രസിദ്ധമായ ഖസസുൽ അംബിയാഅ്. 4 വാല്യങ്ങളുള്ള ഈ ഗ്രന്ഥം ഇപ്രകാരം പ്രതിലോമ കക്ഷികളുടെ കുടിലതന്ത്രങ്ങൾക്ക് വിധേയമായി വികലമാക്കപ്പെട്ട് പുറത്തുവന്ന ഗ്രന്ഥമാണെന്ന് നിർഭാഗ്യവശാൽ പലരും മനസ്സിലാക്കിയിട്ടില്ല എന്നത് വളരെ ഖേദകരമാണ്. എത്രയോ വീടുകളിലും ലൈബ്രറികളിലും ബുക്ക്സ്റ്റാളുകളിലും ഇത് ഇന്ന് ഉണ്ടാകും. ഇതിലെ ഓരോ പേജുകളും വായിക്കുമ്പോഴും ഇസ്ലാം കൂടുതൽ കൂടുതൽ തെറ്റിദ്ധരിക്കപ്പെടുന്നു.

വികലമാക്കപ്പെട്ട ഗ്രന്ഥനിർമിതിക്ക് വേണ്ടി അറബി പഠിക്കാൻ എത്രയോ മുമ്പ് തന്നെ ഓറിയന്റലിസ്റ്റുകൾ അറബി പഠിച്ചു തുടങ്ങിയിട്ടുണ്ട്. 1779 ൽ ഇംഗ്ലണ്ടിലും 1799 ൽ ഫ്രാൻസിലും ഓറിയന്റലിസം സ്വാധീനം നേടി. 18-ാം നൂറ്റാണ്ടിൽ ധാരാളം അറബി ഗ്രന്ഥങ്ങൾ വിലക്ക് വാങ്ങിയും കൊള്ള ചെയ്തും അവർ സ്വന്തമാക്കി. യൂറോപ്പിൽ അക്കാലത്ത് ഏഷ്യൻ മാഗസിൻ എന്ന ഒരു പ്രസിദ്ധീകരണം പോലും അവർ ആരംഭിച്ചു. തങ്ങളുടെ ആശയ പ്രചാരണത്തിനായി അവർ അസത്യം കുത്തിത്തിരുകിയ ഗ്രന്ഥ രചനകളിലൂടെ കുരിശു യുദ്ധം അനുസ്യൂതം തുടർന്നു.


18-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഓറിയന്റലിസം പല ഗ്രൂപ്പുകളായി. ഒരു വിഭാഗം ഇസ്ലാമിനെ കരിതേച്ച് മുന്നേറി. അതിന്റെ പതാക വാഹകനായിരുന്നു മർഗോളിയാത്ത് എന്ന പാതിരി. വികലമാക്കിയ ഇസ്ലാമിക തത്ത്വങ്ങളിലെ വൈകൃതം പെട്ടെന്നാർക്കും കണ്ടെത്തുക സാധ്യമായിരുന്നില്ല. അത്രകണ്ട് കുടിലവും കൗശല പൂർണവുമായ സാമർഥ്യമാണ് അദ്ദേഹം അതിൽ കാട്ടിയത്. ഇതിന് ഏറ്റവും നല്ല ഉദാഹരണം ഖസസുൽ അംബിയാഅ് തന്നെ.

ഓറിയന്റലിസ്റ്റുകളിൽ രണ്ടാമത്തെ വിഭാഗമാകട്ടെ കെട്ടുകഥകൾ ഉപയോഗപ്പെടുത്തി ഇസ്ലാമിക സാഹിത്യത്തിൽ വ്യാജം കലർത്താനാണ് ശ്രമം നടത്തിയത്. അവരുടെ വികല സൃഷ്ടിയുടെ താളുകൾക്കിടയിൽ വിശ്വാസയോഗ്യവും അല്ലാത്തവയും ഇടകലർത്തി കാണാം. ഇങ്ങിനെ ഗൂഢമയ ഒരു കുടില തന്ത്രമാണ് ബ്രിട്ടീഷ് പാതിരിമാർ അന്നു കൈകൊണ്ടത്. ഇവ വായിക്കുന്നവർക്ക് ഇസ്ലാമിക തത്ത്വങ്ങൾ അപ്പാടെ അവാസ്തവവും അപ്രായോഗികവും വികലവുംമാണെന്ന ധാരണയാണുണ്ടാവുക. ഇനി മൂന്നാമത്തെ വിഭാഗമാകട്ടെ ഇസ്ലാമിനെ സത്യസന്ധമായി ചിത്രീകരിച്ചവരാണ്. ഇവരിൽ വളരെ പ്രസിദ്ധൻ എഡ്വേർഡ് ഗിബ്ബണാണ്. ചരിത്രകാരനായിരുന്ന അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ വായിച്ചും പഠിച്ചും നിരവധി പേർ ഇസ്ലാം മതം സ്വീകരിച്ചിട്ടുണ്ട്(തുടരും)


# ഖലീഫത്തുൽ മസീഹിന്റെ സന്ദേശം നെഹ്റുവിനെത്തിച്ച വനിതാ പത്രപ്രവർത്തക



ഹ: മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)



ജവഹർലാൽ നെഹ്റു



മുഹമ്മദലി ജിന്ന

ഇന്ത്യൻ സ്വാതന്ത്ര്യ സമര കാലത്ത് രണ്ട് രാഷ്ട്രങ്ങൾ ജന്മം കൊണ്ട പ്രക്ഷുബ്ധമായ രാഷ്ട്രീയ സാഹചര്യത്തിൽ ഡൽഹിയിൽ പ്രവർത്തിക്കുകയും 'ദസ്തകരി'എന്ന വാരികയുടെ എഡിറ്ററു മായിരുന്നു പ്രശസ്തയായ ഒരു അഹ്മദി പത്രപ്രവർത്തകയായിരുന്ന ബീഗം ശാഫി അഹ്മദ് സാഹിബ. പർദധരിച്ച് കൊണ്ട് പത്രപ്രവർത്തനം നടത്തിയ ബീഗം സാഹിബ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർ ലാൽ നെഹ്റുവുമായും പാക്കിസ്താൻ സ്ഥാപക പ്രസിഡന്റായിരുന്ന മുഹമ്മദലി ജിന്ന സാഹിബുമായും ഒരു പോലെ തുല്ല്യനിലയിൽ സ്വാധീനമുള്ള അപൂർവം പത്രപ്രവർത്ത കരിലൊരാളായിരുന്നു.മുഹമ്മദലി ജിന്ന മുസ്ലിം പത്രപ്രവർത്തകരുടെ ഒരു കോൺഫറൻസ് വിളിച്ചു ചേർത്തപ്പോൾ തന്റെ തൊട്ടടുത്ത ചെയറിൽ സീറ്റ് നൽകി അവരെ ആദരിക്കുകയുണ്ടായി.

1947 സെപ്റ്റംബറിൽ കലാപങ്ങളുടെ പാരമ്യതയിൽ ഇന്ത്യാ പാകിസ്താൻ അതിർത്തിക്കടുത്തായിരുന്ന ഖാദിയാൻ കലാപ കലുഷിതമാണെന്നും അവിടെ ഉടൻ സമാധാനം സ്ഥാപിക്കണമെന്നുമുള്ള സന്ദേശം നെഹ്റുവിന് നൽകാൻ ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ബീഗം സാഹിബയെയാണ് നിയോഗിച്ചത്. അവർ ആ സന്ദേശവുമായി ഉടനടി പണ്ഡിറ്റ്ജിയു ടെ വസതിയിലേക്ക് കുതിച്ചു. പക്ഷേ സെക്യൂരിറ്റി അവരെ തടഞ്ഞു നിർത്തി, പോകാൻ അനുവദിച്ചില്ല. ഭാഗ്യവശാൽ പണ്ഡിറ്റ്ജി യാദൃച്ഛികമായി പുറത്തേക്ക് വന്നപ്പോൾ ബീഗം സാഹിബയെ കാണുകയുണ്ടായി. ഉടൻ തന്നെ അവരെ അകത്തേക്ക് കയറ്റി വിടാൻ സെക്യൂരിറ്റിയോട് നെഹ്റു ആവശ്യപ്പെടുകയുണ്ടായി. ഖലീഫത്തുൽ മസീഹിന്റെ സന്ദേശം വായിച്ച നെഹ്റു ഖാദിയാനിൽ സമാധാനം സ്ഥാപിക്കാൻ വേണ്ട എല്ലാ നടപടികളും താൻ സ്വീകരിച്ചിട്ടുണ്ടെന്നും ഖാദിയാനിൽ സമാധാനം ഉണ്ടാകുമെന്നും ഉറപ്പ് നൽകി. ഇന്ത്യാ-പാക്ക് അതിർത്തി ക്കടുത്തുള്ള ഖാദിയാനിൽ കലാപം പിന്നീടും തുടരുകയാണുണ്ടായത്. പക്ഷേ അഹ്മദികളും അവരുടെ പള്ളികളും സ്മാരകങ്ങളും സ്വത്തും സമ്പത്തു മെല്ലാം സുരക്ഷിതമായിരുന്നു. പിന്നീട് പാകിസ്താനി ലേക്ക് പോയ ബീഗം സാഹിബ പാകിസ്താനിലെ പത്ര പ്രവർത്തക സംഘത്തോടൊപ്പം 1951 ൽ 'ഗുഡ്‌വിൽ മിഷന്റെ' ഭാഗമായി ഡൽഹി സന്ദർശി ക്കുകയുണ്ടായി. അവരെ ക്കുറിച്ച് 'അമാൻ കി അസ്മത്തൂൻ കൊ സലാം' എന്ന ഒരു പുസ്തകം നസിം സയീദ് സാഹിബ എഴുതിയിട്ടുണ്ട്. The persecution.org

കുറിപ്പുകൾ

# ഇസ്‌ലാമിന്റെ ദിവ്യാദ്ഭുതം

മുസാഫിർ

യൂറോപ്പിൽ ഏറ്റവും കൂടുതൽ തെറ്റിദ്ധരിക്കപ്പെട്ട മതം ഇസ്‌ലാമാണ്. സ്ത്രീകളുടെ ജയിലാണ് ഇസ്‌ലാം എന്നാണ് പ്രചാരണം. ഇസ്‌ലാം വിദ്വേഷവും ഇസ്‌ലാംഭീതിയും (ഇസ്‌ലാമോ ഫോബിയ) ആളികത്തിക്കുന്ന യൂറോപ്യൻ മാധ്യമങ്ങൾ ആവുന്നത്ര ഇസ്‌ലാം വിരോധം ജനങ്ങളിൽ കുത്തിവെക്കുമ്പോഴും മനുഷ്യ ഹൃദയങ്ങളിൽ ഇസ്‌ലാം കാണിക്കുന്ന മാന്ത്രിക പരിവർത്തനം യൂറോപ്പിലെ വിശ്വവിദ്യ പീഠങ്ങളിലെ അക്കാദമിക്ക് പണ്ഡിതന്മാരെ പോലും അമ്പരപ്പിച്ചിരിക്കുകയാണ്. ഇംഗ്ലണ്ടിൽ മാത്രം 50,000 വെളുത്ത ബ്രിട്ടീഷുകാരാണ് വർഷം തോറും ഇസ്‌ലാമിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നത്. അതിൽ ബഹുഭൂരിപക്ഷവും അതായത് മൂന്നിൽ രണ്ട് ഭാഗവും സ്ത്രീകളാണ്. അവരിൽ മിക്കവരും സാധാരണ സ്ത്രീകളല്ല എന്നതാണ് ഏറെ ശ്രദ്ധേയം, ഡോക്ടമാർ, ബാങ്കർമാർ, സോഫ്റ്റ്‌വെയർ എഞ്ചിനിയർമാർ, പത്ര പ്രവർത്തകർ തുടങ്ങി പ്രൊഫഷനൽ രംഗത്തുള്ളവരാണ് അവരിൽ മിക്കവരും. ബ്രീഷീഷ് മുൻ പ്രധാന മന്ത്രി ടോണി ബ്ലയറിന്റെ ഭാര്യാ സഹോദരി ലോറാ ബൂത്ത്, പ്രഗല്ഭ ബ്രിട്ടീഷ് പത്രപ്രവർത്തക ഇവോൺ റിഡ്‌ലി, എം. ടി. വി അവതാരിക ക്രിസ്റ്റാനി ബേക്കർ മുതലായ സ്ത്രീകളെല്ലാം ഇസ്‌ലാം മതം സ്വീകരിച്ചവരിൽ ഉൾപ്പെടും. 2013 മെയ് 24-ാം തീയതിയിലെ 'ദിഹിന്ദു' പത്രത്തിൽ Hasan Suroorഎഴുതിയ Seeking Allah in the Midlands എന്ന ലേഖനത്തിൽ ഇതിനെപറ്റിയുള്ള വിവരണമുണ്ട്.

2001 സെപ്തമ്പർ 11 ന് അമേരിക്കയിലെ ട്രേഡ് സെന്റർ ആക്രമണത്തിന് ശേഷം ഇസ്‌ലാമിനെതിരെ ആഞ്ഞടിച്ചു കൊണ്ട് ക്രിസ്ത്യൻ മത തീവ്രവാദികളും ജൂതലോബിയും അമേരിക്കൻ സാമ്രാജ്യത്വവും ചേർന്ന് പ്രചണ്ഡമായ പ്രചരണമാണ് നടത്തിയത്. ഇസ്‌ലാമിനെ പരിഷ്കൃത യുഗത്തിന് യോജിക്കാത്ത ഒരു പ്രാകൃത മതമായാണ് അവർ ചീത്രീകരിച്ചത് യൂറോപ്യൻ സമൂഹത്തെ ഇത് വമ്പിച്ച തോതിൽ സ്വാധീനിക്കുകയുണ്ടായി. മുസ്‌ലിംകൾക്കെതിരെയും ഇസ്‌ലാമിക ചിഹ്നങ്ങൾക്കെതിരെയും പാശ്ചാത്യ സമൂഹങ്ങളിൽ വെറുപ്പും വിദ്വേഷവുമുണ്ടാക്കാൻ ഈ പ്രചാരണങ്ങൾക്ക് കഴിഞ്ഞു എന്നത് ഒരു സത്യമാണ്. മുസ്‌ലിംകൾ അവരുടെ ജീവനെക്കാൾ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന പ്രവാചക തിരുമേനി(സ)യെ അവഹേളിക്കുന്ന കാർട്ടൂണുകളും ലേഖനങ്ങളും സിനിമകളും പുസ്തകങ്ങളും പ്രസിദ്ധീകരിച്ച് ആത്മ രതിയിൽ മുഴുകിയിരിക്കുന്ന പാശ്ചാത്യ സമൂഹത്തിനെതിരെ ഇസ്‌ലാം മധുരമായി തിരിച്ചടിക്കുകയായിരുന്നു.

പാശ്ചാത്യ ലോകം ഇസ്‌ലാമിനെതിരെ സ്വീകരിച്ച നിഷേധാത്മക നിലപാടാണ് ജനമനസ്സുകളിൽ ഇസ്‌ലാമിനെപറ്റി അറിയാൻ വൻ തോതിൽ കൗതുകം ജനിപ്പിച്ചത്. ഇസ്‌ലാമിനെ നേരിട്ട് അതിന്റെ സ്രോതസ്സിൽ നിന്നും മൂലഗ്രന്ഥങ്ങളിൽ നിന്നും അറിയാനും നിരവധി സൗകര്യങ്ങൾ ഇന്ന് ലഭ്യമാണ്. ഒരു വിധം എല്ലാ ഇസ്‌ലാമിക വിഷയങ്ങളെ സംബന്ധിച്ചും ഇന്റർനെറ്റിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ alislam.org പ്രസിദ്ധീകരിച്ച യുക്തിപരവും പ്രാമാണികവുമായ വിശദീകരണങ്ങൾ. യൂറോപ്പിൽ നിന്നുള്ള ഈ അന്വേഷണങ്ങൾക്ക് ശമനം നൽകിയിട്ടുണ്ട്.

എന്തുകൊണ്ടാണ് ഇസ്‌ലാമിലേക്ക് വെളുത്ത യൂറോപ്യന്മാരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ ഈ കുത്തൊഴുക്കുണ്ടാകുന്നത്? ഇസ്‌ലാമിലേക്കു കടന്നു വരുന്ന ഈ ആളുകൾ എല്ലാം തന്നെ അവരുടെ വ്യക്തിപരമായ പരിശ്രമം കൊണ്ടാണെന്നുള്ളത് വളരെ ശ്രദ്ധേയമാണ്. സങ്കീർണമായ ഒരു ജീവിത ശൈലിയിൽ നിന്നുമുള്ള ഒരു മോചന മാർഗമായാണ് ഇംഗ്ലണ്ടിലെ ഈ മത പരിവർത്തനങ്ങൾ എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. മതങ്ങളുടെ താത്ത്വിക വിശകലനങ്ങളും താരതമ്യവും നടത്തുന്നതിനേക്കാൾ ഇസ്‌ലാമിന്റെ കുടുംബ മൂല്യങ്ങളിലൂന്നിയ സമാധാനപരമായ ജീവിതാദ്ധ്യാപനങ്ങളാണ് അവരെ കൂടുതൽ ഇസ്‌ലാമിലേക്ക് ആകർഷിക്കുന്നത്. മതധാർമിക സംഹിതകളെയെല്ലാം പുച്ഛരിച്ചു തള്ളിയ യൂറോപ്യൻ ജനതയുടെ ആത്മാവ് വരണ്ടു പോയിരിക്കുന്നു. ലക്കും ലഗാനുമില്ലാത്ത അവരുടെ കുത്തഴിഞ്ഞ ജീവിതം സ്നിഗ്ദ സാന്ദ്രമായ സ്ത്രൈണപ്രകൃതിയുടെ സ്വാഭാവികത നശിപ്പിച്ചിരിക്കുന്നു. മാതൃത്വം അനുഭവിക്കുന്ന ത്യാഗ

പൂർണമായ യാതനയുടെയും വേദനയുടെയും നിസ്സ്വാർഥ സ്നേഹത്തിന്റെയും മാഹാത്മ്യം ആസ്വാദനനുഭൂതികളുടെ ലോകത്ത് ജീവിക്കുന്ന അവിടുത്തെ സ്ത്രീകൾക്ക് കൈമോശം വന്നു. സുഖം ലഭിക്കലാണ് നൈതികത എന്ന തത്ത്വം ജീവിത പ്രമാണമാക്കി, പരിധിയില്ലാത്ത വ്യക്തി സ്വാതന്ത്ര്യങ്ങളുടെ ലോകത്ത് ജീവിക്കുന്ന അവരുടെ ക്രമം തെറ്റിയ കൃത്രിമ ജീവിത ശൈലി മനുഷ്യന്റെ ജൈവ പ്രകൃതിയുടെ സ്വാഭാവികത നശിപ്പിച്ചിരിക്കുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിൽ, മതാപിതാക്കന്മാരും കുട്ടികളും തമ്മിൽ, വൃദ്ധന്മാരും മറ്റു കുടുംബാംഗങ്ങളും തമ്മിൽ ഉള്ള ബന്ധങ്ങളെല്ലാം താറുമാറായി. ഈ ശിഥിലബന്ധങ്ങൾ സൃഷ്ടിക്കുന്ന ഹൃദയ വ്യഥയുടെ നീറുന്ന മനസ്സുമായി ജീവിക്കുന്ന ദുഃഖപുത്രിമാരാണ് അവിടുത്തെ മിക്ക സ്ത്രീകളും. പ്രകൃതത്തിലേക്ക് തിരിച്ചു പോവുക (ബേക്ക് റ്റു ബേസിക്ക്) എന്ന മുദ്രാവാക്യം അവർ ഉയർത്തുന്നുവെങ്കിലും ആദ്ധ്യാത്മിക മൂശയിൽ ഈ ജീവിത ശൈലിയുടെ സമൂലമായ പരിവർത്തവും പുനഃസൃഷ്ടിയുമാണ് അവരുടെ വിഹ്വലമായ ആത്മാവ് അന്വേഷിച്ചു കൊണ്ടിരിക്കുന്നത്.

ഇസ്‌ലാം മതത്തെ ഏറ്റവും വികൃതമായി ചിത്രീകരിക്കപ്പെടുകയും ഭീകര മതമായി അതിനെ പരിചയപ്പെടുത്തുകയും മുസ്‌ലിം എന്ന് കേട്ടാൽ വെറുപ്പോടെ മുഖം ചുളിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ നിന്നും അതേ ഇസ്‌ലാം മതം തന്നെ ആളുകൾ ആശ്ലേഷിക്കുന്നു. അതാണ് സ്വച്ഛമായ ദിവ്യസൗന്ദര്യത്തിന്റെ വിസ്മയം. ഇത്ര ഹീനമായി ചീത്രീകരിച്ചിട്ടും എന്തുകൊണ്ട് ഇസ്‌ലാം വൻ തോതിൽ യൂറോപ്യന്മാരെ ആകർഷിക്കുന്നു എന്നത് അക്കാദമിക്ക് പണ്ഡിതന്മാരെ കുഴക്കുന്ന ഒരു സമസ്യയാണ്. ഇങ്ങനെ പരിവർത്തിതരായ 50 സ്ത്രീകളുടെ മതപരിവർത്തനാനുഭവങ്ങൾ കാംബ്രിഡ്ജ് യൂണിവേഴ്സിറ്റി 126 പേജുകളുള്ള പഠന റിപ്പോർട്ടായി 2013 മാർച്ചിൽ Narratives of Coversion to Islam, Female Perspective എന്ന പേരിൽ പ്രസിദ്ധീകരിച്ചത് ഇന്റർനെറ്റിൽ ലഭ്യമാണ്. ഇസ്‌ലാം മതം സ്വീകരിച്ച സ്ത്രീകൾക്ക് അവരുടെ കുടുംബാംഗങ്ങളിൽ നിന്നുമുണ്ടായ തിക്താനുഭവങ്ങൾ റിപ്പോർട്ടിൽ വിവരിക്കുന്നുണ്ട്. മതം മാറിയതിന് ശേഷം ഉടൻ പർദ ധരിക്കുന്നവരും ക്രമേണ പർദ ധരിക്കുന്നവരുമുണ്ട്. പർദ ധരിക്കുമ്പോൾ ബ്രിട്ടീഷ് സമൂഹത്തിൽ നിന്നുമുണ്ടാകുന്ന പ്രതികരണങ്ങളും പ്രശ്നങ്ങളും അതിൽ വിവരിക്കുന്നു, കുടുംബത്തിന്റെ പിന്തുണയില്ലാത്ത അവരുടെ വിവാഹ കാര്യങ്ങളിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, മതപരി വർത്തനത്തിന് ശേഷം അവർ സ്വീകരിച്ച സമൂഹവും അവർ ജനിച്ച് വളർന്ന സമൂഹവും അവരോട് കാണിക്കുന്ന സമീപനങ്ങൾ, മദ്യപാനത്തോടും മദ്യപാന സദസ്സുകളോടും അവർ കാണിക്കുന്ന വിരക്തി, പാരമ്പര്യ മുസ്‌ലിം സമൂഹ ത്തിന്റെ സ്ത്രീവിരുദ്ധ നിലപാടുകളോടും മുല്ലമാരുടെ യഥാസ്ഥിതികത്വത്തോടുമുള്ള അവരുടെ പ്രതികരണങ്ങൾ എന്നിവ അവർ റിപ്പോർട്ടിൽ ചർച്ചചെയ്യുന്നുണ്ട്. സ്വവർഗരതി, ലൈംഗികതയോടുള്ള ഇസ്‌ലാമിക സമീപനങ്ങൾ തുടങ്ങി ആധുനിക ജീവിത രീതികളുടെ ഇസ്‌ലാമികമായ നിലപാടുകൾ എന്താണെന്നും അവർ ആരായുന്നു. ഏതായാലും പ്രബുദ്ധമായ ഒരു സമൂഹത്തിന്റെ സംശയങ്ങൾക്കും അന്വേഷണങ്ങൾക്കും അവർ എത്തിചേർന്ന മുസ്‌ലിം സമൂഹത്തിലെ മുല്ലമാർക്ക് ഉത്തരം നൽകാൻ കഴിയുന്നില്ല എന്ന കാര്യം റിപ്പോർട്ടിൽ വ്യക്തമാണ്. നല്ല ഇംഗ്ലീഷ് ഭാഷയിൽ ആശയ വിനിമയം നടത്താൻ കഴിവുള്ള പണ്ഡിതന്മാരുടെ അഭാവവും അവരുടെ ചർച്ചകളിൽ പരാമർശിക്കുന്നു. മിക്കവർക്കും സൂഫി രീതിയിലുള്ള അഥവാ തസവ്വുഫിന്റെ മാർഗത്തിലുള്ള ആത്മീയ പ്രധാനമായ ഇസ്‌ലാമിനോടണ് ആഭിമുഖ്യം. മുസ്‌ലിം സമൂഹത്തിന്റെ പണ്ഡിത നേതൃത്വത്തോട് അവരുടെ വ്യാഖ്യാനങ്ങളോടും മിക്കവർക്കും വിയോജിപ്പുണ്ട്. കുടുംബ മൂല്യങ്ങളെ സംബന്ധിച്ച ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളും യൂറോപ്യൻ സമൂഹത്തെ അപേക്ഷിച്ച് മുസ്‌ലിം കുടുംബങ്ങളിൽ കാണുന്ന സമാധാനാന്തരീക്ഷവുമാണ് അവരെ കൂടുതൽ ആകർഷിക്കുന്ന ഘടകം. ആത്മീയ സമാധാനമാണ് അവർ തേടുന്നത്. മതരാഷ്ട്ര വാദികളും മതതീവ്ര വാദികളും അവരുടെ ജിഹാദിലധിഷ്ഠിതമായ രാഷ്ട്രീയ ഇസ്‌ലാമിന്റെ ദുർമുഖം പ്രദർശിപ്പിച്ചാൽ വന്ന വേഗത്തിൽ തന്നെ അവർ ഇസ്‌ലാമിനോട് വിടപറയാനും മതി.

ഏതായാലും ഇസ്‌ലാമിക ചരിത്രം പരിശോധിച്ചാൽ ഇസ്‌ലാമിനെ എതിർത്തവരെ ഇസ്‌ലാം കീഴ്പ്പെടുത്തുന്ന നിരവധി വിസ്മയകരമായ ചരിത്ര സന്ദർഭങ്ങൾ ഇസ്‌ലാമിക ചരിത്രത്തിൽ ദൃശ്യമാണ്. ഹദ്റത്ത് ഉമറി(റ)ൽ നിന്നും അത് തുടങ്ങുന്നു. ഊരിപ്പിടിച്ച വാളുമായി റസൂൽ തിരുമേനി(സ)യെ വധിക്കാൻ ഇറങ്ങി പുറപ്പെട്ട ഹദ്റത്ത് ഉമർ (റ) അവസാനം റസൂൽ തിരുമേനി(സ)ക്ക് വേണ്ടി ജീവൻ ബലി നൽകാൻ പോലും തയ്യാറായ അവിടുത്തെ ഭക്തശിഷ്യനായി മാറുകയാണുണ്ടായത്. ഇസ്‌ലാമിക ഖിലാഫത്തിന്റെ ആസ്ഥാനമായിരുന്ന ബാഗ്ദാദ് തകർത്ത് യൂഫ്രട്ടീസ് നദിയെ ചെഞ്ചായമണിയിച്ച ജെങ്കിസ് ഖാന്റെയും ഹല്ലാക്കുഖാന്റേയും പിന്മുറക്കാരെ സ്വന്തം അനുയായികളും ആജ്ഞാനുവർത്തികളുമാക്കിയ ഇസ്‌ലാം. അതിനെ എതിർക്കുന്നവരെ സ്വന്തം അനുയായിയാക്കിമാറ്റുന്ന അദ്ഭുതം കാഴ്ച്ചവച്ച മതമാണ്. കളവും വ്യാജവും പരത്തി ഇസ്‌ലാമിനെ നിന്ദിക്കാൻ ശ്രമിച്ച പാശ്ചാത്യ ലോകത്തിന്റെ ഗൂഢതന്ത്രം ഇസ്‌ലാമിന്റെ സത്യത്തിന് മുമ്പിൽ തകർന്ന് തരിപ്പണമാകുക തന്നെ ചെയ്യും. ഖുർആൻ റസൂൽ തിരുമേനി(സ)യുടെ ശത്രുക്കളെ പറ്റി പറഞ്ഞ സത്യം ഇവിടെ സ്മരണീയമാണ്.അതായത് റസൂൽ തുരുമേനിയെ എതിർക്കുന്നവർക്ക് പരമ്പരകളുണ്ടാവില്ല എന്ന്. '***നിശ്ചയമായും നിന്റെ ശത്രുക്കളാണ് സന്താന രഹിതൻ' ( 108:4)***

പാശ്ചാത്യ ലോകത്തിന്റെ ഈ പരിവർത്തർത്തനത്തിന് അഹ്മദിയ്യാ ജമാഅത്തിന്റെ സാഹിത്യങ്ങൾ നൽകികൊണ്ടിരിക്കുന്ന പങ്ക് നിസ്തുലമാണ്. ലോകത്തിനാകെ കാരുണ്യമായും മഹത്തായ സ്വഭാവഗുണത്തോടുംകൂടി അവതരിച്ച റസൂൽതിരുമേനി(സ)യുടെ ജീവിത മാതൃക ലോകത്തിന് പരിചയപ്പെടുത്തുകയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകനായ വാഗ്ദത്ത മസീഹിന്റെ ദൗത്യം. അതിന്റെ നേരിയ ഫലങ്ങളാണ് ഇപ്പോൾ ദൃശ്യമാവുന്നത്. സമാധാനത്തിനോടും സത്യത്തോടും ആഭിമുഖ്യമുള്ള ധൈഷണിക പ്രബുദ്ധരായ യൂറോപ്യൻ സമൂഹം അവരുടെ ആത്മീയമായ അന്വേഷണം അവസാനം അഹ്മദിയ്യത്തിലായിരിക്കും എത്തിചേരുക എന്ന കാര്യത്തിൽ സംശയമില്ല. അവസാനകാലം സൂര്യൻ പടിഞ്ഞാറുനിന്നുദിക്കും അഥവാ ഇസ്‌ലാം വർധിത പ്രഭാവത്തോടെ പശ്ചാത്യ ദേശത്ത് നിന്നും ലോകത്ത് പ്രഭ ചൊരിയും എന്ന റസൂൽ തിരുമേനി(സ)യുടെ പ്രവചനത്തിന്റെ പൂർത്തീകരണത്തിന് ഇത്തരം ചലനങ്ങൾ നാന്ദിയാകട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.



**ഫർസാൻ ലത്തീഫ്**

INTACH (Indian National Trust for Art and Cultural Heritage) കണ്ടൽക്കാടുകളെ പറ്റി പരിസ്ഥിതി സംബന്ധമായി നടത്തിയ ഉപന്യാസ മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഫർസാൻ ലത്തീഫ്. കോഴിക്കോട് ജമാഅത്തിലെ അബ്ദുൽ ലത്തീഫ് സാഹിബിന്റെയും സുബൈദ സാഹിബയുടെയും മകനാണ്. കഴിഞ്ഞ വർഷം SSSLC പരീക്ഷയിൽ എല്ലാ വിഷയത്തിനും A+ വാങ്ങിയ ഫർസാൻ കോഴിക്കോട് ജമാഅത്തിലെ അത്ഫാൽ അഹ്മദിയ്യായുടെ നായിബ് നാസിം കൂടിയാണ്.



**കാഹിൻ ശക്കീർ**

കോഴിക്കോട് സെന്റ് ജോസഫ് ബോയ്സ് ഹൈസ്കൂളിൽ പഠിക്കുന്ന കാഹിൻ ശക്കീർ ഈ വർഷത്തെ SSLC പരീക്ഷയിൽ എല്ലാ വിഷയത്തിനും A+ വാങ്ങി. കോഴിക്കോട് ജമാഅത്തിലെ കെ. എം. മുഹമ്മദ് റഫീഖ് സാഹിബിന്റെയും ആയിശാ സാഹിബയുടെയും മകനാണ്.

www.alislam.org

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വാർഷിക സമ്മേളനങ്ങൾ

**യു.എസ്.എ സമ്മേളനം** (2013 ജൂൺ 28,29,30)

**കാനഡ സമ്മേളനം** (2013 ജൂലൈ 5, 6, 7)

**യു.കെ. സമ്മേളനം** (2013 ആഗസ്റ്റ് 30,31 സെപ്:1)

**ഖാദിയാൻ** (2013 ഡിസംബർ 27,28,29)


**മജ്‌ലിസ് ശൂറാ** (2014 ഫെബ്രുവരി 22,23)



മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യ എറണാകുളം മേഖല, ക്യാൻസർ രോഗ ബാധിതരുടെ കുട്ടികൾക്കായി നടത്തിയ പഠനോപകരണ വിതരണത്തിന്റെ ഉദ്ഘാടനം മേഖല അമീർ ബി. ബി. അഹ്‌മദ് കബീർ സാഹിബ് നിർവഹിക്കുന്നു.



മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യ സൗത്ത് കേരള കരുനാഗപ്പള്ളിയിൽ സംഘടിപ്പിച്ച അത്ഫാൽ ക്യാമ്പിൽ തിരുവനന്തപുര മേഖല അമീർ അഹ്‌മദ് ശരീഫ് സാഹിബ് സമ്മാനവിതരണം നിർവഹിക്കുന്നു




ഖുദ്ദാമുൽ അഹ്‌മദിയ്യാ മഞ്ചേശ്വരം, ഹോസംഗഡി ടൗണിൽ നടത്തിയ ബുക്ക് സ്റ്റാൾ

## അനുസ്മരണം



## എ. ശാഹുൽ ഹമീദ് സാഹിബ്

പാലക്കാട് ജില്ലയിലെ കാവശ്ശേരി ജമാഅത്ത് മുൻ പ്രസിഡന്റ് എ. ശാഹുൽ ഹമീദ് സാഹിബ് (84) 28. 4. 2013 ന് ഞായറാഴ്ച്ച നിര്യാതനായി ഇന്നാ ലില്ലാഹി.........

1954 ലാണ് ബൈയ്യത്ത് ചെയ്തത്. സാമൂഹിക ബഹിഷ്ക്കരണം ഉൾപ്പെടെ ത്യാഗപൂർണമായ ജീവിതത്തിലൂടെ ആലത്തൂർ താലൂക്കിൽ ജമാഅത്ത് സ്ഥാപിച്ചതിൽ ഹമീദ് സാഹിബ് പ്രമുഖ പങ്കാണ് വഹിച്ചത്. നിരന്തരമായ വായനയിലൂടെ ആർജിച്ചെടുത്ത വിജ്ഞാനം അദ്ദേഹത്തെ വിദഗ്ദനായ ഒരു ഒരു സംവാദ മർമജ്ഞനാക്കിമാറ്റിയിരുന്നു. ജീവിത വ്രതം പോലെ ജമാഅത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. 1962 ലെ ബഹിഷ്ക്കരണ വേളയിൽ ഹദ്റത്ത് മൗലാന അബ്ദുല്ലാ സാഹിബും ഏതാനും സുഹൃത്തുക്കളും വന്ന് അദ്ദേഹത്തിന് ആത്മ ധൈര്യം പകരുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ പൗത്രനും അഹ്‌മദിയ്യാ ജമാത്തിന്റെ നാസിർ അഅ്‌ലായു മായിരുന്ന ഹദ്റത്ത് മിർസാ വസിം അഹ്‌മദ് സാഹിബ്(റഹ്) 1979 ൽ ഹമീദ് സാഹിബിന്റെ വീട് സന്ദർശിക്കുകയുണ്ടായി. വീണ്ടും രണ്ട് തവണ അദ്ദേഹം കാവശ്ശേരി സന്ദർശിക്കുകയും പള്ളിക്ക് തറക്കല്ലിടുകയും ചെയ്തു. 81, 82 ൽ അദ്ദേഹത്തിന്റെ പരിശ്രമ ഫലമായി 40 ലേറെ പേർ ബൈയ്യത്ത് ചെയ്തു. 1982 ഏപ്രിൽ 2 ന് ജമാഅത്ത് രൂപീകരിക്കപ്പെടുകയും ഖബർസ്ഥാൻ സ്ഥാപിക്കുകയും ചെയ്തു.

ചേലക്കര ജമാത്തിലെ പി. പി ഫാത്തിമ സാഹിബയാണ് ഭാര്യ മക്കൾ: എച്ച്. സൈനബ, എച്ച്. സുലൈമാൻ (പ്രസിഡന്റ് കാവശ്ശേരി, അദ്ധ്യാപകൻ) എച്ച്. ബശീർ അഹ്‌മദ്, എച്ച്. മഹ്‌മൂദ് അഹ്‌മദ് (ഇരുവരും ഗൾഫ്) മൗലവി എച്ച്. ശംസുദ്ദീൻ, (മുബല്ലിഗ് ദഅ്‌വത്ത് ഇലല്ലാഹ്) മൗലവി എച്ച്. നാസിറുദ്ദീൻ ( മുബല്ലിഗ് ആന്ധ്രാ പ്രദേശ്). മരുമക്കൾ: മൗലവി ടി. എം മുഹമ്മദ് (മുബല്ലിഗ്, കണ്ണൂർ), ജമീല, നസീറ, ഫാത്തിമ, ബു ശ്റ, താഹിറ. ചേലക്കര ജമാഅത്തിലെ ബീപാത്തുമ്മയാണ് ആദ്യ ഭാര്യ. അവർ പ്രസവത്തെ തുടർന്ന് മരണപ്പെടുകയാണുണ്ടായത്. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ, ആമീൻ

-അബൂലുഖ്മാൻ

2013 June

Vol: 85 Issue.6
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
**The Sathyadoothan Monthly**



ഉടൻ പുറത്തിറങ്ങുന്നു

# ഇസ്‌ലാമും സമകാലീനപ്രശ്നങ്ങളും

ഗ്രന്ഥ കർത്താ **ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
(ഖലീഫത്തുൽ മസീഹ് നാലാമൻ)

വിവ: എ. എം മുഹമ്മദ് സലീം
**പ്രസാ: മജിസ് അൻസാറുല്ലാഹ്, കേരള**

മുസ്‌ലിം മത യാഥാസ്ഥിതിക വീക്ഷണങ്ങളെ സമൂലം തിരുത്തിക്കുറിച്ചു കൊണ്ട് ദൈവിക വചനങ്ങളിലെ വിസ്മയകരമായ യുക്തിയും നീതിയും പ്രമാണമാക്കി സമകാലീനലോക പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന അത്യപൂർവ്വവും ഉജ്ജ്വലവുമായ കൃതി. മുസ്‌ലിം ചിന്തകന്മാർ വഴിമുട്ടി നിൽക്കുന്ന ആധുനിക സമസ്യകൾക്ക് വിശുദ്ധ ഖുർആനും നബി ചര്യയും നബി വചനങ്ങളും ആധാരമാക്കിയുള്ള അനിഷേധ്യമായ ഉത്തരങ്ങൾ!!

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)